www.malankaralibrary.com

# വചനമുത്തുകൾ



റവ. ഡോ. കുര്യൻ വാലുപറമ്പിൽ
സമ്പാദകൻ

www.malankaralibrary.com

# വചനമുത്തുകൾ

ഡോ. കുര്യൻ വാലുപറമ്പിൽ
(സമ്പാദകൻ)

www.malankaralibrary.com

***Vacanamuttukal***

| | |
|---|---|
| *Compiler* | : Rev. Dr. Kurian Valuparampil |
| *Published by* | : Rev. Dr. Kurian Valuparampil |
| *Copyright* | : Compiler |
| *Cover Design* | : Gratia, Kalathipady, Kottayam-10 |
| *DTP & Typesetting* | : Surya Printers, Nalanchira |
| *Printed at* | : Surya Printers, Nalanchira |
| *Price* | : Rs. 46/- |
| *Year of Publication* | : 2004 |

www.malankaralibrary.com

# ഉള്ളടക്കം


| | | | |
|---|---|---|---|
| ഉള്ളടക്കം | | | iii |
| ആമുഖം | | | v |
| 1. | ദൈവം | | 1 |
| | 1എ. | ദൈവം ത്രിതൈ്വകം: പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരു ദൈവം | 5 |
| | 1ബി. | പിതാവ് | 6 |
| | 1സി. | പുത്രൻ | 7 |
| | 1ഡി. | പരിശുദ്ധാത്മാവ് | 10 |
| 2. | മനുഷ്യൻ | | 14 |
| 3. | സഭ | | 16 |
| 4. | മാമോദീസാ | | 18 |
| | ശിശുസ്നാനം | | 21 |
| 5. | മൂറോനഭിഷേകം | | 22 |
| 6. | വിശുദ്ധകുർബ്ബാന | | 22 |
| | ഫലങ്ങൾ | | 24 |
| 7. | കുമ്പസാരം | | 25 |
| 8. | രോഗികളുടെ തൈലാഭിഷേകം | | 27 |
| 9. | പൗരോഹിത്യം | | 27 |
| 10. | വിവാഹം | | 29 |
| | 10എ. | മാതാപിതാക്കന്മാർ | 31 |
| | 10ബി. | മക്കൾ | 31 |
| 11. | കന്യാത്വം | | 33 |
| 12. | സ്വർഗം/സ്വർഗരാജ്യം/ദൈവരാജ്യം | | 35 |
| 13. | നിത്യജീവൻ | | 39 |
| 14. | മരണം | | 41 |

www.malankaralibrary.com




| | | |
|---|---|---|
| 15. | പാപം | 44 |
| 16. | നരകം | 46 |
| 17. | സ്നേഹം | 47 |
| 18. | വിശ്വാസം | 50 |
| 19. | ശരണം/പ്രത്യാശ | 53 |
| 20. | രക്ഷ | 54 |
| 21. | സമാധാനം | 57 |
| 22. | ക്ഷമ | 58 |
| 23. | താഴ്മ/എളിമ | 60 |
| 24. | അനുസരണം | 62 |
| 25. | ദൈവഭക്തി | 63 |
| 26. | ദൈവവചനം | 64 |
| 27. | ഉപവാസവും നോമ്പും | 66 |
| 28. | പ്രാർത്ഥന | 68 |
| | 28എ. ധ്യാനം | 72 |
| | 28ബി. മദ്ധ്യസ്ഥപ്രാർത്ഥന | 73 |
| | 28സി. മരിച്ചവർക്കുവേണ്ടിയും മരിച്ചുപോയവരുടെയും മദ്ധ്യസ്ഥപ്രാർത്ഥന | 74 |
| 29. | ദാനധർമ്മം | 76 |
| 30. | കർത്താവിന്റെ ദിവസം | 77 |
| 31. | സമ്പത്ത് | 80 |
| 32. | കൃപ | 83 |
| 33. | സത്യം | 84 |
| 34. | പുനരാഗമനവും ന്യായവിധിയും | 87 |

www.malankaralibrary.com

# ആമുഖം

വചനശുശ്രൂഷയുടെ വസന്തമാണിപ്പോൾ. ബൈബിൾ അതീവ ശ്രദ്ധയോടെ പാരായണം ചെയ്യാനും പഠിക്കാനും പരിചിന്തനവിഷയമാക്കാനുമുള്ള താൽപര്യം വിശ്വാസികളിൽ അത്യപൂർവ്വമായി വളർന്നുകൊണ്ടിരിക്കുന്നു. ഈ പുത്തനുണർവ് കേരളസഭയിൽ അതിശക്തമാണ്. ബൈബിളിലെ ഓരോ ഗ്രന്ഥത്തിലെയും വചനങ്ങൾ കൃത്യമായി പഠിക്കാനുള്ള മഹത്യജ്ഞത്തിൽ തുടർച്ചയായി ഏർപ്പെട്ടിരിക്കുന്ന മലയാളികൾ ലക്ഷക്കണക്കിനാണല്ലോ. അനേകം സാധാരണവിശ്വാസികൾ വചനപ്രഘോഷണം നടത്തുന്നു. പതിനായിരങ്ങൾ ശ്രോതാക്കളാകുന്നു. വചനശുശ്രൂഷയുടെ വിവിധങ്ങളായ വഴികളിൽ ഉത്സുകരായി യാത്ര ചെയ്യുന്നവർക്ക് എളിയൊരു കൈത്താങ്ങായി സംവിധാനം ചെയ്തതാണ് ***വചനമുത്തുകൾ.***

ക്രിസ്തീയ വിശ്വാസത്തിന്റെ ഉള്ളടക്കത്തിന്റെ ചില വശങ്ങളെ (വിഷയങ്ങളെ എന്നു പറയാം) ആവിഷ്കരിക്കുന്നവയും ആവിഷ്കരിക്കാൻ സഹായിക്കുന്നവയും സാധൂകരിക്കുന്നവയുമായ വേദവാക്യങ്ങളിൽ പ്രധാനമായവ വിഷയം തിരിച്ച് സമാഹരിച്ചിരിക്കുകയാണ് ഈ ഗ്രന്ഥത്തിൽ. വിഷയക്രമം ഇങ്ങനെ: ഒന്നാം ശീർഷകം "ദൈവം" അവസാനശീർഷകം "പുനരാഗമനവും ന്യായവിധിയും." "ദൈവ"ത്തിൽ തുടങ്ങി മനുഷ്യൻ, സഭ, കൂദാശകൾ എന്നിവയിലൂടെ പുരോഗമിച്ച് കർത്താവിന്റെ പുനരാഗമനത്തിൽ പൂർണ്ണമാകുന്ന ഒരു വിഷയ ക്രമീകരണം സ്വീകരിച്ചിട്ടുണ്ട്. മുപ്പത്തിനാല് പ്രധാനശീർഷകങ്ങളിലാണ് വിഷയങ്ങൾ ക്രമീകരിച്ചിരിക്കുക. ചിലതിന് ഉപവിഷയങ്ങളായി ക്രമീകരിച്ചവയുമുണ്ട്. ഉദാഹരണത്തിന് "മാതാപിതാക്കന്മാർ," "മക്കൾ" മുതലായ വിഷയങ്ങൾ "വിവാഹം" എന്ന വിഷയത്തിന്റെ ഉപവിഷയങ്ങളായാണ്. ചിലയിടങ്ങളിൽ പ്രസക്തമായ വേദഭാഗങ്ങളുടെ ചുരുക്കം നൽകുന്നു.

വിഷയം ആധാരമാക്കിയ വേദവാക്യസംവിധാനം വേദവാക്കിന്റെ പ്രഘോഷകർക്കും പഠിതാക്കൾക്കും അദ്ധ്യാപകർക്കും കാര്യമായി ഉപകരിക്കും. ധ്യാനത്തിനും പ്രസംഗത്തിനും തയ്യാറാകാൻ നല്ല സഹായമായിരിക്കും ഈ ഗ്രന്ഥം.

www.malankaralibrary.com



വേദവാക്യങ്ങൾ ഉദ്ധരിച്ചിട്ടുള്ളത് പി. ഒ. സി. ബൈബിളിൽ നിന്നാണ്. ***വചനമുത്തുകൾ*** ഒരുക്കാനും പ്രസിദ്ധീകരിക്കാനും സഹായിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

ഫാദർ കുര്യൻ വാലുപറമ്പിൽ
റ്റി. സി. 10/1220, കോട്ടമുകൾ
നാലാഞ്ചിറ പി. ഒ.
തിരുവനന്തപുരം - 695 015
ഫോൺ : 0471-2532442

തിരുവനന്തപുരം
ജനുവരി 28, 2004
(സുറിയാനി സഭാപിതാവും വേദവ്യാഖ്യാതാവുമായ
മാർ അപ്രേമിന്റെ തിരുനാൾ)

www.malankaralibrary.com



# 1. ദൈവം

1. ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹമാണ്. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും വസിക്കുന്നു (1 യോഹ 4,16).
2. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു (ഉൽപ 1,1).
3. ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല (ലൂക്കാ 1,37).
4. ഹാ! ദൈവത്തിന്റെ സമ്പത്തിന്റെയും അറിവിന്റെയും ജ്ഞാനം ആഴം! അവിടുത്തെ വിധികൾ എത്ര ദുർജ്ഞേയം! അവിടുത്തെ മാർഗ്ഗങ്ങൾ എത്ര ദുർഗ്രഹം! (റോമ 11,33).
5. കർത്താവ് വലിയവനും അത്യന്തം സ്തുത്യർഹനുമാണ്; അവിടുത്തെ മഹത്വം അഗ്രാഹ്യമാണ് (സങ്കീ 145,3).
6. ഭൂമിയും അതിലെ സകല വസ്തുക്കളും ഭൂതലവും അതിലെ അതിലെ നിവാസികളും കർത്താവിന്റേതാണ് (സങ്കീ 24,1).
7. ഓരോ വീടിനും നിർമ്മാതാവുണ്ടല്ലോ. എന്നാൽ സകലതിന്റെയും നിർമ്മാതാവ് ദൈവമാണ് (ഹെബ്രാ 3,4).
8. നിന്റെ സ്രഷ്ടാവാണു നിന്റെ ഭർത്താവ്. സൈന്യങ്ങളുടെ കർത്താവ് എന്നാണ് അവിടുത്തെ നാമം. ഇസ്രായേലിന്റെ പരിശുദ്ധനാണ് നിന്റെ വിമോചകൻ. ഭൂമി മുഴുവന്റെയും ദൈവം എന്ന് അവിടുന്നു വിളിക്കപ്പെടുന്നു (ഏശ 54,5).
9. നിങ്ങൾക്ക് അറിഞ്ഞുകൂടേ? നിങ്ങൾ കേട്ടിട്ടില്ലേ? കർത്താവ് നിത്യനായ ദൈവവും ഭൂമി മുഴുവന്റെയും സ്രഷ്ടാവുമാണ്. അവിടുന്ന് ക്ഷീണിക്കുകയോ തളരുകയോ ഇല്ല; അവിടുത്തെ മനസ്സ് അഗ്രാഹ്യമാണ് (ഏശ 40,28).
10. നിങ്ങളുടെ രക്ഷകനും ഇസ്രായേലിന്റെ പരിശുദ്ധനുമായ കർത്താവ് അരുളി ചെയ്യുന്നു: നിങ്ങൾക്കുവേണ്ടി ഞാൻ ബാബിലോണിയയ്ക്ക് ആളയയ്ക്കുകയും എല്ലാ പ്രതിബന്ധങ്ങളും തകർക്കുകയും ചെയ്യും. കൽദ്ദായരുടെ വിജയാട്ടഹാസം വിലാപമായിത്തീരും. ഇസ്രായേലിന്റെ സ്രഷ്ടാവും നിങ്ങളുടെ രാജാവും പരിശുദ്ധനുമായ കർത്താവാണു ഞാൻ (ഏശ 43,14-15).
11. സമുദ്രത്തിൽ വഴി വെട്ടുന്നവനുംപെരുവെള്ളത്തിൽ പാതയൊരുക്കുന്നവനും രഥം, കുതിര, സൈന്യം, പടയാളികൾ എന്നിവ കൊണ്ടുവരുന്നവനുമായ കർത്താവ് അരുളിച്ചെയ്യുന്നു: എഴുന്നേൽക്കാനാവാതെ ഇതാ അവർ കിടക്കുന്നു. അവർ പടുതിരി പോലെ അണഞ്ഞുപോകും (ഏശ 43,17).

www.malankaralibrary.com



12. ഉത്തമവും പൂർണ്ണവുമായ എല്ലാ ദാനങ്ങളും ഉന്നതത്തിൽ നിന്ന്, മാറ്റമോ മാറ്റത്തിന്റെ നിഴലോ ഇല്ലാത്ത പ്രകാശങ്ങളുടെ പിന്നിൽ നിന്ന് വരുന്നു (യാക്കോ 1,17).

13. ഇസ്രായേലേ, കേൾക്കുക: നമ്മുടെ ദൈവമായ കർത്താവ് ഒരേയൊരു കർത്താവാണ് (നിയമ 6,4).

14. എന്തെന്നാൽ, ഒരു ദൈവമേയുള്ളു. ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനായി ഒരുവനേയുള്ളൂ - മനുഷ്യനായ യേശുക്രിസ്തു (1 തിമൊ 2,5).

15. യുഗങ്ങളുടെ രാജാവും അനശ്വരനും അദൃശ്യനുമായ ഏകദൈവത്തിന് എന്നെന്നും ബഹുമാനവും മഹത്വവുമുണ്ടായിരിക്കട്ടെ! ആമേൻ (1 തിമൊ 1,17).

16. ഞാനല്ലാതെ വേറെ ദേവന്മാർ നിനക്കുണ്ടാവരുത് (പുറ 20,3).

17. എന്നാൽ, കരങ്ങളാൽ നിർമ്മിതമായ ഭവനങ്ങളിൽ അത്യുന്നതൻ വസിക്കുന്നില്ല (അപ്പ 7,48).

18. എന്തെന്നാൽ, അവിടുന്നിൽ നാം ജീവിക്കുന്നു; ചരിക്കുന്നു; നിലനിൽക്കുന്നു. നാം അവിടുത്തെ സന്താനങ്ങളാണ് എന്ന് നിങ്ങളുടെ തന്നെ ചില കവികൾ പറഞ്ഞിട്ടുണ്ടല്ലോ (അപ്പ 17,28).

19. കർത്താവിനെപ്പോലെ പരിശുദ്ധനായി മറ്റാരുമില്ല. കർത്താവല്ലാതെ മറ്റാരുമില്ല. നമ്മുടെ ദൈവത്തെപ്പോലെ സുസ്ഥിരമായ ഒരു ആശ്രയമില്ല (1 സാമു 2,2).

20. ഉസിയാരാജാവു മരിച്ച വർഷം കർത്താവ് ഉന്നതമായ ഒരു സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നതു ഞാൻ കണ്ടു. അവിടുത്തെ വസ്ത്രാഞ്ചലം ദേവാലയം മുഴുവൻ നിറഞ്ഞുനിന്നു. അവിടുത്തെ ചുറ്റും സെറാഫുകൾ നിന്നിരുന്നു. അവയ്ക്ക് ആറു ചിറകുകൾ വീതം ഉണ്ടായിരുന്നു. രണ്ടു ചിറകുകൾ കൊണ്ടു മുഖവും രണ്ടെണ്ണം കൊണ്ടു പാദങ്ങളും അവ മറച്ചിരുന്നു. രണ്ടു ചിറകുകൾ പറക്കാനുള്ളവയായിരുന്നു. അവ പരസ്പരം ഉദ്ഘോഷിച്ചുകൊണ്ടിരുന്നു : പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ. ഭൂമി മുഴുവൻ അവിടുത്തെ മഹത്വം നിറഞ്ഞിരിക്കുന്നു. അവയുടെ ശബ്ദഘോഷത്താൽ പൂമുഖത്തിന്റെ അടിസ്ഥാനങ്ങൾ ഇളകുകയും ദേവാലയം ധൂമപൂരിതമാവുകയും ചെയ്തു. ഞാൻ പറഞ്ഞു: എനിക്കു ദുരിതം! ഞാൻ നശിച്ചു. എന്തെന്നാൽ, ഞാൻ അശുദ്ധങ്ങളായ അധരങ്ങളുള്ളവനും അശുദ്ധമായ അധരങ്ങളുള്ളവരുടെ മദ്ധ്യേ വസിക്കുന്നവനുമാണ്. എന്തെന്നാൽ, സൈന്യങ്ങളുടെ കർത്താവായ രാജാവിനെ എന്റെ നയനങ്ങൾ

www.malankaralibrary.com



ദർശിച്ചിരിക്കുന്നു. അപ്പോൾ സെറാഫുകളിലൊന്ന് ബലിപീഠത്തിൽ നിന്ന് കൊടിൽ കൊണ്ട് എടുത്ത ഒരു തീക്കനലുമായി എന്റെ അടുത്തേക്കു പറന്നുവന്നു. അവൻ എന്റെ അധരങ്ങളെ സ്പർശിച്ചിട്ടു പറഞ്ഞു: ഇതു നിന്റെ അധരങ്ങളെ സ്പർശിച്ചിരിക്കുന്നു. നിന്റെ മാലിന്യം നീക്കപ്പെട്ടു; നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു.

അതിനുശേഷം കർത്താവ് അരുളിച്ചെയ്യുന്നതു ഞാൻ കേട്ടു: ആരെയാണ് ഞാൻ അയയ്ക്കുക? ആരാണ് നമുക്കുവേണ്ടി പോവുക? അപ്പോൾ ഞാൻ പറഞ്ഞു: ഇതാ ഞാൻ! എന്നെ അയച്ചാലും! അവിടുന്ന് അരുളിച്ചെയ്തു: പോവുക, ഈ ജനത്തോടു പറയുക. നിങ്ങൾ വീണ്ടും വീണ്ടും കേൾക്കും, മനസ്സിലാക്കുകയില്ല. നിങ്ങൾ വീണ്ടും വീണ്ടും കാണും, ഗ്രഹിക്കുകയില്ല. അവർ കണ്ണുകൊണ്ടു കാണുകയും ചെവികൊണ്ടു കേൾക്കുകയും ഹൃദയം കൊണ്ടു ഗ്രഹിക്കുകയും അങ്ങനെ മാനസാന്തരപ്പെട്ടു സൗഖ്യം പ്രാപിക്കുകയും ചെയ്യാതിരിക്കേണ്ടതിന് അവരുടെ ഹൃദയങ്ങളെ കഠിനമാക്കുകയും ചെവികളെ മന്ദീഭവിപ്പിക്കുകയും കണ്ണുകളെ അന്ധമാക്കുകയും ചെയ്യുക. കർത്താവേ, ഇത് എത്ര നാളത്തേക്ക് എന്നു ഞാൻ ചോദിച്ചു. അവിടുന്ന് അരുളിച്ചെയ്തു: നഗരങ്ങൾ ജനവാസമില്ലാതെയും ഭവനങ്ങൾ ആൾപ്പാർപ്പില്ലാതെയും ശൂന്യമായി, ദേശം മുഴുവൻ വിജനമായിത്തീരുന്നതുവരെ. കർത്താവ് ജനത്തെ വിദൂരത്തേക്ക് ഓടിക്കുകയും ദേശത്തിന്റെ മദ്ധ്യത്തിൽ നിർജ്ജനപ്രദേശങ്ങൾ ധാരാളമാവുകയും ചെയ്യുന്നതുവരെ. അതിൽ ഒരു ദശാംശമെങ്കിലും അവശേഷിച്ചാൽ അവ വീണ്ടും അഗ്നിക്കിരയാകും. ടർപ്പെന്റൈൻ വൃക്ഷമോ കരുവേലകമോ വെട്ടിയാൽ അതിന്റെ കുറ്റി നിൽക്കുന്നതുപോലെ അത് അവശേഷിക്കും. ഈ കുറ്റി വിശുദ്ധബീജം ആയിരിക്കും (ഏശ 6).

21. എന്തെന്നാൽ, നിങ്ങളുടെ ദൈവമായ കർത്താവ് ദഹിപ്പിക്കുന്ന അഗ്നിയാണ്; അസഹിഷ്ണുവായ ദൈവമാണ് (നിയമ 4, 24).

22. ഇതാണ് നിങ്ങൾ അവനിൽനിന്നു കേൾക്കുകയും നിങ്ങളോടു പ്രഖ്യാപിക്കുകയും ചെയ്യുന്ന സന്ദേശം: ദൈവം പ്രകാശമാണ് (1 യോഹ 1,5).

23. എന്നാൽ കർത്താവാണ് സത്യദൈവം: ജീവിക്കുന്ന ദൈവവും നിത്യനായ ആത്മാവും അവിടുന്ന് മാത്രം. അവിടുത്തെ ഉഗ്രകോപത്തിൽ ഭൂമി നടുങ്ങുന്നു. അവിടുത്തെ കോപം താങ്ങാൻ ജനതകൾക്കാവില്ല (ജറെ 10,10).

24. കർത്താവ് നല്ലവനും നീതിമാനുമാണ്. പാപികൾക്ക് അവിടുന്നു നേർവഴി കാട്ടുന്നു (സങ്കീ 25,8).

www.malankaralibrary.com



25. അവന്റെ നാളുകളിൽ യൂദാ രക്ഷിക്കപ്പെടും; ഇസ്രായേൽ സുരക്ഷിതമായിരിക്കും. കർത്താവാണു ഞങ്ങളുടെ നീതി എന്ന പേരിലായിരിക്കും അവൻ അറിയപ്പെടുക (ജറെ 23,6).

26. അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത് (യോഹ 4,24).

27. കർത്താവ് ആത്മാവാണ് (2 കോറി 3,17).

28. കർത്താവ് എന്റെ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാവുകയില്ല (സങ്കീ 23,1).

29. കർത്താവ് എന്റെ ബലവും ഗാനവുമാണ്. അവിടുന്ന് എനിക്കു രക്ഷ നൽകി (സങ്കീ 118,4).

30. നിത്യനായ ദൈവം നിന്റെ അഭയം; താങ്ങാൻ ശാശ്വത ഹസ്തങ്ങൾ; അവിടുന്ന് നിന്റെ ശത്രുവിനെ തട്ടിമാറ്റും. സംഹരിക്കൂ! അവിടുന്നു പറയും (നിയമ 33,27).

31. ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്നു നമുക്കറിയാമല്ലോ (റോമ 8,28).

32. പിതാവിന് മക്കളോടെന്നപോലെ കർത്താവിന് തന്റെ മക്കളോട് അലിവു തോന്നുന്നു (സങ്കീ 103,13).

33. എന്നെ സ്നേഹിക്കുന്നവരെ ഞാനും സ്നേഹിക്കുന്നു; ജാഗരൂകതയോടെ അന്വേഷിക്കുന്നവർ എന്നെ കണ്ടെത്തുന്നു (സുഭാ 8,17).

34. അതുകൊണ്ട് ദൈവത്തിന്റെ കാരുണ്യവും കാഠിന്യവും നിന്റെ ശ്രദ്ധയിലിരിക്കട്ടെ. വീണവനോടു കാരുണ്യവും, ദൈവത്തിന്റെ കൃപയിൽ നിലനിന്നാൽ നിന്നോടു കാരുണ്യവും അവിടുന്നു കാണിക്കും. അല്ലെങ്കിൽ, നീയും മുറിച്ചു നീക്കപ്പെടും (റോമ 11, 22)

35. ഹാ! ദൈവത്തിന്റെ സമ്പത്തിന്റെയും ജ്ഞാനത്തിന്റെയും അറിവിന്റെയും ആഴം! അവിടുത്തെ വിധികൾ എത്ര ദുർജ്ഞേയം! അവിടുത്തെ മാർഗങ്ങൾ എത്ര ദുർഗ്രഹം! (റോമ 11,33).

36. പത്രോസ് അവരോടു സംസാരിച്ചു തുടങ്ങി: സത്യമായും ദൈവത്തിനു പക്ഷപാതമില്ലെന്നും അവിടുത്തെ ഭയപ്പെടുകയും നീതി പ്രവർത്തിക്കുകയും ചെയ്യുന്ന ആരും, ഏതു ജനതയിൽപ്പെട്ടവനായാലും, അവിടുത്തേക്കു സ്വീകാര്യനാണെന്നും ഞാൻ സത്യമായി അറിയുന്നു (അപ്പ 10,34-35).

37. അവൻ (യേശുക്രിസ്തു) അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപവും എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനുമാണ് (കൊളൊ 1,15).

www.malankaralibrary.com



38. ഏകദൈവമായ അവിടുത്തെയും അങ്ങ് അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ (യോഹ 17,3).

## 1എ. ദൈവം ത്രിതൈ്വകം: പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരു ദൈവം

39. ജനം സ്നാനം സ്വീകരിച്ചുകൊണ്ടിരിക്കുമ്പോൾ യേശുവും വന്നു സ്നാനമേറ്റു. അവൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെ മേൽ ഇറങ്ങി വന്നു. സ്വർഗ്ഗത്തിൽ നിന്ന് ഒരു സ്വരവും ഉണ്ടായി: നീ എന്റെ പ്രിയപുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു (ലൂക്കാ 3,21-22).

40. അപ്പോൾ മേഘത്തിൽ നിന്ന് ഒരു സ്വരം കേട്ടു: ഇവൻ എന്റെ പുത്രൻ, എന്റെ തിരഞ്ഞെടുക്കപ്പെട്ടവൻ; അവന്റെ വാക്കു ശ്രവിക്കുവിൻ (ലൂക്കാ 9,35).

41. ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നുവെന്ന് ഒരു സ്വരം സ്വർഗ്ഗത്തിൽ നിന്നു കേട്ടു (മത്താ 3,17).

42. വെള്ളത്തിൽ നിന്നു കയറുമ്പോൾ പെട്ടെന്ന് ആകാശം പിളരുന്നതും ആത്മാവ് പ്രാവിന്റെ രൂപത്തിൽ തന്റെ മേൽ ഇറങ്ങിവരുന്നതും അവൻ (യേശു) കണ്ടു. സ്വർഗ്ഗത്തിൽ നിന്ന് ഒരു സ്വരമുണ്ടായി: നീ എന്റെ പ്രിയപുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു (മർക്കോ 1,10-11).

43. ഞാൻ പിതാവിനോടു അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടു കൂടെയിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്നു നിങ്ങൾക്കു തരികയും ചെയ്യും (യോഹ 14,16).

44. ഞാൻ പിതാവിന്റെ അടുത്തുനിന്ന് അയയ്ക്കുന്ന സഹായകൻ, പിതാവിൽ നിന്നു പുറപ്പെടുന്ന ആ സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ചു സാക്ഷ്യം നൽകും (യോഹ 15,26).

45. ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ (മത്താ 28,19).

46. പരിശുദ്ധാത്മാവിനാൽ ദൈവത്തിന്റെ വാസസ്ഥലമായി നിങ്ങളും അവനിൽ പരിണയപ്പെട്ടുകൊണ്ടിരിക്കുന്നു (എഫേ 2,22).

47. ദൈവാത്മാവ് മുഖേന സംസാരിക്കുന്നവരാരും യേശു ശപിക്കപ്പെട്ടവനാണ് എന്ന് ഒരിക്കലും പറയുകയില്ലെന്നും യേശു കർത്താവാണ് എന്നു പറയാൻ പരിശുദ്ധാത്മാവു മുഖേനയല്ലാതെ ആർക്കും സാധിക്കുകയില്ലെന്നും നിങ്ങൾ ഗ്രഹിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു (1 കോറി 12,3).

www.malankaralibrary.com



48. കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ! (2 കോറി 13,14).

## 1ബി. പിതാവ്

49. ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവം തന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത് (യോഹ 1,18).

50. എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ 3,16).

51. ലോകത്തെയോ ലോകത്തിലുള്ള വസ്തുക്കളെയോ നിങ്ങൾ സ്നേഹിക്കരുത്. ആരെങ്കിലും ലോകത്തെ സ്നേഹിച്ചാൽ പിതാവിന്റെ സ്നേഹം അവരിൽ ഉണ്ടായിരിക്കുകയില്ല (1 യോഹ 2,15).

52. സകലത്തിലുമുപരിയും സകലത്തിലൂടെയും സകലതിലും വർത്തിക്കുന്നവനും നമ്മുടെയെല്ലാം പിതാവുമായ ദൈവം ഒരുവൻ മാത്രം (എഫേ 4,6).

53. എന്നാൽ യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. അല്ല, അത് ഇപ്പോൾത്തന്നെയാണ്. യഥാർത്ഥത്തിൽ അങ്ങനെയുള്ള ആരാധകരെത്തന്നെയാണ് പിതാവ് അന്വേഷിക്കുന്നതും (യോഹ 4, 23).

54. ഞാനും പിതാവും ഒന്നാണ് (യോഹ 10,30).

55. ഞാൻ പിതാവിലും പിതാവ് എന്നിലും ആണെന്ന് ഞാൻ പറയുന്നത് വിശ്വസിക്കുവിൻ. അല്ലെങ്കിൽ പ്രവൃത്തികൾ മൂലം വിശ്വസിക്കുവിൻ (യോഹ 14,11).

56. ജീവിക്കുന്നവനായ പിതാവ് എന്നെ അയച്ചു; ഞാൻ പിതാവുമൂലം ജീവിക്കുന്നു. അതുപോലെ എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും (യോഹ 6,57).

57. എന്റെ പിതാവിന്റെ ഭവനത്തിൽ ധാരാളം വാസസ്ഥലങ്ങളുണ്ട്. ഇല്ലായിരുന്നെങ്കിൽ നിങ്ങൾക്ക് സ്ഥലമൊരുക്കാൻ പോകുന്നു എന്നു ഞാൻ നിങ്ങളോടു പറയുമായിരുന്നോ? (യോഹ 14,2).

58. നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ (മത്താ 5,48).

www.malankaralibrary.com



59. പിതാവേ, അങ്ങേയ്ക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകറ്റണമെ. എങ്കിലും എന്റെ ഹിതമല്ല. അവിടുത്തെ ഹിതം നിറവേറട്ടെ! (ലൂക്കാ 22,42).

60. അവൻ അവരോടൊപ്പം ഭക്ഷണത്തിന് ഇരിക്കുമ്പോൾ കല്പിച്ചു: നിങ്ങൾ ജറുസലേം വിട്ടുപോകരുത്. എന്നിൽ നിന്നുകേട്ട പിതാവിന്റെ വാഗ്ദാനം കാത്തിരിക്കുവിൻ (അപ്പ 1,4).

61. അപ്രകാരം, മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ (മത്താ 5,26).

62. എന്നാൽ നീ ഉപവസിക്കുന്നത് അദൃശ്യനായ പിതാവല്ലാതെ മറ്റാരും കാണാതിരിക്കുന്നതിന് ശിരസിൽ തൈലം പുരട്ടുകയും മുഖം കഴുകുകയും ചെയ്യുക. രഹസ്യങ്ങൾ അറിയുന്ന പിതാവ് നിങ്ങൾക്ക് പ്രതിഫലം നൽകും (മത്താ 10,32).

63. മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്നവനെ എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും (മത്താ 10,32).

64. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെ എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപ്പറയും (മത്താ 10,33).

65. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവും, കരുണയുടെ പിതാവും സകല സമാശ്വാസത്തിന്റെയും ദൈവവുമായവൻ വാഴ്ത്തപ്പെടട്ടെ! (2 കോറി 1,3).

## 1സി. പുത്രൻ

65. യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അബ്രഹാം ഉണ്ടാകുന്നതിനു മുമ്പ് ഞാൻ ഉണ്ട് (യോഹ 8,58).

66. അവനാണ് എല്ലാറ്റിനും മുമ്പുള്ളവൻ; അവനിൽ സമസ്തവും സ്ഥിതി ചെയ്യുന്നു (കൊളോ 1, 17).

67. ഏതു ദൂതനോടാണ് നീ എന്റെ പുത്രനാണ്; ഇന്നു ഞാൻ നിനക്കു ജന്മമേകി എന്നും ഞാൻ അവനു പിതാവും അവൻ എനിക്കു പുത്രനുമായിരിക്കും എന്നും ദൈവം അരുളിച്ചെയ്തിട്ടുള്ളത് (ഹെബ്രാ 1,5).

68. അപ്പോൾ മേഘത്തിൽ നിന്ന് ഒരു സ്വരം കേട്ടു: ഇവൻ എന്റെ പുത്രൻ, എന്റെ തെരഞ്ഞെടുക്കപ്പെട്ടവൻ അവന്റെ വാക്കു ശ്രവിക്കുവിൻ (ലൂക്കാ 9,35).

69. യേശുക്രിസ്തു ഇന്നും എന്നും ഒരേ ആൾ തന്നെയാണ് (ഹെബ്രാ 13,8).

www.malankaralibrary.com



70. വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു. - കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം (യോഹ 1,14).

71. ദൈവത്തെ ഒരിക്കലും ആരും കണ്ടിട്ടില്ല. ദൈവവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവം തന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത് (യോഹ 1,18).

72. എന്തെന്നാൽ നമുക്ക് ഒരു പുത്രൻ നല്കപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിലായിരിക്കും; വിശ്വസ്തനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും (ഏശ 9,6).

73. തോമസ് പറഞ്ഞു: എന്റെ കർത്താവേ, എന്റെ ദൈവമേ (യോഹ 20,28).

74. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്നു ജനിച്ചിരിക്കുന്നു (ലൂക്കാ 2,11).

75. എന്തെന്നാൽ മനുഷ്യപുത്രൻ സാബത്തിന്റെയും കർത്താവാണ് (മത്താ 12,8).

76. യേശു അവരെ സമീപിച്ച് അരുളിച്ചെയ്തു: സ്വർഗത്തിലും ഭൂമിയിലും ഉള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു (മത്താ 28,18).

77. പിതാവ് പുത്രനെ സ്നേഹിക്കുന്നു. എല്ലാം അവന്റെ കൈകളിൽ ഏൽപ്പിക്കുകയും ചെയ്തിരിക്കുന്നു (യോഹ 3,35).

78. തന്നിലൂടെ ദൈവത്തെ സമീപിക്കുന്നവരെ പൂർണ്ണമായി രക്ഷിക്കാൻ അവനു കഴിവുണ്ട്. എന്നേക്കും ജീവിക്കുന്നവനായ അവൻ അവർക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നു (ഹെബ്രാ 7,25).

79. എല്ലാ ആധിപത്യങ്ങളുടെയും അധികാരങ്ങളുടെയും ശിരസ്സായ അവനിലാണു നിങ്ങളും പൂർണ്ണത പ്രാപിച്ചിരിക്കുന്നത് (കൊളോ 2,10).

80. ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷക്കു വിധിക്കാനല്ല. പ്രത്യുത, അവൻ വഴി ലോകം രക്ഷ പ്രാപിക്കാനാണ് (യോഹ 3,17).

81. എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ 3,16).

82. പുത്രനെ വിശ്വസിക്കുന്നവനു നിത്യജീവൻ ലഭിക്കുന്നു. എന്നാൽ പുത്രനെ അനുസരിക്കാത്തവൻ ജീവൻ ദർശിക്കുകയില്ല. ദൈവകോപം അവന്റെ മേൽ ഉണ്ട് (യോഹ 3,36).

www.malankaralibrary.com



83. അവിടുന്ന് എനിക്കു നൽകിയവരിൽ ഒരുവനെപ്പോലും നഷ്ടപ്പെടുത്താതെ, അന്ത്യദിനത്തിൽ ഉയിർപ്പിക്കണമെന്നാണ് എന്റെ പിതാവിന്റെ ഇഷ്ടം. പുത്രനെ കാണുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവനാരോ അവനു നിത്യജീവൻ ഉണ്ടാകണമെന്നതാണ് എന്റെ പിതാവിന്റെ ഇഷ്ടം. അന്ത്യദിനത്തിൽ ഞാൻ അവനെ ഉയിർപ്പിക്കുകയും ചെയ്യും (യോഹ 6,39-40).

84. യേശു പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല (യോഹ 14,6).

85. യേശു അവരോടു വീണ്ടും പറഞ്ഞു: ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും (യോഹ 8,12).

86. ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കു വേണ്ടി ജീവൻ അർപ്പിക്കുന്നു (യോഹ 10,11).

87. യേശു അവളോടു പറഞ്ഞു: ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും (യോഹ 11,25).

88. ഞാൻ ജീവന്റെ അപ്പമാണ് (യോഹ 6,48).

89. ഞാൻ സാക്ഷാൽ മുന്തിരിച്ചെടിയും എന്റെ പിതാവ് കൃഷിക്കാരനുമാണ് (യോഹ 15,1).

90. ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ അതിന്റെ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല (യോഹ 15,5).

91. തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ സഹവാസത്തിലേക്കു നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തനാണ് (1 കോറി 1,9).

92. പിതാവ് മരിച്ചവരെ എഴുന്നേൽപ്പിച്ച് അവർക്കു ജീവൻ നൽകുന്നതുപോലെ തന്നെ പുത്രനും താൻ ഇച്ഛിക്കുന്നവർക്ക് ജീവൻ നൽകുന്നു. പിതാവ് ആരെയും വിധിക്കുന്നില്ല. വിധി മുഴുവൻ അവിടുന്നു പുത്രനെ ഏൽപ്പിച്ചിരിക്കുന്നു. പിതാവിനെ ആദരിക്കുന്നതുപോലെ എല്ലാവരും പുത്രനെ ആദരിക്കേണ്ടതിനാണ് ഇത്. പുത്രനെ ആദരിക്കാത്തവരാരും അവനെ അയച്ച പിതാവിനെയും ആദരിക്കുന്നില്ല (യോഹ 5,21-23).

93. മുൻകാലങ്ങളിൽ അനേകം പുരോഹിതന്മാരുണ്ടായിരുന്നു. എന്നാൽ ശുശ്രൂഷയിൽ തുടരാൻ ദൈവം അവരെ അനുവദിച്ചില്ല. യേശുവാകട്ടെ എന്നേക്കും നിലനിൽക്കുന്നതുകൊണ്ട് അവന്റെ പൗരോഹിത്യം കൈമാ

www.malankaralibrary.com



റപ്പെടുന്നില്ല. തന്നിലൂടെ ദൈവത്തെ സമീപിക്കുന്നവരെ പൂർണ്ണമായി രക്ഷിക്കാൻ അവനു കഴിവുണ്ട്. എന്നേക്കും ജീവിക്കുന്നവനായ അവൻ അവർക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നു. പരിശുദ്ധനും ദോഷരഹിതനും നിഷ്കളങ്കനും പാപികളിൽ നിന്ന് വേർതിരിക്കപ്പെട്ടവനും സ്വർഗ്ഗത്തിനുമേൽ ഉയർത്തപ്പെട്ടവനുമായ ഒരു പ്രധാനപുരോഹിതൻ നമുക്കുണ്ടായിരിക്കുക ഉചിതമായിരുന്നു. അന്നത്തെ പ്രധാനപുരോഹിതന്മാരെപ്പോലെ, ആദ്യമേ സ്വന്തം പാപങ്ങൾക്കു വേണ്ടിയും അനന്തരം ജനത്തിന്റെ പാപങ്ങൾക്കു വേണ്ടിയും അനുദിനം അവൻ ബലിയർപ്പിക്കേണ്ടതില്ല. അവൻ തന്നെത്തന്നെ അർപ്പിച്ചുകൊണ്ട് എന്നേക്കുമായി ഒരിക്കൽ ബലിയർപ്പിച്ചിരിക്കുന്നു. വാസ്തവത്തിൽ നിയമം ബലഹീനരായ മനുഷ്യരെയാണ് പ്രധാനപുരോഹിതന്മാരായി നിയോഗിക്കുന്നത്. എന്നാൽ നിയമത്തിനുശേഷം വന്ന ശപഥത്തിന്റെ വചനമാകട്ടെ എന്നേക്കും പരിപൂർണ്ണനായ പുത്രനെ നിയോഗിക്കുന്നു (ഹെബ്രാ 7,23–28).

## 1ഡി. പരിശുദ്ധാത്മാവ്

94. ആഴത്തിനു മുകളിൽ അന്ധകാരം വ്യാപിച്ചിരുന്നു. ദൈവത്തിന്റെ ചൈതന്യം വെള്ളത്തിനു മീതേ ചലിച്ചുകൊണ്ടിരുന്നു (ഉൽപ 1,2).

95. ദൈവചൈതന്യം എന്നെ സൃഷ്ടിച്ചു. സർവ്വശക്തന്റെ ശ്വാസം എനിക്കു ജീവൻ തന്നു (ജോബ് 33,4).

96. ഒരു പുതിയ ഹൃദയം നിങ്ങൾക്കു ഞാൻ നൽകും; ഒരു പുതുചൈതന്യം നിങ്ങളിൽ ഞാൻ നിക്ഷേപിക്കും. നിങ്ങളുടെ ശരീരത്തിൽ നിന്ന് ശിലാഹൃദയം എടുത്തുമാറ്റി മാംസളഹൃദയം നൽകും (എസെക്കി 36,26–27).

97. അവൻ എന്നോടു സംസാരിച്ചപ്പോൾ ആത്മാവ് എന്നിൽ പ്രവേശിച്ച് എന്നെ കാലുകളിൽ ഉറപ്പിച്ചു നിർത്തി (എസെക്കി 2,2).

98. ആത്മാവ് എന്നെ മേൽപ്പോട്ടുയർത്തി. കർത്താവിന്റെ മഹത്വം സ്വസ്ഥാനത്തുനിന്ന് ഉയർന്നപ്പോൾ വലിയ ഭൂഖണ്ഡത്തിന്റേതുപോലെ ഒരു ശബ്ദം എന്റെ പിന്നിൽ ഞാൻ കേട്ടു (എസെക്കി 3,12).

99. ആത്മാവ് എന്നെ ഉയരത്തിലൂടെ വഹിച്ചുകൊണ്ടുപോയി. പര്യാകുലനും അമർഷം പൂണ്ടവനുമായിട്ടാണ് ഞാൻ പോയത്. എന്തെന്നാൽ, ദൈവത്തിന്റെ കരം എന്റെ മേൽ ശക്തമായിരുന്നു (എസെക്കി 3,14).

100. അവിടുത്തെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചു. അതിനാൽ, അവിടുന്ന് അവരുടെ ശത്രുവായിത്തീർന്നു. അവർക്കെതിരെ യുദ്ധം ചെയ്തു (ഏശ 63,10).

www.malankaralibrary.com



101. തന്റെ മഹത്വപൂർണമായ ഭുജബലം മോശയുടെ വലത്തുകയ്യിൽ പകരുകയും തന്റെ നാമം അനശ്വരമാക്കാൻ അവരുടെ മുമ്പിൽ സമുദ്രം വിഭജിക്കുകയും അഗാധങ്ങളിലൂടെ അവരെ നയിക്കുകയും ചെയ്തവൻ എവിടെ? കുതിരയെന്നപോലെ അവൻ മരുഭൂമിയിൽ കാലിടറാതെ നടന്നു (ഏശ 63,13).

102. ദൂതൻ മറുപടി പറഞ്ഞു: പരിശുദ്ധാത്മാവ് നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ആകയാൽ ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും (ലൂക്കാ 1,35).

103. മറിയത്തിന്റെ അഭിവാദനം കേട്ടപ്പോൾ ഏലിസബത്തിന്റെ ഉദരത്തിൽ നിന്ന് ശിശു കുതിച്ചുചാടി. ഏലിസബത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി (ലൂക്കാ 1,41).

104. അവന്റെ പിതാവായ സഖറിയാ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു പ്രവചിച്ചു (ലൂക്കാ 1,67).

105. ജറുസലെമിൽ ശിമയോൻ എന്നൊരുവൻ ജീവിച്ചിരുന്നു. അവൻ നീതിമാനും ദൈവഭക്തനും ഇസ്രായേലിന്റെ ആശ്വാസം പ്രതീക്ഷിച്ചിരുന്നവനും ആയിരുന്നു. പരിശുദ്ധാത്മാവ് അവന്റെ മേൽ ഉണ്ടായിരുന്നു. കർത്താവിന്റെ അഭിഷിക്തനെ കാണുന്നതുവരെ മരിക്കുകയില്ല എന്ന് പരിശുദ്ധാത്മാവ് അവന് വെളിപ്പെടുത്തിയിരുന്നു. പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ അവൻ ദേവാലയത്തിലേക്കു വന്നു (ലൂക്കാ 2,25-27).

106. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെമേൽ (യേശുവിന്റെമേൽ ഇറങ്ങിവന്നു. സ്വർഗ്ഗത്തിൽ നിന്ന് ഒരു സ്വരവും ഉണ്ടായി: നീ എന്റെ പ്രിയപുത്രൻ. നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു (ലൂക്കാ 3,22).

107. മക്കൾക്കു നല്ല ദാനങ്ങൾ നൽകാൻ ദുഷ്ടരായ നിങ്ങൾക്ക് അറിയാമെങ്കിൽ, സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു ചോദിക്കുന്നവർക്ക് എത്രയധികമായി പരിശുദ്ധാത്മാവിനെ നൽകുകയില്ല (ലൂക്കാ 11,13).

108. ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടു കൂടെയിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്നു നിങ്ങൾക്കു തരികയും ചെയ്യും (യോഹ 14,16).

109. എങ്കിലും സത്യം ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങളുടെ നന്മയ്ക്കു വേണ്ടിയാണ് ഞാൻ പോകുന്നത്. ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കലേക്കു വരുകയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്കു ഞാൻ അയയ്ക്കും (യോഹ 16,7).

110. സത്യാത്മാവ് വരുമ്പോൾ വീണ്ടും നിങ്ങളെ പൂർണ്ണതയിലേക്ക് നയിക്കും. അവൻ സ്വമേധയാ ആയിരിക്കുകയില്ല സംസാരിക്കുന്നത്. അവൻ

www.malankaralibrary.com



കേൾക്കുന്നതു മാത്രം സംസാരിക്കും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളെ അറിയിക്കും (യോഹ 16,13).

111. നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണു ചെയ്തത്. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനിൽക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു. തൻമൂലം, നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും (യോഹ 15,16).

112. അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോദ്ധ്യപ്പെടുത്തും (യോഹ 16,8).

113. ദൈവം അയച്ചവൻ ദൈവത്തിന്റെ വാക്കുകൾ സംസാരിക്കുന്നു. ദൈവം അളന്നല്ല ആത്മാവിനെ കൊടുക്കുന്നത് (യോഹ 3,34).

114. നമുക്കു ദൈവം അതെല്ലാം ആത്മാവു മുഖേന വെളിപ്പെടുത്തിത്തന്നിരിക്കുന്നു. എന്തെന്നാൽ ആത്മാവ് എല്ലാ കാര്യങ്ങളും, ദൈവത്തിന്റെ നിഗൂഢരഹസ്യങ്ങൾ പോലും, അന്വേഷിച്ചു കണ്ടെത്തുന്നു (1 കോറി 2,10).

115. ആരും ആത്മവഞ്ചന ചെയ്യാതിരിക്കട്ടെ. ആരെങ്കിലും ഈ ലോകത്തിൽ ജ്ഞാനിയെന്നു വിചാരിക്കുന്ന പക്ഷം യഥാർത്ഥജ്ഞാനിയാകേണ്ടതിന് തന്നെത്തന്നെ ഭോഷനാക്കട്ടെ (1 കോറി 3,18).

116. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം നമുക്കു നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു (റോമ 5,5).

117. ഇതാ, എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെമേൽ ഞാൻ അയയ്ക്കുന്നു. ഉന്നതങ്ങളിൽ നിന്നു ശക്തി ധരിക്കുന്നതുവരെ നഗരത്തിൽത്തന്നെ വസിക്കുവിൻ (ലൂക്കാ 24,49).

118. എന്തെന്നാൽ, പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലേമിലും യൂദയാമുഴുവനിലും ശമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും (അപ്പ 1,8).

119. അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയും മേൽ വന്നു നിൽക്കുന്നതായി അവർ കണ്ടു (അപ്പ 2,3).

120. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആത്മാവു കൊടുത്ത ഭാഷണവരമനുസരിച്ച് അവർ വിവിധഭാഷകളിൽ സംസാരിക്കുവാൻ തുടങ്ങി (അപ്പ 2,4).

121. അവിടുത്തെ പരിശുദ്ധ ദാസനായ യേശുവിന്റെ നാമത്തിൽ രോഗശാന്തിയും അടയാളങ്ങളും അത്ഭുതങ്ങളും സംഭവിക്കുന്നതിനായി അവി

www.malankaralibrary.com



ടുത്തെ കൈകൾ നീട്ടണമേ. പ്രാർത്ഥന കഴിഞ്ഞപ്പോൾ അവർ സമ്മേളിച്ചിരുന്ന സ്ഥലം കുലുങ്ങി. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി ദൈവവചനം ധൈര്യപൂർവ്വം പ്രസംഗിച്ചു (അപ്പ 4,30-31).

122. പിന്നീട് അവരുടെമേൽ അവർ കൈകൾ വച്ചു; അവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്തു (അപ്പ 8,17).

123. എന്തുകൊണ്ടെന്നാൽ പ്രവചനങ്ങൾ ഒരിക്കലും മാനുഷികചോദനയാൽ രൂപം കൊണ്ടതല്ല; പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചവയാണ് (2 പത്രോ 1,21).

124. ക്രിസ്തുവിന്റെ നാമം നിമിത്തം നിന്ദിക്കപ്പെട്ടാൽ നിങ്ങൾ ഭാഗ്യവാന്മാർ. എന്തെന്നാൽ, മഹത്വത്തിന്റെ ആത്മാവ്, അതായതു ദൈവാത്മാവ്, നിങ്ങളിൽ വസിക്കുന്നു. (1 പത്രോ 4,14).

125. തന്റെ ഇച്ഛയ്ക്കൊത്ത് ഓരോരുത്തർക്കും പ്രത്യേക പ്രത്യേക ദാനങ്ങൾ നൽകുന്ന ഒരേ ആത്മാവിന്റെ തന്നെ പ്രവൃത്തിയാണ് ഇതെല്ലാം (1 കോറി 11).

126. ഈ സംഭവങ്ങൾക്കു ഞങ്ങൾ സാക്ഷികളാണ്. തന്നെ അനുസരിക്കുന്നവർക്കു ദൈവം പ്രദാനം ചെയ്യുന്ന പരിശുദ്ധാത്മാവും ഇതിനു സാക്ഷിയാണ് (അപ്പ 5,32).

127. നിങ്ങളെ വീണ്ടും ഭയത്തിലേക്കു നയിക്കുന്ന അടിമത്തത്തിന്റെ ആത്മാവിനെയല്ല, മറിച്ച്, പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെയാണു നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. ഈ ആത്മാവു മൂലമാണ് നാം ആബാ - പിതാവേ - എന്നു വിളിക്കുന്നത് (റോമ 8,15).

128. ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പുത്രന്മാരാണ് (റോമ 8,14).

129. നാം ദൈവത്തിന്റെ മക്കളാണെന്ന് ഈ ആത്മാവു നമ്മുടെ ആത്മാവിനോടു ചേർന്നു സാക്ഷ്യം നൽകുന്നു (റോമ 8,16).

130. ദൈവത്തിന്റെ ആത്മാവ് യഥാർത്ഥമായി നിങ്ങളിൽ വസിക്കുന്നെങ്കിൽ നിങ്ങൾ ജഡികരല്ല ആത്മീയരാണ്. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ ക്രിസ്തുവിനുള്ളവനല്ല (റോമ 8,9).

131. യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുണ്ടെങ്കിൽ യേശുക്രിസ്തുവിനെ ഉയിർപ്പിച്ചവൻ നിങ്ങളുടെ മർത്ത്യശരീരങ്ങൾക്കും നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനാൽ ജീവൻ പ്രദാനം ചെയ്യും (റോമ 8,11).

132. രക്ഷയുടെ ദിനത്തിനുവേണ്ടി നിങ്ങളെ മുദ്രിതരാക്കിയ ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ വേദനിപ്പിക്കരുത് (എഫേ 4,30).

www.malankaralibrary.com



133. നിങ്ങൾ ദൈവത്തിന്റെ ആത്മാവാണെന്നും ദൈവത്തിന്റെ ആലയം നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ? (1 കോറി 3,16).

134. ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല; പ്രത്യുത, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ് (റോമ 14,17).

135. നമ്മുടെ ബലഹീനതയിൽ ആത്മാവ് നമ്മെ സഹായിക്കുന്നു. വേണ്ട വിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവു തന്നെ നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നു. ഹൃദയങ്ങൾ പരിശോധിക്കുന്നവൻ ആത്മാവിന്റെ ഇംഗിതം ഗ്രഹിക്കുന്നു. എന്തെന്നാൽ ആത്മാവ് ദൈവഹിതമനുസരിച്ചാണ് വിശുദ്ധർക്കു വേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നത് (റോമ 8, 26-27).

## 2. മനുഷ്യൻ

1. ദൈവം വീണ്ടും അരുളിച്ചെയ്തു: നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം. അവർക്കു കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും നാൽക്കാലികളുടെയും ഭൂമി മുഴുവന്റെയും ഭൂമിയിലിഴയുന്ന സർവ്വ ജീവികളുടെയുംമേൽ ആധിപത്യം ഉണ്ടായിരിക്കട്ടെ. അങ്ങനെ ദൈവം തന്റെ അതേ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ചായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു. സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു (ഉൽപ 26-27).

2. ദൈവമായ കർത്താവ് ഭൂമിയിലെ പൂഴി കൊണ്ടു മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്കു നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു (ഉൽപ 2,7).

3. അവിടുത്തെ ചിന്തയിൽ വരാൻ മാത്രം മർത്ത്യനെന്തു മേന്മയുണ്ട്? അവിടുത്തെ പരിഗണന ലഭിക്കാൻ മനുഷ്യപുത്രന് എന്ത് അർഹതയാണുള്ളത്. എന്നിട്ടും അവിടുന്ന് അവനെ ദൈവദൂതന്മാരെക്കാൾ അല്പം മാത്രം താഴ്ത്തി. മഹത്വവും ബഹുമാനവുംകൊണ്ട് അവനെ മകുടമണിയിച്ചു. അങ്ങ് സ്വന്തം കരവേലകൾക്കുമേൽ അവന് ആധിപത്യം നൽകി; എല്ലാറ്റിനെയും അവന്റെ പാദത്തിൻ കീഴിലാക്കി (സങ്കീ 8,4-6).

4. ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു: സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ. കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും ഭൂമിയിൽ ചരിക്കുന്ന സകല ജീവികളുടെയും മേൽ നിങ്ങൾക്ക് ആധിപത്യം ഉണ്ടായിരിക്കട്ടെ (ഉൽപ 1,28).

www.malankaralibrary.com



5. കർത്താവ് കുറ്റം ചുമത്താത്തവനും ഹൃദയത്തിൽ വഞ്ചനയില്ലാത്തവനും ഭാഗ്യവാൻ (സങ്കീ 32,2).

6. കർത്താവ് സ്വർഗ്ഗത്തിൽ നിന്ന് താഴേക്കു നോക്കുന്നു. അവിടുന്ന് എല്ലാ മനുഷ്യരെയും കാണുന്നു (സങ്കീ 33,13).

7. അങ്ങയിൽ ശക്തി കണ്ടെത്തിയവർ ഭാഗ്യവാൻമാർ; അവരുടെ ഹൃദയത്തിൽ സീയോനിലേക്കുള്ള രാജവീഥികളുണ്ട് (സങ്കീ 84,5).

8. സൈന്യങ്ങളുടെ കർത്താവേ, അങ്ങയിൽ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ (സങ്കീ 84,12).

9. കർത്താവ് മനുഷ്യരുടെ വിചാരങ്ങൾ അറിയുന്നു: അവർ ഒരു ശ്വാസം മാത്രം (സങ്കീ 94,11).

10. മനുഷ്യൻ ഒരു ശ്വാസത്തിനു തുല്യനാണ്. അവന്റെ ദിനങ്ങൾ മാഞ്ഞു പോകുന്ന നിഴൽ പോലെയാകുന്നു (സങ്കീ 144,4).

11. എന്റെ വാക്കുകൾ അനുദിനം കേട്ടുനിന്ന്, എന്റെ വാതിലുകളിൽ ദൃഷ്ടി ഉറപ്പിച്ച്, എന്റെ വാക്കു കേൾക്കുന്നവൻ ഭാഗ്യവാൻ (സുഭാ 8,34).

12. നിരന്തരം ദൈവഭക്തിയിൽ കഴിയുന്നവൻ അനുഗൃഹീതനാണ്. ഹൃദയം കഠിനമാക്കി വയ്ക്കുന്നവൻ ദുരിതം അനുഭവിക്കും (സുഭാ 28,14).

13. ആകാശത്തിന്റെ ഉയരവും ഭൂമിയുടെ വിസ്തൃതിയും പാതാളത്തിന്റെ ആഴവും നിർണ്ണയിക്കാൻ ആർക്കു സാധിക്കും? (പ്രഭാ 1,3).

14. വിശ്വസ്തനായ ദാസനോടോ സത്യസന്ധനായ വേലക്കാരനോടോ നീചമായി പെരുമാറരുത് (പ്രഭാ 7,20).

15. മാതാപിതാക്കന്മാരാണു നിനക്ക് ജന്മം നൽകിയതെന്ന് ഓർക്കുക. നിനക്ക് അവരുടെ ദാനത്തിന് എന്തു പ്രതിഫലം നൽകാൻ കഴിയും? (പ്രഭാ 7,28).

16. ശക്തനോട് മത്സരിക്കരുത്, നീ അവന്റെ പിടിയിൽപ്പെടും (പ്രഭാ 8,1).

17. നാം ഇനി പാപത്തിന് അടിമപ്പെടാതിരിക്കത്തക്കവിധം പാപപൂർണ്ണമായ ശരീരത്തെ നശിപ്പിക്കാൻ വേണ്ടി നമ്മിലെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നുവെന്നും നമുക്കറിയാമല്ലോ (റോമ 6,6).

18. നിങ്ങളുടെ പഴയ ജീവിതരീതിയിൽനിന്നു രൂപം കൊണ്ട വഞ്ചന നിറഞ്ഞ ആസക്തികളാൽ കലുഷിതനായ പഴയ മനുഷ്യനെ ദൂരെയെറിയുവിൻ (എഫേ 4,22).

19. പരസ്പരം കള്ളം പറയരുത്. പഴയ മനുഷ്യനെ അവന്റെ ചെയ്തികളോടു കൂടെ നിഷ്കാസനം ചെയ്യുവിൻ (കൊളോ 3,9).

20. കല്പനകളുടെയും ചട്ടങ്ങളുടെയും ആധിപത്യം അവൻ തന്റെ ശരീരത്തിലൂടെ ഇല്ലാതാക്കി (എഫേ 2,15).

www.malankaralibrary.com



21. യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ (എഫേ 4,24).

22. സമ്പൂർണ്ണജ്ഞാനം കൊണ്ടു സ്രഷ്ടാവിന്റെ പ്രതിച്ഛായക്കനുസൃതമായി നവീകരിക്കപ്പെടുന്ന പുതിയ മനുഷ്യനെ ധരിക്കുവിൻ (കൊളോ 3,10).

23. ഞങ്ങൾ ഭഗ്നാശരാകുന്നില്ല. ഞങ്ങളിലെ ബാഹ്യമനുഷ്യൻ ക്ഷയിച്ചുകൊണ്ടിരിക്കുകയാണെങ്കിലും ആന്തരികമനുഷ്യൻ അനുദിനം നവീകരിക്കപ്പെടുന്നു (2 കൊറി 4,16).

24. നമ്മൾ ഭൗമീകന്റെ സാദൃശ്യം ധരിച്ചതുപോലെതന്നെ സ്വർഗ്ഗീയന്റെ സാദൃശ്യവും ധരിക്കും (1 കോറി 15,49).

25. അതിനാൽ മനുഷ്യരുടെ പേരിൽ നമ്മൾ അഭിമാനിക്കേണ്ടാ. എല്ലാം നിങ്ങളുടെ സ്വന്തമാണ്. പൗലോസും അപ്പോളോസും കേപ്പായും ലോകവും ജീവനും മരണവും ഇപ്പോഴുള്ളവയും ഉണ്ടാകാനിരിക്കുന്നവയും എല്ലാം നിങ്ങളുടേതു തന്നെ. നിങ്ങളാകട്ടെ ക്രിസ്തുവിന്റേതും. ക്രിസ്തു ദൈവത്തിന്റേതും (1 കോറി 3,21-23).

26. മറ്റൊരു വർഗ്ഗക്കാരനുമായി സമ്പർക്കം പുലർത്തുന്നതും അവനെ സമീപിക്കുന്നതും ഒരു യഹൂദന് എത്രത്തോളം നിയമവിരുദ്ധമാണെന്ന് നിങ്ങൾക്കറിയാമല്ലോ. എന്നാൽ ഒരു മനുഷ്യനെയും ഹീനജാതിക്കാരനെന്നോ അശുദ്ധനെന്നോ വിളിക്കരുതെന്ന് ദൈവം എനിക്കു കാണിച്ചുതന്നിരിക്കുന്നു (അപ്പ 10,28).

## 3. സഭ

1. ശിമയോൻ പത്രോസ് പറഞ്ഞു: നീ ജീവനുള്ള ദെവത്തിന്റെ പുത്രനായ ക്രിസ്തുവാണ് (മത്താ 16,16).

2. അവൻ അവരെയും അനുസരിക്കുന്നില്ലെങ്കിൽ സഭയോടു പറയുക; സഭയെപ്പോലും അനുസരിക്കുന്നില്ലെങ്കിൽ അവൻ നിനക്കു വിജാതിയനെപ്പോലെയും ചുങ്കക്കാരനെപ്പോലെയും ആയിരിക്കട്ടെ (മത്താ 18,17).

3. അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ (എഫേ 2,20).

4. സഭ അവന്റെ ശരീരമാണ്. എല്ലാ വസ്തുക്കളിലും സകലതും പൂർത്തിയാക്കുന്ന അവന്റെ പൂർണ്ണതയുമാണ് (എഫേ 1,23).

5. യേശുക്രിസ്തുവെന്ന അടിസ്ഥാനം സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു; അതിനുപുറമേ മറ്റൊന്നു സ്ഥാപിക്കാൻ ആർക്കും സാധിക്കുകയില്ല (1 കോറി 3,11).

www.malankaralibrary.com



6. അവർ ദൈവത്തെ സ്തുതിക്കുകയും എല്ലാ മനുഷ്യരുടെയും സംപ്രീതിക്കു പാത്രമാവുകയും ചെയ്തു. രക്ഷ പ്രാപിക്കുന്നവരെ കർത്താവ് അവരുടെ ഗണത്തിൽ പ്രതിദിനം ചേർത്തുകൊണ്ടിരുന്നു (അപ്പ 2,47).

7. ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻ വേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹിക്കണം. അവൻ സഭയെ വിശുദ്ധീകരിക്കുന്നതിന് ജലം കൊണ്ട് കഴുകി വചനത്താൽ വെണ്മയുള്ളതാക്കി. ഇത് അവളെ കറയോ ചുളിവോ മറ്റു കുറവുകളോ ഇല്ലാത്ത മഹത്വപൂർണ്ണയായി തനിക്കു തന്നെ പ്രതിഷ്ഠിക്കുന്നതിനും അവൾ കളങ്കരഹിതയും പരിശുദ്ധയും ആയിരിക്കുന്നതിനും വേണ്ടിയാണ് (എഫേ 5,26-27).

8. നിങ്ങളെയും അജഗണം മുഴുവനെയും പറ്റി നിങ്ങൾ ജാഗരൂകരായിരിക്കുക. കർത്താവ് സ്വന്തം രക്തത്താൽ നേടിയെടുത്ത ദൈവത്തിന്റെ സഭയെ പരിപാലിക്കാൻ പരിശുദ്ധാത്മാവ് നിയോഗിച്ച അജപാലകരാണു നിങ്ങൾ (അപ്പ 26,28).

9. നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ? ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കും. എന്തെന്നാൽ, ദൈവത്തിന്റെ ആലയം പരിശുദ്ധമാണ്. ആ ആലയം നിങ്ങൾ തന്നെ (1 കോറി 3,16-7).

10. നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ് (1 കോറി 12,27).

11. ശരീരം ഒന്നാണെങ്കിലും, അതിൽ പല അവയവങ്ങൾ ഉണ്ട്. അവയവങ്ങൾ പലതെങ്കിലും അവയെല്ലാം ചേർന്ന് ഏകശരീരമായിരിക്കുന്നു. അതുപോലെ തന്നെയാണ് ക്രിസ്തുവും. നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏകശരീരമാകാൻ ജ്ഞാനസ്നാനമേറ്റു. യഹൂദരെന്നോ ഗ്രീക്കുകാരെന്നോ അടിമകളെന്നോ സ്വതന്ത്രരെന്നോ ഭേദം കൂടാതെ ഒരേ ആത്മാവിനെ സ്നാനം ചെയ്യാൻ എല്ലാവർക്കും സാധിച്ചു (1 കോറി 12,12-13).

12. അവർ സഭകൾതോറും ശ്രേഷ്ഠന്മാരെ നിയമിച്ച് പ്രാർത്ഥനയോടും ഉപവാസത്തോടും കൂടെ അവരെ തങ്ങൾ വിശ്വസിച്ച കർത്താവിനു സമർപ്പിച്ചു (അപ്പ 14,23).

13. എന്തെന്നാൽ, ക്രിസ്തു തന്റെ ശരീരമായ സഭയുടെ ശിരസായിരിക്കുന്നതുപോലെ ഭർത്താവ് ഭാര്യയുടെ ശിരസ്സാണ്. ക്രിസ്തു തന്നെയാണ് ശരീരത്തിന്റെ രക്ഷകനും (എഫേ 5,23).

14. ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ടു ഭാര്യയോടു ചേരും. അവർ രണ്ടുപേരും ഒന്നാവുകയും ചെയ്യും. ഇത് ഒരു

www.malankaralibrary.com



വലിയ രഹസ്യമാണ്. സഭയോടും ക്രിസ്തുവിനോടും ബന്ധപ്പെടുത്തിയാണ് ഞാൻ ഇതു പറയുന്നത് (എഫേ 5,31-32).

15. നിങ്ങളെ പ്രതിയുള്ള പീഡകളിൽ ഞാൻ സന്തോഷിക്കുന്നു. സഭയാകുന്ന തന്റെ ശരീരത്തെപ്രതി ക്രിസ്തുവിനു സഹിക്കേണ്ടിവന്ന പീഡകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു (കൊളോ 1,24).

16. വിശുദ്ധ നഗരമായ പുതിയ ജറുസലെം ഭർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ, സ്വർഗ്ഗത്തിൽ നിന്ന്, ദൈവത്തിൽ നിന്ന്, ഇറങ്ങിവരുന്നതു ഞാൻ കണ്ടു (വെളി 2,12).

17. പെർഗാമോസിലെ സഭയുടെ ദൂതന് എഴുതുക : മൂർച്ചയേറിയ ഇരുതല വാളുള്ളവൻ പറയുന്നു, നീ എവിടെ വസിക്കുന്നെന്ന് എനിക്കറിയാം - സാത്താന്റെ സിംഹാസനം ഉള്ളിടത്തുതന്നെ (വെളി 2,12).

18. എന്നാൽ, നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയപുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്. അതിനാൽ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതകരമായ പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകൾ പ്രകീർത്തിക്കണം (1 പത്രോ 2,9).

19. ഈ തൊഴുത്തിൽപ്പെടാത്ത മറ്റാടുകളും എനിക്കുണ്ട്. അവയെയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു. അവ എന്റെ സ്വരം ശ്രവിക്കും. അങ്ങനെ ഒരാട്ടിൻപറ്റവും ഒരിടയനുമാകും (യോഹ 10,16).

## 4. മാമോദീസാ

1. ഞാൻ നിങ്ങളുടെ മേൽ ശുദ്ധജലം തളിക്കും. നിങ്ങളുടെ എല്ലാ മാലിന്യങ്ങളിൽ നിന്നും നിങ്ങൾ ശുദ്ധീകരിക്കപ്പെടും. സകല വിഗ്രഹങ്ങളിൽ നിന്നും ഞാൻ നിങ്ങളെ നിർമ്മലരാക്കും (എസെക്കി 36,29).

2. എന്റെ അകൃത്യം നിശ്ശേഷം കഴുകിക്കളയണമെ! എന്റെ പാപത്തിൽ നിന്ന് എന്നെ ശുദ്ധീകരിക്കണമെ (സങ്കീ 51,2).

3. അവൻ ഇപ്രകാരം ഉത്ഘോഷിച്ചു: എന്നെക്കാൾ ശക്തനായവൻ എന്റെ പിന്നാലെ വരുന്നു. കുനിഞ്ഞ് അവന്റെ ചെരിപ്പിന്റെ വള്ളികൾ അഴിക്കാൻപോലും ഞാൻ യോഗ്യനല്ല. ഞാൻ നിങ്ങൾക്കു ജലം കൊണ്ടുള്ള സ്നാനം നൽകി. അവനോ പരിശുദ്ധാത്മാവിനാൽ നിങ്ങൾക്കു സ്നാനം നല്കും (മർക്കോ 1,8).

മാനസാന്തരത്തിനായി ഞാൻ ജലം കൊണ്ടു നിങ്ങളെ സ്നാനപ്പെടുത്തി. എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ ശക്തൻ; അവന്റെ

www.malankaralibrary.com



ചെരിപ്പ് വഹിക്കാൻപോലും ഞാൻ യോഗ്യനല്ല; അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങളെ സ്നാനപ്പെടുത്തും (മത്താ 3,11).

യോഹന്നാൻ അവരോടു പറഞ്ഞു: ഞാൻ ജലം കൊണ്ടു സ്നാനം നല്കുന്നു. എന്നാൽ, എന്നെക്കാൾ ശക്തനായ ഒരുവൻ വരുന്നു.അവന്റെ ചെരിപ്പിന്റെ കെട്ടഴിക്കാൻപോലും ഞാൻ യോഗ്യനല്ല. അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങൾക്കു സ്നാനം നല്കും (ലൂക്കാ 3,16).

4. എന്തെന്നാൽ, യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം നല്കി; നിങ്ങളാകട്ടെ ഏറെത്താമസിയാതെ പരിശുദ്ധാത്മാവിനാൽ സ്നാനം ഏല്ക്കും (അപ്പ 1,5).

5. അപ്പോൾ ഞാൻ കർത്താവിന്റെ വാക്കുകൾ ഓർത്തു: യോഹന്നാൻ ജലം കൊണ്ടു സ്നാനം നല്കി; നിങ്ങളാകട്ടെ പരിശുദ്ധാത്മാവിനാൽ സ്നാനം ഏല്ക്കും (അപ്പ 11,16).

6. യേശു പ്രതിവചിച്ചു: സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുത്തനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാദ്ധ്യമല്ല (യോഹ 3,5).

7. നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നത് നശ്വരമായ ബീജത്തിൽ നിന്നല്ല. അനശ്വരമായ ബീജത്തിൽ നിന്നാണ് – സജീവവും സനാതനവുമായ ദൈവവചനത്തിൽ നിന്ന് (1 പത്രോ 1,23).

8. ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ (മത്താ 28,19).

9. ഒരു കർത്താവും ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവുമേയുള്ളൂ (എഫേ 4,5).

10. വിശ്വസിച്ച് സ്നാനം ഏല്ക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും (മർക്കോ 16,16).

11. പത്രോസ് പറഞ്ഞു: നിങ്ങൾ പശ്ചാത്തപിക്കുവിൻ, പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്കു ലഭിക്കും. ഈ വാഗ്ദാനം നിങ്ങൾക്കും നിങ്ങളുടെ സന്താനങ്ങൾക്കും വിദൂരസ്ഥർക്കും നമ്മുടെ ദൈവമായ കർത്താവ് തന്റെ അടുക്കലേക്കു വിളിക്കുന്ന എല്ലാവർക്കും ഉള്ളതാണ് (അപ്പ 2,38-39).

12. എന്നാൽ, ദൈവരാജ്യത്തെക്കുറിച്ചും യേശുക്രിസ്തുവിന്റെ നാമത്തെക്കുറിച്ചും പീലിപ്പോസ് പ്രസംഗിച്ചപ്പോൾ സ്ത്രീപുരുഷഭേദമെന്യേ എല്ലാവരും വിശ്വസിച്ചു ജ്ഞാനസ്നാനം സ്വീകരിച്ചു. ശിമയോൻ പോലും വിശ്വസിച്ചു. അവൻ ജ്ഞാനസ്നാനം സ്വീകരിച്ച് പീലിപ്പോസിന്റെ കൂടെച്ചേർന്നു. സംഭവിച്ചുകൊണ്ടിരുന്ന അടയാളങ്ങളും വലിയ

www.malankaralibrary.com



അത്ഭുതപ്രവൃത്തികളും കണ്ട് അവൻ ആശ്ചര്യഭരിതനായി (അപ്പ 8,12-13).

13. അവർ പോകുമ്പോൾ ഒരു ജലാശയത്തിങ്കലെത്തി. അപ്പോൾ ഷണ്ഡൻ പറഞ്ഞു: ഇതാ വെള്ളം; എന്നെ ജ്ഞാനസ്നാനപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ? രഥം നിർത്താൻ അവൻ ആജ്ഞാപിച്ചു. അവർ ഇരുവരും വെള്ളത്തിലിറങ്ങി. പീലിപ്പോസ് ഷണ്ഡന് സ്നാനം നല്കി. അവർ വെള്ളത്തിൽ നിന്നു കയറിയപ്പോൾ കർത്താവിന്റെ ആത്മാവ് പീലിപ്പോസിനെ സംവഹിച്ചുകൊണ്ടുപോയി (അപ്പ 8,36-39).

14. ഞങ്ങൾ പ്രാർത്ഥനാകേന്ദ്രത്തിലേക്കുപോകുമ്പോൾ, ഭാവിഫലം പ്രവചിക്കുന്ന ആത്മാവു ബാധിച്ച ഒരു അടിമപ്പെൺകുട്ടിയെക്കണ്ടു. ഭാവിപ്രവചനം വഴി അവൾ തന്റെ യജമാനന്മാർക്കു വളരെ ആദായമുണ്ടാക്കിയിരുന്നു (അപ്പ 16,16).

15. സ്തേഫാനോസിന്റെ കുടുംബത്തെക്കൂടി ഞാൻ സ്നാനപ്പെടുത്തിയിട്ടുണ്ട്. അതല്ലാതെ മറ്റാരെയെങ്കിലും ഞാൻ സ്നാനപ്പെടുത്തിയിട്ടുണ്ടോ എന്നറിഞ്ഞുകൂടാ (1 കോറി 1,16).

16. ക്രിസ്തുവിനോട് ഐക്യപ്പെടാൻ വേണ്ടി സ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു (ഗലാ 3,27).

17. അവൻ സമ്മതിച്ചു. സ്നാനം കഴിഞ്ഞയുടൻ യേശു വെള്ളത്തിൽ നിന്നു കയറി. അപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. ദൈവാത്മാവ് പ്രാവിന്റെ രൂപത്തിൽ തന്റെ മേൽ ഇറങ്ങിവരുന്നത് അവൻ കണ്ടു (മത്താ 3,16).

18. യേശുക്രിസ്തുവിനോട് ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്നു നിങ്ങൾക്കറിഞ്ഞുകൂടേ? അങ്ങനെ, അവന്റെ മരണത്തോടു നമ്മെ ഐക്യപ്പെടുത്തിയ ജ്ഞാനസ്നാനത്തിൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. ക്രിസ്തു മരിച്ചതിനുശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്തു സംസ്കരിക്കപ്പെട്ടത് (റോമ 6,3-4).

19. എനിക്ക് ഒരു സ്നാനം സ്വീകരിക്കാനുണ്ട്. അതു നിവൃത്തിയാകുവോളം ഞാൻ എത്ര ഞെരുങ്ങുന്നു! (ലൂക്കാ 12,50).

20. ജ്ഞാനസ്നാനം വഴി നിങ്ങൾ അവനോടൊപ്പം സംസ്കരിക്കപ്പെട്ടു; മരിച്ചവരിൽ നിന്ന് അവനെ ഉയിർപ്പിച്ച ദൈവത്തിന്റെ പ്രവർത്തനത്തിലുള്ള വിശ്വാസം നിമിത്തം നിങ്ങൾ അവനോടുകൂടെ ഉയിർപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു (കൊളോ 2,12).

21. ദൈവം നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിലൂടെയാണ് പരിശുദ്ധാ

www.malankaralibrary.com



ത്മാവിനെ നമ്മുടെ മേൽ സമൃദ്ധമായി വർഷിച്ചത്. അവിടുത്തെ കൃപാവരത്താൽ നാം നീതീകരിക്കപ്പെടുന്നതിനും നിത്യജീവനെപ്പറ്റിയുള്ള പ്രത്യാശയിൽ നാം അവകാശികളാകുന്നതിനും വേണ്ടിയാണ് ഇങ്ങനെ ചെയ്തത് (തീത്തോ 3,6-7).

22. നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏകശരീരമാകാൻ ജ്ഞാനസ്നാനമേറ്റു. യഹൂദരെന്നോ ഗ്രീക്കുകാരെന്നോ അടിമകളെന്നോ സ്വതന്ത്രരെന്നോ ഭേദം കൂടാതെ ഒരേ ആത്മാവിനെ പാനം ചെയ്യാൻ എല്ലാവർക്കും സാധിച്ചു (1 കോറി 12,13).

## ശിശുസ്നാനം

23. സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാദ്ധ്യമല്ല (യോഹ 3,5).

24. ശിശുക്കൾ എന്റെയടുത്തു വരാൻ അനുവദിക്കുവിൻ. അവരെ തടയരുത്. എന്തെന്നാൽ ദൈവരാജ്യം അവരെപ്പോലുള്ളവരുടേതാണ്. സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കാത്തവരാരും അതിൽ പ്രവേശിക്കുകയില്ല (മർക്കോ 10,14-15).

25. കുടുംബസമേതം ജ്ഞാനസ്നാനം സ്വീകരിച്ച അവൾ ഞങ്ങളോടു പറഞ്ഞു: കർത്താവിൽ വിശ്വസിക്കുന്നവളായി നിങ്ങൾ എന്നെ ഗണിക്കുന്നെങ്കിൽ എന്റെ ഭവനത്തിൽ വന്ന് താമസിക്കാൻ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു (അപ്പ 16,15).

26. അപ്പോൾത്തന്നെ അവനും കുടുംബവും ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തു (അപ്പ 16,33).

27. സ്തേഫാനോസിന്റെ കുടുംബത്തെക്കൂടി ഞാൻ സ്നാനപ്പെടുത്തിയിട്ടുണ്ട്. അതല്ലാതെ മറ്റാരെയെങ്കിലും ഞാൻ സ്നാനപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിഞ്ഞുകൂടാ (1 കോറി 1,16).

28. രക്ഷയിലേക്കു വളർന്നു വരേണ്ടതിന് നിങ്ങൾ പരിശുദ്ധവും ആത്മീയവുമായ പാലിനുവേണ്ടി ഇളംപൈതങ്ങളെപ്പോലെ ദാഹിക്കുവിൻ (1 പത്രോ 2,2).

29. നിങ്ങൾ പശ്ചാത്തപിക്കുവിൻ; പാമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്കു ലഭിക്കും (അപ്പ 2,38).

www.malankaralibrary.com



30. മറിയത്തിന്റെ അഭിവാദനം കേട്ടപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചുചാടി. എലിസബത്ത് പരിശുദ്ധാത്മാവു നിറഞ്ഞവളായി (ലൂക്കാ 1,41).

31. കർത്താവിന്റെ സന്നിധിയിൽ അവൻ വലിയവനായിരിക്കും. വീഞ്ഞോ മറ്റു ലഹരിപാനീയങ്ങളോ അവൻ കുടിക്കില്ല. അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ അവൻ പരിശുദ്ധാത്മാവിനാൽ നിറയും (ലൂക്കാ 1,15).

## 5. മൂറോനഭിഷേകം

1. പിന്നീട് ശിരസിൽ തൈലഭിഷേകം ചെയ്ത് അഹറോനെ വിശുദ്ധീകരിച്ചു (ലേവ്യ 8,12).
2. അന്നുമുതൽ കർത്താവിന്റെ ആത്മാവ് ദാവീദിന്റെ മേൽ ശക്തമായി ആവസിച്ചു (1 സാമു 16,13).
3. നിംഷിയുടെ മകൻ യേശുവിനെ ഇസ്രായേൽ രാജാവായും ആബേൽ മെഹോലായിലെ ഷാഫാത്തിന്റെ മകൻ എലീഷായെ നിനക്കു പകരം പ്രവാചകനായും അഭിഷേകം ചെയ്യുക (1 രാജാ 19,16).
4. ഞാൻ എന്റെ ദാസനായ ദാവീദിനെ കണ്ടെത്തി. വിശുദ്ധതൈലം കൊണ്ട് ഞാൻ അവനെ അഭിഷേകം ചെയ്തു (സങ്കീ 89,20).
5. എന്റെ ശത്രുക്കളുടെ മുമ്പിൽ അവിടുന്ന് എനിക്കു വിരുന്നൊരുക്കുന്നു; എന്റെ ശിരസ്സ് തൈലംകൊണ്ട് അഭിഷേകം ചെയ്യുന്നു. എന്റെ പാനപാത്രം കവിഞ്ഞൊഴുകുന്നു (സങ്കീ 23,5).
6. പരിശുദ്ധനായവൻ നിങ്ങളെ അഭിഷേകം ചെയ്തിട്ടുണ്ടെന്നു നിങ്ങൾക്കറിയാമല്ലോ (1 യോഹ 2,20).
7. പിന്നീട് അവരുടെ മേൽ അവർ കൈകൾ വച്ചു; അവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്തു (അപ്പ 8,17).

   ഞങ്ങളെ നിങ്ങളോടു കൂടെ ക്രിസ്തുവിൽ സ്ഥാപിച്ചിരിക്കുന്നതും അഭിഷേകം ചെയ്തിരിക്കുന്നതും ദൈവമാണ് (2 കോറി 1,21).

## 6. വിശുദ്ധകുർബ്ബാന

1. യേശുവിന്റെ ശരീരവും രക്തവും (യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യവും ജീവനും) - അവർ ഭക്ഷിച്ചുകൊണ്ടിരുന്നപ്പോൾ യേശു അപ്പമെടുത്ത്, ആശീർവ്വദിച്ച്, മുറിച്ച്, അവർക്കു നല്കികൊണ്ട് അരുളി ചെയ്തു: ഇതു സ്വീകരിക്കുവിൻ; ഇത് എന്റെ ശരീരമാണ്. അനന്തരം പാനപാത്രം എ

www.malankaralibrary.com



ടുത്ത്, കൃതജ്ഞതാസ്തോത്രം ചെയ്ത്, അവർക്കു നല്കി. എല്ലാവരും അതിൽ നിന്നു പാനം ചെയ്തു (മർക്കോ 14,22-24).

2. അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ യേശു അപ്പമെടുത്ത് ആശീർവ്വദിച്ചു മുറിച്ച് ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുളി ചെയ്തു: വാങ്ങി ഭക്ഷിക്കുവിൻ; ഇത് എന്റെ ശരീരമാണ്. അനന്തരം പാനപാത്രമെടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് അവർക്കു കൊടുത്തുകൊണ്ട് പറഞ്ഞു: നിങ്ങളെല്ലാവരും ഇതിൽ നിന്നു പാനം ചെയ്യുവിൻ. ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ് (മത്താ 26,26-28).

3. അവൻ അപ്പമെടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത്, മുറിച്ച്, അവർക്കു കൊടുത്തുകൊണ്ട് അരുളി ചെയ്തു: ഇത് നിങ്ങൾക്കു വേണ്ടി നല്കപ്പെടുന്ന എന്റെ ശരീരമാണ്. എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ. അപ്രകാരം തന്നെ അത്താഴത്തിനുശേഷം അവൻ പാനപാത്രം എടുത്തുകൊണ്ട് അരുളി ചെയ്തു: ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ് (ലൂക്കാ 22,19-20).

4. അവർ എത്തേണ്ടിയിരുന്ന ഗ്രാമത്തോടടുത്തു. അവനാകട്ടെ യാത്ര തുടരുകയാണെന്നു ഭാവിച്ചു. അവർ അവനെ നിർബ്ബന്ധിച്ചുകൊണ്ടു പറഞ്ഞു: ഞങ്ങളോടുകൂടെ താമസിക്കുക. നേരം വൈകുന്നു; പകൽ അസ്തമിക്കാറായി. അവൻ അവരോടുകൂടെ താമസിക്കുവാൻ കയറി. അവരോടൊപ്പം ഭക്ഷണത്തിനിരുന്നപ്പോൾ, അവൻ അപ്പമെടുത്ത് ആശീർവ്വദിച്ച്, മുറിച്ച് അവർക്കു കൊടുത്തു. അപ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു. അവർ അവനെ തിരിച്ചറിഞ്ഞു (ലൂക്കാ 24,28-31).

5. അപ്രകാരം തന്നെ അത്താഴത്തിനുശേഷം പാനപാത്രമെടുത്ത് അരുളി ചെയ്തു: ഇത് എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്. നിങ്ങൾ ഇതു പാനം ചെയ്യുമ്പോഴെല്ലാം എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ (1 കോറി 11,25).

6. നാം ആശീർവ്വദിക്കുന്ന അനുഗ്രഹത്തിന്റെ പാനപാത്രം ക്രിസ്തുവിന്റെ രക്തത്തിലുള്ള ഭാഗഭാഗിത്വമല്ലേ? നാം മുറിക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിലുള്ള ഭാഗഭാഗിത്വമല്ലേ? അപ്പം ഒന്നേയുള്ളൂ. അതിനാൽ, പലരായിരിക്കുന്ന നാം ഒരു ശരീരമാണ്. എന്തെന്നാൽ, ഒരേ അപ്പത്തിൽ നാം ഭാഗഭാക്കുകളാണ്. ജനനം കൊണ്ടുമാത്രം ഇസ്രായേൽക്കാരായവരെ നോക്കുവിൻ. ബലിവസ്തുക്കൾ ഭക്ഷിക്കുന്നവർക്കല്ലേ ബലിപീഠത്തിലെ ഭാഗഭാഗിത്വം? വിഗ്രഹത്തിനു സമർപ്പിച്ച ആഹാരപദാർത്ഥമോ വിഗ്രഹം തന്നെയോ എന്തെങ്കിലും ആണെന്നു ഞാൻ ഉദ്ദേശിക്കുന്നുണ്ടോ? ഇല്ല. വിജാതിയർ ബലിയർപ്പിക്കുന്നതു

www.malankaralibrary.com



പിശാചിനാണ്, ദൈവത്തിനല്ല എന്നാണ് ഞാൻ പറയുന്നത് (1 കോറി 10,16-20).

7. നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം, അവന്റെ പ്രത്യാഗമനം വരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത് (1 കോറി 11,26).

## ഫലങ്ങൾ

8. (നിത്യജീവനും പുനരുദ്ധാനവും) - എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാന ദിവസം ഞാൻ അവനെ ഉയർപ്പിക്കും (യോഹ 6,54).

9. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു (യോഹ 6,56).

10. ജീവിക്കുന്നവനായ പിതാവ് എന്നെ അയച്ചു. ഞാൻ പിതാവുമൂലം ജീവിക്കുന്നു. അതു പോലെ എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും (യോഹ 6,57).

11. ഇതു സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന അപ്പമാണ്. പിതാക്കന്മാർ മന്നാ ഭക്ഷിച്ചു; എങ്കിലും മരിച്ചു. അതുപോലെ അല്ല ഈ അപ്പം. ഇതു ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും (യോഹ 6,58).

12. അപ്പം ഒന്നേയുള്ളൂ. അതിനാൽ പലരായിരിക്കുന്ന നാം ഒരു ശരീരമാണ്. എന്തെന്നാൽ, ഒരേ അപ്പത്തിൽ നാം ഭാഗഭാക്കുകളാണ്. (സഭാപരമായ ഐക്യം) (1 കോറി 10,17).

13. അവരോടൊപ്പം ഭക്ഷണത്തിനിരുന്നപ്പോൾ അവൻ അപ്പം എടുത്ത് ആശീർവ്വദിച്ച് മുറിച്ച് അവർക്കു കൊടുത്തു. അപ്പോൾ അവരുടെ കണ്ണു തുറക്കപ്പെട്ടു. അവർ അവനെ തിരിച്ചറിഞ്ഞു. പക്ഷേ, അവൻ അവരുടെ മുമ്പിൽ നിന്ന് അപ്രത്യക്ഷനായി. അവർ പരസ്പരം പറഞ്ഞു, വഴിയിൽ വച്ച് അവൻ വിശുദ്ധലിഖിതം വിശദീകരിച്ചുകൊണ്ട് നമ്മോടു സംസാരിച്ചപ്പോൾ നമ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലേ? അവർ അപ്പോൾ എഴുന്നേറ്റ് ജറുസലേമിലേക്കു തിരിച്ചുപോയി; അവിടെ കൂടിയിരുന്ന പതിനൊന്നു പേരെയും അവരോടൊപ്പമുണ്ടായിരുന്നവരെയും കണ്ടു. കർത്താവ് സത്യമായും ഉയിർത്തെഴുന്നേറ്റു; ശിമയോനു പ്രത്യക്ഷപ്പെട്ടു എന്ന് അവർ പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു (ലൂക്കാ 24,30-34).

14. അതിനാൽ ഓരോരുത്തരും ആത്മശോധന ചെയ്തതിനുശേഷം ഈ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്യ

www.malankaralibrary.com



ട്ടെ. എന്തുകൊണ്ടെന്നാൽ ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവൻ തന്റെ തന്നെ ശിക്ഷാവിധിയാണ് ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതും. (സ്വയം പരിശോധിച്ചിട്ട് സ്വീകരിക്കണം). ആദിസഭ അനുവർത്തിച്ചിരുന്നു (1 കോറി 11,28–29).

15. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരുടെ കുർബാനാനുഭവം (ലൂക്കാ 24,13–35).

16. ആ ദിവസം തന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു. അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു (അപ്പ 2,42).

17. ആഴ്ചയുടെ ആദ്യദിവസം അപ്പം മുറിക്കാൻ ഞങ്ങൾ ഒരുമിച്ചുകൂടി. അടുത്ത ദിവസം യാത്ര പുറപ്പെടേണ്ടിയിരുന്നതുകൊണ്ട് പൗലോസ് അവരോടു പ്രസംഗിച്ചു (അപ്പ 20,7).

18. അവൻ (യേശു) അവരോടു പറഞ്ഞു: പീഡയനുഭവിക്കുന്നതിനുമുമ്പ് നിങ്ങളോടുകൂടെ ഈ പെസഹാ ഭക്ഷിക്കാൻ ഞാൻ ആഗ്രഹിച്ചു. ഞാൻ നിങ്ങളോടു പറയുന്നു: ദൈവരാജ്യത്തിൽ ഇതു പൂർത്തിയാകുന്നതുവരെ ഞാൻ ഇനി ഇതു ഭക്ഷിക്കുകയില്ല. അവൻ പാനപാത്രം എടുത്തു കൃതജ്ഞതാസ്തോത്രം ചെയ്തതിനുശേഷം പറഞ്ഞു: ഇതു വാങ്ങി നിങ്ങൾ പങ്കുവയ്ക്കുവിൻ. ഞാൻ നിങ്ങളോടു പറയുന്നു: ഇപ്പോൾ മുതൽ ദൈവരാജ്യം വരുന്നതുവരെ മുന്തിരിയുടെ ഫലത്തിൽ നിന്നു ഞാൻ പാനം ചെയ്യുകയില്ല (ലൂക്കാ 22,15–18).

## 7. കുമ്പസാരം

1. ഇവയിൽ ഏതെങ്കിലും കാര്യത്തിൽ ഒരുവൻ കുറ്റക്കാരനാണെങ്കിൽ അവൻ തന്റെ പാപം ഏറ്റു പറയണം (ലേവ്യ 5,5).

2. തെറ്റുകൾ മറച്ചുവയ്ക്കുന്നവന് ഐശ്വര്യമുണ്ടാവുകയില്ല. അവ ഏറ്റു പറഞ്ഞ് പരിത്യജിക്കുന്നവന് കരുണ ലഭിക്കും (സുഭാ 28,13).

3. അതിക്രമങ്ങൾക്കു മാപ്പും പാപങ്ങൾക്കു മോചനവും ലഭിച്ചവൻ ഭാഗ്യവാൻ. കർത്താവ് കുറ്റം ചുമത്താത്തവനും ഹൃദയത്തിൽ വഞ്ചനയില്ലാത്തവനും ഭാഗ്യവാൻ (സങ്കീ 32,1–2).

4. ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് വൈദ്യനെക്കൊണ്ടാവശ്യം. നീതിമാന്മാരെയല്ല പാപികളെ വിളിക്കാനാണ് ഞാൻ വന്നത് (മർക്കോ 2,10).

www.malankaralibrary.com



ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് വൈദ്യനെക്കൊണ്ടാവശ്യം (മത്താ 9,12).

ഞാൻ വന്നിരിക്കുന്നത് നീതിമാന്മാരെ വിളിക്കാനല്ല, പാപികളെ പശ്ചാത്താപത്തിലേക്കു ക്ഷണിക്കാനാണ് (ലൂക്കാ 5,32).

5. ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കാൻ മനുഷ്യപുത്രന് അധികാരമുണ്ടെന്ന് നിങ്ങൾ അറിയേണ്ടതിന് - അവൻ തളർവാതരോഗിയോട് പറഞ്ഞു (മർക്കോ 2,10); മത്താ 9,6; ലൂക്കാ 5,24 എന്നിവയും കാണുക.

6. നീ പത്രോസാണ്. ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരെ പ്രാബല്യപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും (മത്താ 16,18-19).

7. നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും (യോഹ 20,23).

8. അതിനാൽ, നിന്റെ ഈ ദുഷ്ടതയെക്കുറിച്ച് നീ അനുതപിക്കുകയും കർത്താവിനോട് പ്രാർത്ഥിക്കുകയും ചെയ്യുക. ഒരുപക്ഷേ നിന്റെ ഈ ദുഷ്ടവിചാരത്തിന് മാപ്പു ലഭിക്കും (അപ്പ 8,22).

9. കർത്താവ് അരുളിച്ചെയ്യുന്നു: വരുവിൻ, നമുക്കു രമ്യപ്പെടാം. നിങ്ങളുടെ പാപങ്ങൾ കടുംചെമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെൺമയുള്ളതായിത്തീരും. അവ രക്തവർണ്ണമെങ്കിലും കമ്പിളിപോലെ വെളുക്കും. അനുസരിക്കാൻ സന്നദ്ധരെങ്കിൽ നിങ്ങൾ ഐശ്വര്യം ആസ്വദിക്കും (ഏശ 1,18).

10. എന്നാൽ നാം പാപങ്ങൾ ഏറ്റുപറയുന്നെങ്കിൽ, അവൻ വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിൽ നിന്ന് നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും (1 യോഹ 1,9).

11. പിതാവ് എനിക്കു നല്കുന്നവരെല്ലാം എന്റെ അടുത്തുവരും. എന്റെ അടുക്കൽ വരുന്നവരെ ഞാൻ ഒരിക്കലും തള്ളിക്കളയുകയുമില്ല (1 യോഹ 1,9).

12. കൂടാതെ വിശ്വാസം സ്വീകരിച്ച പലരും വന്ന് തങ്ങളുടെ ദുർനടപടികൾ ഏറ്റുപറഞ്ഞ്, കുറ്റം സമ്മതിച്ചു (അപ്പ 19,18).

13. അപ്പോൾ അവനു സുബോധമുണ്ടായി. അവൻ പറഞ്ഞു: എന്റെ പിതാവിന്റെ എത്രയോ ദാസന്മാർ സുഭിക്ഷമായി ഭക്ഷണം കഴിക്കുന്നു!

www.malankaralibrary.com



ഞാനോ ഇവിടെ വിശന്നു മരിക്കുന്നു! ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുത്തേക്കു പോകും. ഞാൻ അവനോടു പറയും: പിതാവേ, സ്വർഗ്ഗത്തിനെതിരായും നിന്റെ മുമ്പിലും ഞാൻ പാപം ചെയ്തു. നിന്റെ പുത്രനെന്നു വിളിക്കപ്പെടാൻ ഞാൻ ഇനി യോഗ്യനല്ല. നിന്റെ ദാസരിൽ ഒരുവനായി എന്നെ സ്വീകരിക്കേണമേ. അവൻ എഴുന്നേറ്റ് പിതാവിന്റെ അടുത്തേക്കുചെന്നു. ദൂരെ വച്ചു തന്നെ പിതാവ് അവനെ കണ്ടു. അവൻ മനസ്സലിഞ്ഞ് ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ചു. മകൻ പറഞ്ഞു: പിതാവേ, സ്വർഗ്ഗത്തിനെതിരായും, നിന്റെ മുമ്പിലും ഞാൻ പാപം ചെയ്തു. നിന്റെ പുത്രനെന്നു വിളിക്കപ്പെടാൻ ഞാൻ ഇനി യോഗ്യനല്ല (ലൂക്കാ 15,17-21).

14. അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റിയൊമ്പതു നീതിമാൻമാരെ എന്നതിനെക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും എന്നു ഞാൻ നിങ്ങളോട് പറയുന്നു (ലൂക്കാ 15,7).

## 8. രോഗികളുടെ തൈലാഭിഷേകം

1. ശിഷ്യന്മാർ പുറപ്പെട്ട് ജനങ്ങളോട് അനുതപിക്കണമെന്നു പ്രസംഗിച്ചു. അനേകം പിശാചുക്കളെ പുറത്താക്കി. അനേകം രോഗികളെ തൈലം പൂശി സുഖപ്പെടുത്തി (മർക്കോ 6,12-13).
2. നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനു വേണ്ടി പ്രാർത്ഥിക്കട്ടെ (യാക്കോ 5,14).
3. വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. കർത്താവ് അവനെ എഴുന്നേല്പ്പിക്കും. അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടുന്ന് അവനു മാപ്പു നല്കും (യാക്കോ 5,15).
4. നിങ്ങൾ സൗഖ്യം പ്രാപിക്കാനായി പരസ്പരം പാപങ്ങൾ ഏറ്റു പറയുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ. നീതിമാന്റെ പ്രാർത്ഥന വളരെ ശക്തിയുള്ളതും ഫലദായകവുമാണ് (യാക്കോ 5, 16).

## 9. പൗരോഹിത്യം

1. ദൈവത്തിന്റെ മുമ്പിൽ അവർ വിശുദ്ധരായിരിക്കണം. ദൈവത്തിന്റെ നാമം അശുദ്ധമാക്കരുത്. അവരാണ് ദൈവമായ കർത്താവിന് ദഹനബലികളും ഭോജനബലികളും അർപ്പിക്കുന്നത്. അതുകൊണ്ട് അവർ വിശുദ്ധരായിരിക്കണം (ലേവ്യ 21,6).

www.malankaralibrary.com



2. അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുന്നവനല്ലാതെ ആരും സ്വയം ഈ ബഹുമതി ഏറ്റെടുക്കുന്നില്ല (ഹെബ്രാ 5,4).

3. അവിടുന്ന് വീണ്ടും പറയുന്നു, മെൽക്കിസദേക്കിന്റെ ക്രമപ്രകാരം നീ എന്നേക്കും പുരോഹിതനാണ് (ഹെബ്രാ 5,6).

4. നിശ്ചയമായും നിന്നെ ഞാനനുഗ്രഹിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യും. അബ്രഹാം ദീർഘക്ഷമയോടെ കാത്തിരുന്ന് ഈ വാഗ്ദാനം പ്രാപിച്ചു. മനുഷ്യർ തങ്ങളെക്കാൾ വലിയവനെക്കൊണ്ടാണല്ലോ ശപഥം ചെയ്യുന്നത്. ശപഥമാണ് അവരുടെ എല്ലാ തർക്കങ്ങളും തീർക്കുന്നതിൽ അവസാനവാക്ക്. ദൈവം തന്റെ തീരുമാനത്തിന്റെ അചഞ്ചലത വാഗ്ദാനത്തിന്റെ അവകാശികൾക്ക് കൂടുതൽ വ്യക്തമാക്കിയെടുക്കാൻ നിശ്ചയിച്ചപ്പോൾ ഒരു ശപഥത്താൽ ഈ തീരുമാനത്തെ ഉറപ്പിച്ചു (ഹെബ്രാ 7,14-17).

5. പ്രഭാതമായപ്പോൾ അവൻ ശിഷ്യന്മാരെ അടുത്ത് വിളിച്ച് അവരിൽ നിന്ന് പന്ത്രണ്ട് പേരെ തിരഞ്ഞെടുത്ത് അവർക്ക് അപ്പസ്തോലന്മാർ എന്ന് പേര് നല്കി (ലൂക്കാ 6,13).

6. നിങ്ങൾ സജീവശിലകൾ കൊണ്ടുള്ള ഒരു ആത്മീയഭവനമായി പടുത്തുയർത്തപ്പെടട്ടെ. യേശുക്രിസ്തു വഴി ദൈവത്തിന് സ്വീകാര്യമായ ബലികളർപ്പിക്കുന്നതിന് വിശുദ്ധമായ ഒരു പുരോഹിതജനമാവുകയും ചെയ്യട്ടെ (1 പത്രോ, 2,5).

7. എന്നാൽ, നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയപുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്. അതിനാൽ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുതമായ പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ നന്മകൾ പ്രകീർത്തിക്കണം (1 പത്രോ 2,9).

8. അവൻ ഇപ്രകാരം ഉദ്ഘോഷിച്ചു: എന്നെക്കാൾ ശക്തനായവൻ എന്റെ പിന്നാലെ വരുന്നു. കുനിഞ്ഞ് അവന്റെ ചെരിപ്പിന്റെ വള്ളികൾ അഴിക്കാൻ പോലും ഞാൻ യോഗ്യനല്ല (മർക്കോ 1,7) (മത്താ 4,19).

9. ആ യുവാവ് ചോദിച്ചു, ഇവയെല്ലാം ഞാൻ അനുസരിച്ചിട്ടുണ്ട്; ഇനിയും എന്താണ് എനിക്കു കുറവ്? (മത്താ 19,20).

10. തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്ത് ഭക്ഷണം കൊടുക്കാൻ യജമാനൻ നിയോഗിച്ച വിവേകിയും വിശ്വസ്തനുമായ ഭൃത്യൻ ആരാണ്? (മത്താ 24,45).

11. ഉപവാസത്തിനും പ്രാർത്ഥനയ്ക്കും ശേഷം അവർ അവരുടെ മേൽ കൈവയ്പു നടത്തി പറഞ്ഞയച്ചു (അപ്പ 13,3).

12. അവർ സഭകൾ തോറും ശ്രേഷ്ഠന്മാരെ നിയമിച്ച് പ്രാർത്ഥനയോടും

www.malankaralibrary.com



ഉപവാസത്തോടും കൂടെ അവരെ തങ്ങൾ വിശ്വസിച്ച കർത്താവിന് സമർപ്പിച്ചു (അപ്പ 14,23).

15. ക്രിസ്തുവിന്റെ ദാസന്മാരും ദൈവരഹസ്യങ്ങളുടെ കാര്യസ്ഥന്മാരുമായിട്ടാണ് ഞങ്ങളെ പരിഗണിക്കേണ്ടത് (1 കോറി 4,1).

16. അത് നിർബന്ധം മൂലമായിരിക്കരുത്, ദൈവത്തെ പ്രതി സന്മനസ്സോടെ ആയിരിക്കണം. ലാഭേച്ഛയോടെ ആയിരിക്കരുത്. തീക്ഷ്ണതയോടെ ആയിരിക്കണം. അജഗണത്തിന്മേൽ ആധിപത്യം ചുമത്തിക്കൊണ്ടായിരിക്കരുത്. സന്മാതൃക നല്കിക്കൊണ്ടായിരിക്കണം (1 പത്രോ 5,3).

17. അവർ നിർമ്മലമനസാക്ഷിയോടുകൂടെ വിശ്വാസത്തിന്റെ രഹസ്യം സൂക്ഷിക്കുന്നവരാകണം (1 തിമോ 3,9).

18. കർത്താവിന്റെ ദാസൻ കലഹപ്രിയനായിരിക്കരുത്; എല്ലാവരോടും സൗമ്യതയുള്ളവനും യോഗ്യനായ അദ്ധ്യാപകനും ക്ഷമാശീലനുമായിരിക്കണം (2 തിമോ 2,24).

19. സഭയെ നന്നായി ഭരിക്കുന്ന ശ്രേഷ്ഠന്മാർ, പ്രത്യേകിച്ച്, പ്രസംഗത്തിലും പ്രബോധനത്തിലും നിരന്തരം ഏർപ്പെട്ടിരിക്കുന്നവർ, കൂടുതൽ ബഹുമാനത്തിനർഹരായി പരിഗണിക്കപ്പെടണം (1 തിമോ 5,17).

20. വചനം പഠിക്കുന്നവൻ തനിക്കുള്ള എല്ലാ നല്ല വസ്തുക്കളുടെയും പങ്ക് തന്റെ അദ്ധ്യാപകന് നല്കണം (ഗലാ 6,6).

21. രാജാക്കന്മാരെ വധിച്ചശേഷം മടങ്ങിവന്ന അബ്രഹാത്തെ കണ്ടപ്പോൾ, സലേമിന്റെ രാജാവും അത്യുന്നതനുമായ ദൈവത്തിന്റെ പുരോഹിതനുമായ മെൽക്കിസദേക്ക് അവനെ അനുഗ്രഹിച്ചു (ഹെബ്രാ 7,1).

22. ലേവിയുടെ പുത്രന്മാരിൽ പൗരോഹിത്യം സ്വീകരിച്ചിരുന്നവർക്ക് തങ്ങളുടെ സഹോദരരും അബ്രഹാമിന്റെ മക്കളുമായിരുന്ന ജനങ്ങളിൽ നിന്നുപോലും ഒരംശം വാങ്ങാൻ നിയമത്തിന്റെ അനുശാസനം ഉണ്ടായിരുന്നു (ഹെബ്രാ 7,5).

23. പോകുവിൻ, പോകുവിൻ, അവിടെ നിന്ന് കടന്നുപോകുവിൻ. അശുദ്ധവസ്തുക്കളെ സ്പർശിക്കരുത്. കർത്താവിന്റെ പാത്രവാഹകരേ, നിങ്ങൾ അവരിൽനിന്ന് ഓടിയകലുവിൻ. നിങ്ങളെത്തന്നെ ശുദ്ധീകരിക്കുവിൻ (ഏശ 52,11).

## 10. വിവാഹം

1. ദൈവമായ കർത്താവ് അരുളിച്ചെയ്തു: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; അവന് ചേർന്ന ഇണയെ ഞാൻ നല്കും (ഉൽപ 2,18).

www.malankaralibrary.com



2. എന്നാൽ, സൃഷ്ടിയുടെ ആരംഭം മുതലേ ദൈവം അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയും വിടുകയും അവർ ഇരുവരും ഒരു ശരീരമായിത്തീരുകയും ചെയ്യും. പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒറ്റ ശരീരമായിരിക്കും. അതിനാൽ ദൈവം സംയോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ. (മർക്കോ 10,6-9).

3. അവൻ പറഞ്ഞു: ഭാര്യയെ ഉപേക്ഷിച്ചിട്ട് മറ്റൊരുവളെ വിവാഹം ചെയ്യുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഭർത്താവിനെ ഉപേക്ഷിച്ചു മറ്റൊരുവനെ വിവാഹം ചെയ്യുന്നവളും വ്യഭിചാരം ചെയ്യുന്നു (മർക്കോ 10,11-12).

4. മൂന്നാം ദിവസം ഗലീലിയിലെ കാനായിൽ ഒരു വിവാഹവിരുന്നു നടന്നു. യേശുവിന്റെ അമ്മ അവിടെയുണ്ടായിരുന്നു. യേശുവും ശിഷ്യന്മാരും വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു (യോഹ 2,1-2).

5. ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻ വേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹിക്കണം (എഫേ 5,25).

6. അതുപോലെതന്നെ ഭർത്താക്കന്മാർ ഭാര്യമാരെ സ്വന്തം ശരീരത്തെ എന്നപോലെ സ്നേഹിക്കണം. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്തന്നെയാണ് സ്നേഹിക്കുന്നത് (എഫേ 5,28).

7. ഭർത്താക്കന്മാരേ, നിങ്ങൾ ഭാര്യമാരെ സ്നേഹിക്കുവിൻ. അവരോട് നിർദ്ദയമായി പെരുമാറരുത് (കൊളോ 3,9).

8. ഇത് ഒരു വലിയ രഹസ്യമാണ്. സഭയോടും ക്രിസ്തുവിനോടും ബന്ധപ്പെടുത്തിയാണ് ഞാൻ ഇതു പറയുന്നത് (എഫേ 5,32).

9. ക്രിസ്തു നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും സ്നേഹത്തിൽ ജീവിക്കുവിൻ. അവിടുന്നു നമുക്കുവേണ്ടി സുരഭില കാഴ്ചയും ബലിയുമായി തന്നെത്തന്നെ ദൈവത്തിനു സമർപ്പിച്ചു (എഫേ 5,2).

10. ജ്ഞാനം വീടുപണിയുന്നു. ഭോഷത്തം സ്വന്തം കൈകൊണ്ട് അത് ഇടിച്ചുനിരത്തുന്നു (സുഭാ 14,1).

11. ഭോഷനായ പുത്രൻ പിതാവിനെ നശിപ്പിക്കുന്നു. ഭാര്യയുടെ കലഹം തുടർച്ചയായ ചാറ്റൽമഴ പോലെയാണ്. വീടും സമ്പത്തും പിതാക്കന്മാരിൽ നിന്ന് അവകാശമായി കിട്ടുന്നു. വിവേകവതിയായ ഭാര്യയാവട്ടെ കർത്താവിന്റെ ദാനമാണ് (സുഭാ 19,13-14).

12. ആദം ഭാര്യയെ ഹവ്വാ എന്നു വിളിച്ചു. കാരണം അവൾ ജീവനുള്ളവരുടെയെല്ലാം മാതാവാണ് (ഉൽപ 3,20).

www.malankaralibrary.com



## 10എ. മാതാപിതാക്കന്മാർ

13. അവർ ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠരും കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു (ലൂക്കാ 1,6).

14. സ്വന്തം കുടുംബത്തെ ഭരിക്കാൻ അറിഞ്ഞുകൂടാത്തവൻ കർത്താവിന്റെ സഭയെ എങ്ങനെ ഭരിക്കും? (1 തിമൊ 3,5).

15. അവൻ തന്റെ കുടുംബത്തെ ശരിയായി നിയന്ത്രിക്കുന്നവനും സന്താനങ്ങളെ അനുസരണത്തിലും വിനയത്തിലും വളർത്തുന്നവനുമായിരിക്കണം (1 തിമൊ 3,4).

16. പിതാക്കന്മാരേ, നിങ്ങൾ കുട്ടികളിൽ കോപം ഉളവാക്കരുത്. അവരെ കർത്താവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും വളർത്തുവിൻ (എഫേ 6,4).

17. പിതാക്കന്മാരേ, നിങ്ങളുടെ കുട്ടികളെ പ്രകോപിപ്പിക്കരുത്. പ്രകോപിപ്പിച്ചാൽ അവർ നിരുന്മേഷരാകും (കൊളോ 3,21).

18. അവരുടെ പ്രാതൽ കഴിഞ്ഞപ്പോൾ യേശു ശിമയോൻ പത്രോസിനോട് ചോദിച്ചു: യോഹന്നാന്റെ പുത്രനായ ശിമയോനെ നീ ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ? അവൻ പറഞ്ഞു ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു നീ അറിയുന്നുവല്ലോ. യേശു അവനോട് പറഞ്ഞു. എന്റെ ആടുകളെ മേയിക്കുക (യോഹ 21,15).

19. ശൈശവത്തിൽത്തന്നെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക. വാർദ്ധക്യത്തിലും അതിൽ നിന്നു വ്യതിചലിക്കുകയില്ല (സുഭാ 22,6).

20. മകനു ശിക്ഷണം നല്കുക. അവൻ നിനക്ക് ആശ്വാസഹേതുവാകും; നിന്റെ ഹൃദയത്തെ ആഹ്ലാദിപ്പിക്കുകയും ചെയ്യും (സുഭാ 29,17).

21. പിതാക്കന്മാരേ, ഞാൻ നിങ്ങൾക്ക് എഴുതുന്നു: ആദി മുതലുള്ളവനെ നിങ്ങളറിയുന്നു. യുവാക്കന്മാരേ, ഞാൻ നിങ്ങൾക്കെഴുതുന്നു: ദുഷ്ടനെ നിങ്ങൾ ജയിച്ചിരിക്കുന്നു (1 യോഹ 2,13).

## 10ബി. മക്കൾ

22. കർത്താവിന്റെ ദാനമാണ് മക്കൾ. ഉദരഫലം ഒരു സമ്മാനവും (സങ്കീ 127,3).

23. നിന്റെ മക്കൾ നിന്റെ മേശക്കുചുറ്റും ഒലിവുതൈകൾ പോലെയും (സങ്കീ 128,3).

www.malankaralibrary.com



24. അവൾ ഉദ്ഘോഷിച്ചു: നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. നിന്റെ ഉദരഫലവും അനുഗൃഹീതം (ലൂക്കാ 1,42).

25. കുഞ്ഞുങ്ങളേ, ഞാൻ നിങ്ങൾക്കെഴുതുന്നു: പിതാവിനെ നിങ്ങളറിയുന്നു (1 യോഹ 2,14).

26. എന്തെന്നാൽ, നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക. പിതാവിനെയോ മാതാവിനെയോ ദുഷിപ്പു പറയുന്നവൻ മരിക്കട്ടെ എന്നു മോശ പറഞ്ഞിട്ടുണ്ട് (മർക്കോ 7,10).

27. പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക; പിതാവിനെയോ മാതാവിനെയോ അധിക്ഷേപിക്കുന്നവൻ മരിക്കണം എന്നു ദൈവം കല്പിച്ചിരിക്കുന്നു (മത്താ 15,4).

28. മകനേ, നിന്റെ പിതാവിന്റെ കല്പന കാത്തുകൊള്ളുക. മാതാവിന്റെ ഉപദേശം നിരസിക്കയുമരുത് (സുഭാ 6,20).

29. കുട്ടികളേ, കർത്താവിൽ നിങ്ങൾ മാതാപിതാക്കന്മാരെ അനുസരിക്കുവിൻ. അതു ന്യായയുക്തമാണ്. നിങ്ങൾക്കു നന്മ വരുന്നതിനും ഭൂമിയിൽ ദീർഘകാലം ജീവിക്കുന്നതിനും വേണ്ടി മാതാവിനെയും പിതാവിനെയും ബഹുമാനിക്കുക. വാഗ്ദാനത്തോടു കൂടിയ ആദ്യത്തെ കല്പന ഇതത്രേ (എഫേ 6,1-3).

30. പ്രായം ചെന്നു നരച്ചവരുടെ മുമ്പിൽ ആദരപൂർവ്വം എഴുന്നേൽക്കുകയും അവരെ ബഹുമാനിക്കുകയും വേണം. നിന്റെ ദൈവത്തെ ഭയപ്പെടുക. ഞാനാണു കർത്താവ് (ലേവ്യ 19,32).

31. മകനേ, കർത്താവിനെയും രാജാവിനെയും ഭയപ്പെടുക. അവരെ ധിക്കരിക്കരുത് (സുഭാ 2,21).

32. സാമുവൽ വളർന്നുവന്നു. കർത്താവ് അവനോടുകൂടെ ഉണ്ടായിരുന്നു. അവന്റെ വാക്കുകളിലൊന്നും വ്യർത്ഥമാക്കാൻ അവിടുന്ന് ഇടവരുത്തിയില്ല (1 സാമു 3,19).

33. ഇതുകണ്ടപ്പോൾ യേശു കോപിച്ച് അവരോടു പറഞ്ഞു: ശിശുക്കൾ എന്റെയടുത്തേക്കു വരാൻ അനുവദിക്കുവിൻ. അവരെ തടയരുത്. എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരെപ്പോലുള്ളവരുടേതാണ് (മർക്കോ 10,14).

34. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കാത്ത ആരും അതിൽ പ്രവേശിക്കുകയില്ല (മർക്കോ 10,15).

35. ഈ ശിശുവിനെപ്പോലെ സ്വയം ചെറുതാകുന്നവനാണു സ്വർഗ്ഗരാജ്യത്തിലെ ഏറ്റവും വലിയവൻ (മത്താ 18,4).

www.malankaralibrary.com



36. ഇതുപോലുള്ള ഒരു ശിശുവിനെ എന്റെ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു (മത്താ 18,5).

37. മറിയത്തിന്റെ അഭിവാദനം കേട്ടപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചുചാടി (ലൂക്കാ 1,41).

38. ദൂതൻ അവനോടു പറഞ്ഞു: സഖറിയാ, ഭയപ്പെടേണ്ടാ. നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു. നിന്റെ ഭാര്യ എലിസബത്തിൽ നിനക്ക് ഒരു പുത്രൻ ജനിക്കും. നീ അവന് യോഹന്നാൻ എന്നു പേരിടണം. നിനക്ക് ആനന്ദവും സന്തുഷ്ടിയുമുണ്ടാകും. അനേകർ അവന്റെ ജനനത്തിൽ ആഹ്ലാദിക്കുകയും ചെയ്യും. കർത്താവിന്റെ സന്നിധിയിൽ അവൻ വലിയവനായിരിക്കും. വീഞ്ഞോ ലഹരിപാനീയങ്ങളോ അവൻ കുടിക്കുകയില്ല. അമ്മയുടെ ഉദരത്തിൽ വച്ചു തന്നെ അവൻ പരിശുദ്ധാത്മാവിനാൽ നിറയും. ഇസ്രായേൽ മക്കളിൽ വളരെപ്പേരെ അവരുടെ ദൈവമായ കർത്താവിലേക്ക് അവൻ തിരികെ കൊണ്ടുവരും (ലൂക്കാ 1,13-16).

39. നീയോ, കുഞ്ഞേ, അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും. കർത്താവിനു വഴിയൊരുക്കാൻ അവിടുത്തെ മുമ്പേ നീ പോകും (ലൂക്കാ 1,76).

## 11. കന്യത്വം

1. കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും എന്ന് പ്രവാചകൻ മുഖേന അരുളിചെയ്തത് പൂർത്തിയാകാൻ വേണ്ടിയാണ് ഇതെല്ലാം സംഭവിച്ചത് (മത്താ 1,22-23).

2. ഗബ്രിയേൽ ദൂതൻ ഗലീലിയയിൽ നസ്രത്ത് എന്ന പട്ടണത്തിൽ, ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫ് എന്ന പുരുഷനുമായി വിവാഹനിശ്ചയം ചെയ്തിരുന്ന കന്യകയുടെ അടുത്തേക്ക് ദൈവത്താൽ അയയ്ക്കപ്പെട്ടു. അവളുടെ പേര് മറിയം എന്നായിരുന്നു (ലൂക്കാ 1,26-27).

3. ഒരിടത്ത് ഏഴ് സഹോദരന്മാർ ഉണ്ടായിരുന്നു. ഒന്നാമൻ ഒരുവളെ വിവാഹം ചെയ്തു. അവൻ സന്താനമില്ലാതെ മരിച്ചു. രണ്ടാമൻ അവളെ സ്വീകരിച്ചു. അവനും സന്താനമില്ലാതെ മരിച്ചു. മൂന്നാമനും അങ്ങനെ തന്നെ സംഭവിച്ചു. ഇങ്ങനെ ഏഴ് പേരും സന്താനമില്ലാതെ മരിച്ചു. അവസാനം ആ സ്ത്രീയും മരിച്ചു. പുനരുത്ഥാനത്തിൽ അവർ ഉയിർത്തെഴുന്നേൽക്കുമ്പോൾ അവൾ ആരുടെ ഭാര്യയായിരിക്കും? അവൾ ഏഴുപേരുടെയും ഭാര്യയായിരുന്നുവല്ലോ. യേശു അവരോട് പറഞ്ഞു: വിശുദ്ധലിഖിതങ്ങളോ ദൈവത്തിന്റെ ശക്തിയോ അറിയാ

www.malankaralibrary.com



ത്തതു കൊണ്ടല്ലേ നിങ്ങൾക്ക് തെറ്റു പറ്റുന്നത്. എന്തെന്നാൽ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുമ്പോൾ അവർ വിവാഹം ചെയ്യുകയോ ചെയ്തുകൊടുക്കുകയോ ഇല്ല. മറിച്ച്, അവർ സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെ ആയിരിക്കും (മർക്കോ 12,20-25).

4. എല്ലാവരും എന്നെപ്പോലെ ആയിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു. എന്നാൽ ദൈവത്തിൽ നിന്ന് ഓരോരുത്തർക്കും പ്രത്യേകം ദാനങ്ങൾ ആണല്ലോ ലഭിക്കുന്നത്. അവിവാഹിതരോടും വിധവകളോടും ഞാൻ പറയുന്നു: എന്നെപ്പോലെ ആയിരിക്കുന്നതാണ് അവർക്ക് നല്ലത് (1 കോറി 7,7-8).

5. അവിവാഹിതരെപ്പറ്റി കർത്താവിന്റെ കൽപ്പനയൊന്നും എനിക്ക് ലഭിച്ചിട്ടില്ല. എന്നാൽ, വിശ്വസ്തനായിരിക്കാൻ കർത്താവിൽ നിന്ന് കരുണ ലഭിച്ചവൻ എന്ന നിലയിൽ എന്റെ അഭിപ്രായം ഞാൻ പറയുന്നു. ആസന്നമായ വിപത്സന്ധി കണക്കിലെടുക്കുമ്പോൾ ഓരോരുത്തരും ഇപ്പോഴത്തെ നിലയിൽ തുടരുന്നതായിരിക്കും നല്ലതെന്ന് ഞാൻ കരുതുന്നു (1 കോറി 7,25-26).

6. നിങ്ങൾക്ക് ഉത്കണ്ഠ ഉണ്ടായിരിക്കരുത് എന്ന് ഞാൻ ആഗ്രഹിക്കുന്നു. അവിവാഹിതർ കർത്താവിനെ എങ്ങനെ സംപ്രീതനാക്കണമെന്ന് ചിന്തിച്ച് കർത്താവിന്റെ കാര്യങ്ങളിൽ തത്പരനാകുന്നു (1 കോറി 7,32).

7. അവന്റെ താത്പര്യങ്ങൾ വിഭജിക്കപ്പെട്ടിരിക്കുന്നു. അവിവാഹിതയായ സ്ത്രീയും ശരീരവും ആത്മാവിലും ശരീരത്തിലും വിശുദ്ധി പ്രാപിക്കാനായി കർത്താവിന്റെ കാര്യങ്ങളിൽ തത്പരരാണ്. വിവാഹിതയായ സ്ത്രീയാകട്ടെ ഭർത്താവിനെ എങ്ങനെ സന്തോഷിപ്പാക്കാമെന്ന് ചിന്തിച്ച് ലൗകിക കാര്യങ്ങളിൽ തത്പരയാകുന്നു (1 കോറി 7,34).

8. തന്റെ കന്യകയെ വിവാഹം ചെയ്യുന്നവൻ ഉചിതമായി പ്രവർത്തിക്കുന്നു. എന്നാൽ വിവാഹം ചെയ്യാതിരിക്കുന്നവൻ കൂടുതൽ ശ്ലാഘനീയനാണ് (1 കോറി 7,38).

9. ഒരു കുഞ്ഞാട് സീയോൻ മലമേൽ നിൽക്കുന്നത് ഞാൻ കണ്ടു. അവനോടുകൂടെ നൂറ്റിനാല്പത്തിനാലായിരം പേരും. അവരുടെ നെറ്റിയിൽ അവന്റെ നാമവും അവന്റെ പിതാവിന്റെ നാമവും എഴുതിയിട്ടുണ്ട് (വെളി 14,1).

10. അവർ സ്ത്രീകളോട് ചേർന്ന് മലിനമാകാത്തവരാണ്. അവർ ബ്രഹ്മചാരികളുമാണ്. അവരാണ് കുഞ്ഞാടിനെ അതു പോകുന്നിടത്തെല്ലാം അനുഗമിക്കുന്നവർ. അവർ ദൈവത്തിനും കുഞ്ഞാടിനുമുള്ള ആദ്യഫലമായി മനുഷ്യരിൽ നിന്ന് വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. അവരുടെ അധരങ്ങളിൽ വ്യാജം കാണപ്പെട്ടിട്ടില്ല. അവർ നിഷ്കളങ്കരാണ് (വെളി 14,4-5).

www.malankaralibrary.com



## 12. സ്വർഗം/സ്വർഗരാജ്യം/ദൈവരാജ്യം

1. കർത്താവ് അരുളിച്ചെയ്യുന്നു: ആകാശം എന്റെ സിംഹാസനം; ഭൂമി എന്റെ പാദപീഠവും. എന്തു ഭവനമാണ് നിങ്ങൾ എനിക്കു നിർമ്മിക്കുക? ഏതാണ് എന്റെ വിശ്രമസ്ഥലം? (1 എശയ്യാ 66,1).

2. ദൈവം ആകാശത്തിൽ ഉന്നതനല്ലേ? ഏറ്റവും ഉയരത്തിലെ നക്ഷത്രങ്ങളെ നോക്കുക. അവ എത്ര ഉയരത്തിലാണ്! (ജോബ് 22,12).

3. കർത്താവ് തന്റെ വിശുദ്ധ മന്ദിരത്തിലുണ്ട്; അവിടുത്തെ സിംഹാസനം സ്വർഗ്ഗത്തിലാണ്. അവിടുത്തെ കണ്ണുകൾ മനുഷ്യമക്കളെ കാണുന്നു. അവിടുന്ന് അവരെ സൂക്ഷ്മമായി നിരീക്ഷിക്കുന്നു (സങ്കീ 11,4).

4. കർത്താവ് തന്റെ സിംഹാസനം സ്വർഗ്ഗത്തിൽ സ്ഥാപിച്ചിരിക്കുന്നു. എല്ലാവരും അവിടുത്തെ രാജകീയ അധികാരത്തിൻ കീഴിലാണ് (സങ്കീ 103,19).

5. സ്വർഗ്ഗത്തിന്റെ ദൈവം ഞങ്ങൾക്കു വിജയം നൽകും. അവിടുത്തെ ദാസന്മാരായ ഞങ്ങൾ പണിയും. എന്നാൽ നിങ്ങൾക്കു ജറുസലേമിൽ ഓഹരിയോ അവകാശമോ സ്മാരകമോ ഉണ്ടായിരിക്കുകയില്ല (നെഹെ 2,20).

6. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: ആണയിടുകയേ അരുത്. സ്വർഗ്ഗത്തെക്കൊണ്ട് ആണയിടരുത്. അത് ദൈവത്തിന്റെ സിംഹാസനമാണ്. (മത്താ 5,34).

7. പ്രപഞ്ചത്തെയും അതിലുള്ള സകലത്തെയും സൃഷ്ടിച്ചവനും സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താവുമായ ദൈവം മനുഷ്യനിർമ്മിതമായ ആലയങ്ങളിലല്ല വസിക്കുന്നത് (അപ്പ 17,24).

8. എന്നാൽ പിശാചുക്കൾ നിങ്ങൾക്കു കീഴടങ്ങുന്നു എന്നതിൽ നിങ്ങൾ സന്തോഷിക്കണ്ടാ; മറിച്ച് നിങ്ങളുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ സന്തോഷിക്കുവിൻ (ലൂക്കാ 10,20).

9. ഭൗമികമായതു മാത്രം അവർ ചിന്തിക്കുന്നു. എന്നാൽ നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ് (ഫിലി 3,20).

10. നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ; സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും (മത്താ 5,12).

11. അവൻ പറഞ്ഞു: സാത്താൻ സ്വർഗ്ഗത്തിൽ നിന്നു ഇടിമിന്നൽപോലെ നിപതിക്കുന്നതു ഞാൻ കണ്ടു (ലൂക്കാ 10,18).

12. ആ സമയം തന്നെ പരിശുദ്ധാത്മാവിൽ ആനന്ദിച്ച് അവൻ പറഞ്ഞു: സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താവായ പിതാവേ, അവിടുത്തെ ഞാൻ സ്തുതിക്കുന്നു (ലൂക്കാ 10,21).

www.malankaralibrary.com



13. യേശുക്രിസ്തുവാകട്ടെ, സ്വർഗ്ഗത്തിലേക്കു പ്രവേശിച്ചു ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു (1 പത്രോ 3,22).

14. മനുഷ്യരുടെ സകല ദുഷ്ടതയ്ക്കും അനീതിക്കുമെതിരായി ദൈവത്തിന്റെ ക്രോധം ആകാശത്തു നിന്നു പ്രത്യക്ഷപ്പെടുന്നു (റോമ 1,18).

15. ഞങ്ങൾ വസിക്കുന്ന ഭൗമികഭവനം നശിച്ചുപോകുമെങ്കിലും കരങ്ങളാൽ നിർമ്മിതമല്ലാത്തതും ശാശ്വതവും ദൈവത്തിൽ നിന്നുള്ളതുമായ ഭവനം ഞങ്ങൾക്കുണ്ടെന്നു ഞങ്ങൾ അറിയുന്നു (2 കോറി 5,1).

16. അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റിയൊൻപതു നീതിമാന്മാരെക്കുറിച്ച് എന്നതിനെക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു (ലൂക്കാ 15,7).

17. അപ്പോൾ മുതൽ യേശു പ്രസംഗിക്കാൻ തുടങ്ങി: മാനസാന്തരപ്പെടുവിൻ; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു (മത്താ 4,17).

18. അവൻ പറഞ്ഞു: സമയം പൂർത്തിയായി., ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ (മർക്കോ 1,15).

19. പീഡാനുഭവത്തിനു ശേഷം നാല്പതുദിവസത്തേക്ക് യേശു അവരുടെയിടയിൽ പ്രത്യക്ഷനായി ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിച്ചു (അപ്പ 1,13).

20. നിയമവും പ്രവാചകന്മാരും യോഹന്നാൻ വരെയായിരുന്നു. അതിനു ശേഷം ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കപ്പെടുന്നു (ലൂക്കാ 16,16).

21. എന്നാൽ ദൈവകരംകൊണ്ടാണ് ഞാൻ പിശാചുക്കളെ പുറത്താക്കുന്നതെങ്കിൽ ദൈവരാജ്യം നിങ്ങളുടെയിടയിൽ വന്നു കഴിഞ്ഞിരിക്കുന്നു (ലൂക്കാ 11,20).

22. എന്തെന്നാൽ ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെയുണ്ട് (ലൂക്കാ 17,21).

23. ഇപ്രകാരം നിങ്ങൾ പ്രാർത്ഥിക്കുവിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമെ. അങ്ങയുടെ ഹിതം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ (മത്താ 6,9-10).

24. ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാണ് (മത്താ 5,3).

25. നീതിക്കു വേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാണ് (മത്താ 5,10).

www.malankaralibrary.com



26. എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക (മത്താ 7,21).

27. നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതു പോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ (മത്താ 5,48).

28. യേശു പറഞ്ഞു: കലപ്പയിൽ കൈവച്ചിട്ടു പിന്തിരിഞ്ഞു നോക്കുന്ന ഒരുവനും സ്വർഗ്ഗരാജ്യത്തിനു യോഗ്യനല്ല (ലൂക്കാ 9,62).

29. ജഡത്തിന്റെ വ്യാപാരങ്ങൾ എല്ലാവർക്കുമറിയാം. അവ വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിദ്വേഷം, മദ്യപാനം, മദിരോത്സവം ഇവയും ഈദൃശ്യമായ മറ്റു പ്രവൃത്തികളുമാണ്. ഇത്തരം പ്രവൃത്തിയിലേർപ്പെടുന്നവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ലെന്ന് ഞാൻ നിങ്ങൾക്കു നൽകിയ താക്കീത് ഇപ്പോഴും ആവർത്തിക്കുന്നു (ഗലാ 5,19-21).

30. വിശ്വാസത്തിൽ നിലനില്ക്കണമെന്നും നിരവധി പീഡനങ്ങളിലൂടെ ദൈവരാജ്യത്തിൽ പ്രവേശിക്കണമെന്നും ഉപദേശിച്ചുകൊണ്ട് ശിഷ്യരുടെ മനസ്സിനെ അവർ ശക്തിപ്പെടുത്തി (അപ്പ 14,25).

31. മനുഷ്യപുത്രന്റെ ആഗമനം: ദൈവരാജ്യം എപ്പോഴാണ് വരുന്നത് എന്നു ഫരിസേയർ ചോദിച്ചതിന് അവൻ മറുപടി പറഞ്ഞു: പ്രത്യക്ഷമായ അടയാളങ്ങളോടു കൂടെയല്ല ദൈവരാജ്യം വരുന്നത്. ഇതാ ഇവിടെ; അതാ അവിടെ എന്ന് ആരും പറയുകയില്ല. എന്തെന്നാൽ ദൈവരാജ്യം നിങ്ങളുടെ ഇടയിൽത്തന്നെയുണ്ട് (ലൂക്കാ 17,20-21).

32. *പത്തു നാണയങ്ങളുടെ ഉപമ:* അവൻ പറഞ്ഞു: ഒരു പ്രഭു രാജപദവി സ്വീകരിച്ചു തിരിച്ചുവരാൻ വേണ്ടി ദൂരദേശത്തേക്കു പോയി. അവൻ ഭൃത്യന്മാരെ വിളിച്ച് പത്തു നാണയങ്ങൾ അവരെ ഏൽപ്പിച്ചുകൊണ്ടു പറഞ്ഞു: ഞാൻ തിരിച്ചുവരുന്നതുവരെ നിങ്ങൾ ഇതുകൊണ്ടു വ്യാപാരം ചെയ്യുവിൻ. അവന്റെ പൗരന്മാർ അവനെ വെറുത്തിരുന്നു. ഈ മനുഷ്യൻ ഞങ്ങളെ ഭരിക്കാൻ ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല എന്ന നിവേദനവുമായി ഒരു പ്രതിനിധി സംഘത്തെ അവന്റെ പിന്നാലെ അയച്ചു. എന്നാൽ അവൻ രാജപദവി സ്വീകരിച്ചു തിരിച്ചുവന്നു. താൻ പണം ഏല്പിച്ചിരുന്ന ഭൃത്യന്മാർ വ്യാപാരം ചെയ്ത് എന്തു സമ്പാദിച്ചുവെന്ന് അറിയുന്നതിന് അവരെ വിളിക്കാൻ അവൻ കൽപ്പിച്ചു (ലൂക്കാ 19, 12-15).

33. *ശിശുക്കളെ ആശീർവ്വദിക്കുന്നു:* എന്നാൽ യേശു അവരെ തന്റെ അടുത്തേക്കു വിളിച്ചിട്ടു പറഞ്ഞു: ശിശുക്കൾ എന്റെയടുത്തേക്കു വരാൻ അനുവദിക്കുവിൻ. അവരെ തടയരുത്. എന്തെന്നാൽ ദൈവരാജ്യം അവ

www.malankaralibrary.com



രെപ്പോലെയുള്ളവരുടേതാണ്. സത്യമായി ഞാൻ നിങ്ങളോട് പറയുന്നു: ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കാത്ത ആരും അതിൽ പ്രവേശിക്കുകയില്ല (ലൂക്കാ 18,16-17).

34. ധനികൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടന്നുപോകുന്നതാണ് (ലൂക്കാ 18,25).

35. സത്യമായി ഞാൻ നിങ്ങളോട് പറയുന്നു: ദൈവരാജ്യത്തിനു വേണ്ടി വീടിനെയോ ഭാര്യയെയോ സഹോദരന്മാരെയോ മാതാപിതാക്കളെയോ സന്താനങ്ങളെയോ ഉപേക്ഷിച്ചവരിലാർക്കും ഇക്കാലത്തു തന്നെ അവ അനേകമടങ്ങു ലഭിക്കാതിരിക്കുകയില്ല. വരാനിരിക്കുന്ന കാലത്തു നിത്യജീവനും (ലൂക്കാ 18,29-30).

36. കാരണം, ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല. പ്രത്യുത നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ് (റോമ 14,17).

37. ദൈവരാജ്യം വാക്കുകളിലല്ല; ശക്തിയിലാണ് (1 കോറി 4,20).

38. സുസ്ഥിരമായ ഒരു രാജ്യം ലഭിച്ചതിൽ നമുക്കു നന്ദിയുള്ളവരായിരിക്കാം. അങ്ങനെ ദൈവത്തിനു സ്വീകാര്യമായ ആരാധന ഭയഭക്ത്യാദരങ്ങളോടെ സമർപ്പിക്കാം (ഹെബ്രാ 12,28).

39. എന്റെ പ്രിയസഹോദരരേ, ശ്രവിക്കുവിൻ. തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദാനം ചെയ്ത രാജ്യത്തിലെ അവകാശികളും വിശ്വാസത്തിൽ സമ്പന്നരുമായി ദൈവം തിരഞ്ഞെടുത്തത് ലോകത്തിലെ പാവപ്പെട്ടവരെയല്ലേ? എന്നാൽ നിങ്ങൾ പാവപ്പെട്ടവരെ അപമാനിച്ചിരിക്കുന്നു (യാക്കോ 2,5).

40. നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ അനശ്വരമായ രാജ്യത്തിലേക്ക് അനായാസം നിങ്ങൾക്കു പ്രവേശനം ലഭിക്കുകയും ചെയ്യും (2 പത്രോ 1,11).

41. യേശുവേ, നീ നിന്റെ രാജ്യത്തു പ്രവേശിക്കുമ്പോൾ എന്നെയും ഓർക്കണമേ. യേശു അവനോട് അരുളി ചെയ്തു: സത്യമായി ഞാൻ നിന്നോട് പറയുന്നു. നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും (ലൂക്കാ 23,42-43).

42. മറ്റൊരുപമ അവൻ അവരോട് പറഞ്ഞു: ഒരുവൻ വയലിൽ നല്ല വിത്തു വിതയ്ക്കുന്നതിനോട് സ്വർഗരാജ്യത്തെ ഉപമിക്കാം (മത്താ 13,24).

43. മറ്റൊരുപമ അവൻ അവരോട് അരുളിചെയ്തു: മൂന്ന് ഇടങ്ങഴി മാവിൽ അതു പുളിക്കുവോളം ഒരു സ്ത്രീ ചേർത്ത പുളിപ്പിനു സദൃശമാണ് സ്വർഗ്ഗരാജ്യം (മത്താ 13,33).

44. എന്നാൽ അവൻ പറഞ്ഞു: മറ്റു പട്ടണങ്ങളിലും ഞാൻ ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കേണ്ടിയിരിക്കുന്നു (ലൂക്കാ 4,43).

www.malankaralibrary.com



45. ദൈവരാജ്യം നിങ്ങളെ സമീപിച്ചിരിക്കുന്നുവെന്ന് അവരോട് പറയുകയും ചെയ്യുവിൻ (ലൂക്കാ 10,9).

46. അവൻ പറഞ്ഞു: മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ. നീ പോയി ദൈവരാജ്യം സമീപിക്കുക (ലൂക്കാ 9,60).

47. അവൻ പറഞ്ഞു: ദൈവരാജ്യത്തിന്റെ രഹസ്യം നിങ്ങൾക്കാണു നല്കപ്പെട്ടിരിക്കുന്നത്. പുറത്തുള്ളവർക്ക് എല്ലാം ഉപമകളിലൂടെ മാത്രം (മർക്കോ 4,11).

48. സ്വർഗ്ഗരാജ്യം വിളക്കുമെടുത്ത് മണവാളനെ എതിരേൽക്കാൻ പുറപ്പെട്ട പത്തു കന്യകമാർക്കു സദൃശം (മത്താ 25,1).

49. ഒരുവൻ യാത്ര പുറപ്പെടുന്നതിനു മുമ്പ് ഭൃത്യന്മാരെ വിളിച്ച് തന്റെ സമ്പത്ത് അവരെ ഏല്പിച്ചതുപോലെയാണ് സ്വർഗ്ഗരാജ്യം (മത്താ 25,14).

50. എന്റെ പിതാവ് എനിക്കു രാജ്യം കൽപ്പിച്ചുതന്നിരിക്കുന്നതുപോലെ ഞാൻ നിങ്ങൾക്കു തരുന്നു. അത് നിങ്ങൾ എന്റെ രാജ്യത്തിൽ എന്റെ മേശയിൽ നിന്നു ഭക്ഷിക്കുകയും പാനം ചെയ്യുകയും സിംഹാസനങ്ങളിൽ ഇരുന്ന് ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെ വിധിക്കുകയും ചെയ്യുന്നതിനുവേണ്ടിയത്രേ (ലൂക്കാ 22,29-30).

## 13. നിത്യജീവൻ

1. അവൻ അങ്ങയോടു ജീവൻ യാചിച്ചു; അങ്ങ് അതു നൽകി; സുദീർഘവും അനന്തവുമായ നാളുകൾ തന്നെ (സങ്കീ 21,4).

2. പാപത്തിന്റെ വേതനം മരണമാണ്. ദൈവത്തിന്റെ ദാനമാകട്ടെ, നമ്മുടെ കർത്താവായ യേശുക്രിസ്തു വഴിയുള്ള നിത്യജീവനും (റോമ 6,23).

3. അങ്ങനെ പാപം മരണത്തിലൂടെ ആധിപത്യം പുലർത്തിയതുപോലെ കൃപ നീതി വഴി നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെ നിത്യജീവനിലേക്ക് നയിക്കാൻ ആധിപത്യം പുലർത്തും (റോമ 5,21).

4. ഇപ്പോൾ നിങ്ങൾ പാപത്തിൽ നിന്ന് മോചിതരായി ദൈവത്തിന് അടിമകളായിരിക്കുകയാൽ നിങ്ങൾക്കു ലഭിക്കുന്നതു വിശുദ്ധീകരണവും അതിന്റെ അവസാനം നിത്യജീവനുമാണ് (റോമ 6,22).

5. ഇതാണ് ആ സാക്ഷ്യം: ദൈവം നമുക്ക് നിത്യജീവൻ നൽകി. ഈ ജീവൻ അവിടുത്തെ പുത്രനിലാണ് (1 യോഹ 5,11).

6. ദൈവപുത്രൻ വന്നെന്നും സത്യസ്വരൂപനെ അറിയാനുള്ള കഴിവ് നമുക്കു നൽകിയെന്നും നാം അറിയുന്നു. നാമാകട്ടെ സത്യസ്വരൂപനിലും അവി

www.malankaralibrary.com



ടുത്തെ പുത്രനായ യേശുക്രിസ്തുവിലും ആണ്. ഇവനാണു സത്യദൈവവും നിത്യജീവനും (1 യോഹ 5,20).

7. ഏകസത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ (യോഹ 17,3).

8. എന്തെന്നാൽ, അവിടുന്ന് അവനു നൽകിയിട്ടുള്ളവർക്കെല്ലാം അവൻ നിത്യജീവൻ നൽകേണ്ടതിന് എല്ലാവരുടെയും മേൽ അവനു അധികാരം നൽകിയിരിക്കുന്നുവല്ലോ (യോഹ 17,2).

9. യേശു പറഞ്ഞു: വഴിയും സത്യവും നിത്യജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്ക് വരുന്നില്ല (യോഹ 14,6).

10. ഒരു അധികാരി അവനോടു ചോദിച്ചു: നല്ലവനായ ഗുരോ, നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തുചെയ്യണം? (ലൂക്കാ 18,18).

11. യേശു പ്രതിവചിച്ചു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു ദൈവരാജ്യത്തിനു വേണ്ടി വീടിനെയോ ഭാര്യയെയോ സഹോദരന്മാരെയോ മാതാപിതാക്കളെയോ സന്താനങ്ങളെയോ ഉപേക്ഷിച്ചവരിലാർക്കും ഇക്കാലത്തു തന്നെ അവ അനേകമടങ്ങു ലഭിക്കാതിരിക്കുകയില്ല. വരാനിരിക്കുന്ന കാലത്തു നിത്യജീവനും (ലൂക്കാ 18,29-30).

12. എന്തെന്നാൽ, സ്വന്തം ജഡത്തിനായി വിതയ്ക്കുന്നവൻ ജഡത്തിൽ നിന്ന് നാശം കൊയ്തെടുക്കും. ആത്മാവിനായി വിതയ്ക്കുന്നവനാകട്ടെ ആത്മാവിൽ നിന്നു നിത്യജീവൻ കൊയ്തെടുക്കും (ഗലാ 6,8).

13. പുത്രനെ കാണുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവനാരോ അവന് നിത്യജീവൻ ഉണ്ടാകണമെന്നാണ് എന്റെ പിതാവിന്റെ ഇഷ്ടം. അന്ത്യദിനത്തിൽ ഞാൻ അവനെ ഉയിർപ്പിക്കുകയും ചെയ്യും (യോഹ 6,40).

14. പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ലഭിക്കുന്നു. എന്നാൽ പുത്രനെ അനുസരിക്കാത്തവൻ ജീവൻ ദർശിക്കുകയില്ല. ദൈവകോപം അവന്റെ മേൽ ഉണ്ട് (യോഹ 3,36).

15. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവന് ശിക്ഷാവിധി ഉണ്ടാകുന്നില്ല. പ്രത്യുത, അവൻ മരണത്തിൽ നിന്ന് ജീവനിലേക്ക് കടന്നിരിക്കുന്നു (യോഹ 5,24).

16. ഞാൻ ഇവയെല്ലാം എഴുതിയത് ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്ക് നിത്യജീവനുണ്ട് എന്ന് നിങ്ങൾ അറിയേണ്ടതിനാണ് (1 യോഹ 5,13).

www.malankaralibrary.com



17. എന്നാൽ ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് പിന്നീടൊരിക്കലും ദാഹിക്കുകയില്ല. ഞാൻ നൽകുന്ന ജലം അവനിൽ നിത്യജീവനിലേക്ക് നിർഗ്ഗളിക്കുന്ന അരുവിയാകും (യോഹ 4,14).

18. നശ്വരമായ അപ്പത്തിനു വേണ്ടി അദ്ധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കുവിൻ (യോഹ 6,27).

19. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവന്റെ അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽ നിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനു വേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ് (യോഹ 6,51).

20. യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു ജീവൻ ഉണ്ടായിരിക്കുകയില്ല (യോഹ 6,53).

21. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാനദിവസം ഞാൻ അവനെ ഉയർപ്പിക്കും. (യോഹ 6,54).

22. ഇതു സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന അപ്പമാണ്. പിതാക്കന്മാർ മന്നാ ഭക്ഷിച്ചു. എങ്കിലും മരിച്ചു. അതു പോലെയല്ല ഈ അപ്പം. ഇതു ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും (യോഹ 6,58).

23. നാം ക്രിസ്തുവിനോടു കൂടി മരിച്ചുവെങ്കിൽ അവനോടുകൂടി ജീവിക്കും എന്നു നാം വിശ്വസിക്കുന്നു (റോമ 6,8).

24. അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രശോഭിക്കും. ചെവിയുള്ളവർ കേൾക്കട്ടെ (മത്താ 13,43).

25. ദൈവം തെരഞ്ഞെടുത്തവരുടെ വിശ്വാസത്തെയും ദൈവഭക്തിക്കു ചേർന്ന സത്യത്തിന്റെ ജ്ഞാനത്തെയും നിത്യജീവന്റെ പ്രത്യാശയിൽ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു (തീത്തോ 1,2).

## 14. മരണം

1. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്; തിന്നുന്ന ദിവസം നീ മരിക്കും (ഉൽപ 2,17).

2. ഒരു മനുഷ്യൻ മൂലം പാപവും പാപം മൂലം മരണവും ലോകത്തിൽ പ്രവേശിച്ചു. അപ്രകാരം എല്ലാവരും പാപം ചെയ്തതുകൊണ്ട് മരണം എല്ലാവരിലും വ്യാപിച്ചു (റോമ 5,12).

www.malankaralibrary.com



3. ആദത്തിന്റെ പാപത്തിനു സദൃശമായ പാപം ചെയ്യാതിരുന്നവരുടെ മേൽ പോലും, ആദത്തിന്റെ കാലം മുതൽ മോശയുടെ കാലം വരെയും മരണം ആധിപത്യം പുലർത്തി. ആദം വരാനിരുന്നവന്റെ പ്രതിരൂപമാണ് (റോമ 5,14).

4. ദൈവത്തിന്റ ദാനമാകട്ടെ നമ്മുടെ കർത്താവായ യേശുക്രിസ്തു വഴി നിത്യജീവനും (റോമ 6,23).

5. ഞാൻ ദുർഭഗനായ മനുഷ്യൻ. മരണത്തിന് അധീനമായ ഈ ശരീരത്തിൽ നിന്ന് എന്നെ ആരു മോചിപ്പിക്കും (റോമ 7,24).

6. ജഡികാഭിലാഷങ്ങൾ മരണത്തിലേക്കു നയിക്കുന്നു; ആത്മീയാഭിലാഷങ്ങൾ ജീവനിലേക്കും. സമാധാനത്തിലേക്കും (റോമ 8,6).

7. എന്നാൽ, ദൈവം അവനെ മൃത്യുപാശത്തിൽ നിന്നു വിമുക്തനാക്കി ഉയിർപ്പിച്ചു. കാരണം, അവൻ മരണത്തിന്റെ പിടിയിൽ കഴിയുക അസാദ്ധ്യമായിരുന്നു (അപ്പ 2,24).

8. ഒരു മനുഷ്യൻ വഴി മരണമുണ്ടായതുപോലെ ഒരു മനുഷ്യൻ വഴി പുനരുത്ഥാനവും ഉണ്ടായി (1 കോറി 15,21).

9. മരണമെന്ന അവസാനശത്രുവും നശിപ്പിക്കപ്പെട്ടിരിക്കുന്നു (1 കോറി 15,26).

10. അങ്ങനെ നശ്വരമായത് അനശ്വരതയും മർത്യമായത് അമർത്യതയും പ്രാപിച്ചുകഴിയുമ്പോൾ, മരണത്തെ വിജയം ഗ്രസിച്ചു എന്നെഴുതപ്പെട്ടതു യാഥാർത്ഥ്യമാകും. മരണമേ, നിന്റെ വിജയം എവിടെ? (1 കോറി 15,54).

11. മരണത്തിന്റെ ദംശനം പാപവും പാപത്തിന്റെ ശക്തി നിയമവുമാണ് (1 കോറി 15,56).

12. യേശു മരിക്കുകയും വീണ്ടും ഉയർക്കുകയും ചെയ്തു എന്ന് നാം വിശ്വസിക്കുന്നതുപോലെ, യേശുവിൽ നിദ്ര പ്രാപിച്ചവരെ ദൈവം അവനോടു കൂടെ ഉയർപ്പിക്കും (1 തെസ 4,14).

13. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പുമണി നിലത്തുവീണഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും (യോഹ 12,24).

14. അവന്റെ മരണത്തിനു സദൃശമായ ഒരു മരണത്തിൽ നാം അവനോട് ഐക്യപ്പെട്ടവരായെങ്കിൽ അവന്റെ പുനരുത്ഥാനത്തിനു സദൃശമായ ഒരു പുനരുത്ഥാനത്തിലും അവനോട് ഐക്യപ്പെട്ടവരായിരിക്കും (റോമ 6,5).

15. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യ

www.malankaralibrary.com



ജീവനുണ്ട്. അവനു ശിക്ഷാവിധി ഉണ്ടാകുന്നില്ല. പ്രത്യുത, അവൻ മരണത്തിൽ നിന്നു ജീവനിലേക്കു കടന്നിരിക്കുന്നു. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. മരിച്ചവർ ദൈവപുത്രന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു; അല്ല, വന്നുകഴിഞ്ഞു. ആ സ്വരം ശ്രവിക്കുന്നവർ ജീവിക്കും (യോഹ 5,24-25).

16. നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ഉപകരണങ്ങളായി പാപത്തിനു സമർപ്പിക്കരുത്. പ്രത്യുത, മരിച്ചവരിൽ നിന്നു ജീവൻ പ്രാപിച്ചവരായി നിങ്ങളെ തന്നെയും, നീതിയുടെ ആയുധങ്ങളായി നിങ്ങളുടെ അവയവങ്ങളെയും ദൈവത്തിനു സമർപ്പിക്കുവിൻ (റോമ 6,13).

17. നിങ്ങൾ പാപങ്ങൾ നിമിത്തം മൃതരും ദുർവ്വാസനകളുടെ പരിച്ഛേദനം നിർവ്വഹിക്കാത്തവരുമായിരുന്നു. ദൈവം നിങ്ങളെ അവനോടുകൂടെ ജീവിപ്പിക്കുകയും നമ്മുടെ എല്ലാ പാപങ്ങളും ക്ഷമിക്കുകയും ചെയ്തു (കൊളോ 2,13).

18. എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ് (ഫിലി 1,21).

19. നാം ശത്രുക്കളായിരുന്നപ്പോൾ അവിടുത്തെ പുത്രന്റെ മരണത്താൽ ദൈവവുമായി രമ്യതപ്പെട്ടുവെങ്കിൽ, രമ്യതപ്പെട്ടതിനുശേഷം അവന്റെ ജീവൻ മൂലം രക്ഷിക്കപ്പെടുമെന്നതും തീർച്ച (റോമ 5,10).

20. യേശുക്രിസ്തുവിനോട് ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്ന് നിങ്ങൾക്കറിഞ്ഞുകൂടേ? അങ്ങനെ, അവന്റെ മരണത്തോടു നമ്മെ ഐക്യപ്പെടുത്തിയ ജ്ഞാനസ്നാനത്താൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. ക്രിസ്തു മരിച്ചതിനുശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ, നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്തു സംസ്കരിക്കപ്പെട്ടത്. അവന്റെ മരണത്തിനു സദൃശമായ ഒരു മരണത്തിൽ നാം അവനോട് ഐക്യപ്പെട്ടവരായെങ്കിൽ അവന്റെ പുനരുത്ഥാനത്തിന് സദൃശമായ ഒരു പുനരുത്ഥാനത്തിലും അവനോട് ഐക്യപ്പെട്ടവരായിരിക്കും (റോമ 6,3-5).

21. സഹോദരരെ സ്നേഹിക്കുന്നതുകൊണ്ട് നമ്മൾ മരണത്തിൽ നിന്നു ജീവനിലേക്കു കടന്നിരിക്കുന്നു എന്നു നാം അറിയുന്നു. സ്നേഹിക്കാത്തവനാകട്ടെ മരണത്തിൽ തന്നെ നിലകൊള്ളുന്നു (1 യോഹ 3,14).

22. ആദത്തിൽ എല്ലാവരും മരണാധീനരാകുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും പുനർജീവിക്കും (1 കോറി 15,22).

23. ഞാൻ മരിക്കുകയില്ല, ജീവിക്കും; ഞാൻ കർത്താവിന്റെ പ്രശസ്തികൾ പ്രഘോഷിക്കും (സങ്കീ 118,17).

www.malankaralibrary.com



24. ശരീരത്തിൽ നിന്ന് അകന്നിരിക്കാനും കർത്താവിനോട് അടുത്തിരിക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നു. (2 കോറി 5,8).

## 15. പാപം

1. ചെയ്യേണ്ട നന്മ എന്താണെന്നറിഞ്ഞിട്ടും അതു ചെയ്യാതിരിക്കുന്നവൻ പാപം ചെയ്യുന്നു (യാക്കോ 4,17).
2. പാപം ചെയ്യുന്നവൻ നിയമം ലംഘിക്കുന്നു. പാപം നിയമലംഘനമാണ് (1 യോഹ 3,4).
3. പാപത്തിന്റെ വേതനം മരണമാണ്. ദൈവത്തിന്റെ ദാനമാകട്ടെ നമ്മുടെ കർത്താവായ യേശുക്രിസ്തു വഴിയുള്ള നിത്യജീവനും (റോമ 6,23).
4. മരണത്തിന്റെ ദംശനം പാപവും പാപത്തിന്റെ ശക്തി നിയമവുമാണ് (1 കോറി 15,56).
5. ഒരു മനുഷ്യൻ മൂലം പാപവും പാപം മൂലം മരണവും ലോകത്തിൽ പ്രവേശിച്ചു. അപ്രകാരം എല്ലാവരും പാപം ചെയ്തതുകൊണ്ട് മരണം എല്ലാവരിലും വ്യാപിച്ചു (റോമ 5,12).
6. ഭോഷൻ ആലോചിക്കുന്നതെന്തും പാപമാണ്. പരിഹാസകൻ മനുഷ്യരെ വെറുപ്പിക്കുന്നു (സുഭാ 24,9).
7. ദുർമോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. പാപം പൂർണ്ണവളർച്ച പ്രാപിക്കുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു (യാക്കോ 1,15).
8. ഭോഷന്റെ സംസാരം അവന്റെ മുതുകത്തു വീഴുന്ന വടിയാണ്. വിവേകികളുടെ വാക്ക് അവരെ കാത്തുകൊള്ളും (സുഭാ 14,3).
9. സംശയത്തോടെ ഭക്ഷിക്കുന്നവൻ ശിക്ഷിക്കപ്പെടും. എന്തെന്നാൽ വിശ്വാസമനുസരിച്ചല്ല അവൻ പ്രവർത്തിക്കുന്നത്. വിശ്വാസത്തിൽ നിന്നല്ലാതെ പ്രവർത്തിക്കുന്നതെന്തും പാപമാണ് (റോമ 14,23).
10. യൂദാസ് - യൂദാസ് സ്കറിയോത്തായല്ല - അവനോട് പറഞ്ഞു: കർത്താവേ, നീ നിന്നെ ഞങ്ങൾക്ക് വെളിപ്പെടുത്താൻ പോകുന്നു. എന്നാൽ ലോകത്തിന് വെളിപ്പെടുത്തുകയില്ല എന്നു പറഞ്ഞതെന്താണ്? (യോഹ 15,22).
11. എന്നെ സ്നേഹിക്കാത്തവനോ എന്റെ വചനങ്ങൾ പാലിക്കുന്നില്ല. നിങ്ങൾ കേൾക്കുന്ന സ്വരം എന്റേതല്ല. എന്നെ അയച്ച പിതാവിന്റേതാണ് (യോഹ 15,24).
12. അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെ

www.malankaralibrary.com



ക്കുറിച്ചും ലോകത്തെ ബോദ്ധ്യപ്പെടുത്തും - അവൾ എന്നിൽ വിശ്വസി ക്കാത്തതിനാൽ പാപത്തെക്കുറിച്ചും... (യോഹ 16,8-9).

13. എന്തെന്നാൽ, അവനിൽ നാമെല്ലാവരും ദൈവത്തിന്റെ നീതിയാ കേണ്ട തിന്, പാപം അറിയാത്തവനെ ദൈവം നമുക്കും വേണ്ടി പാപമാക്കി (2 കോറി 5,21).

14. പാപം നിങ്ങളുടെ മേൽ ഭരണം നടത്തുകയില്ല. കാരണം നിങ്ങൾ നിയ മത്തിന് കീഴിലല്ല, കൃപയ്ക്ക് കീഴിലാണ് (റോമ 6,14).

15. നമുക്ക് പാപമില്ലെന്ന് നാം പറഞ്ഞാൽ അത് ആത്മവഞ്ചനയാകും; അപ്പോൾ നമ്മിൽ സത്യമില്ലെന്നു വരും (1 യോഹ 1,8).

16. ഇന്ന് എന്ന് വിളിക്കപ്പെടുന്ന ദിവസങ്ങൾ ഉള്ള കാലത്തോളം നിങ്ങൾ പരസ്പരം ഉപദേശിക്കുവിൻ. ഇത് നിങ്ങൾ പാപത്തിന്റെ വഞ്ചനയാൽ കഠിനഹൃദയരാകാതിരിക്കുവാനാണ് (ഹെബ്രാ 3,13).

17. ഞാൻ പാപം ചെയ്താൽ അങ്ങ് എന്നെ ശ്രദ്ധിക്കുന്നു. എന്റെ അതിക്ര മങ്ങൾക്ക് എന്നെ ശിക്ഷിക്കാതെ വിടുന്നുമില്ല (ജോബ് 10,14).

18. തന്റെ അവകാശത്തിന്റെ അവശേഷിച്ച ഭാഗത്തോട് അവരുടെ അപരാ ധങ്ങൾ പൊറുക്കുകയും അതിക്രമങ്ങൾ ക്ഷമിക്കുകയും ചെയ്യുന്ന അങ്ങയെപ്പോലെ ഒരു ദൈവം വേറെ ആരുണ്ട്? അവിടുന്ന് തന്റെ കോപം എന്നെന്നേക്കുമായി വച്ചു പുലർത്തുന്നില്ല. എന്തെന്നാൽ അവി ടുന്ന് കാരുണ്യത്തിൽ ആനന്ദിക്കുന്നു (മിക്കാ 7,18).

19. നമ്മുടെ പാപങ്ങൾ സ്വന്തം ശരീരത്തിൽ വഹിച്ചുകൊണ്ട് അവൻ കുരി ശിലേറി. അത് നാം പാപത്തിന് മരിച്ചു നീതിക്കായി ജീവിക്കേണ്ടതിനാ ണ്. അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു (1 പത്രോ 2,24).

20. അതിക്രമങ്ങൾക്കു മാപ്പും പാപങ്ങൾക്കു മോചനവും ലഭിച്ചവൻ ഭാഗ്യ വാൻ (സങ്കീ 32,1).

21. കർത്താവ് അരുളി ചെയ്യുന്നു: വരുവിൻ, നമുക്ക് രമ്യതപ്പെടാം. നിങ്ങ ളുടെ പാപങ്ങൾ കടുംചെമപ്പുള്ളതാണെങ്കിലും അവ മഞ്ഞുപോലെ വെൺമയുള്ളതായിത്തീരും. അവ രക്തവർണ്ണമെങ്കിലും കമ്പിളി പോലെ വെളുക്കും (ഏശ 1,18).

22. ദൈവത്തിൽ നിന്ന് ജനിച്ച ഒരുവനും പാപം ചെയ്യുന്നില്ല; ദൈവപുത്രൻ അവനെ സംരക്ഷിക്കുന്നു എന്ന് നാം അറിയുന്നു (1 യോഹ 5,18).

23. അവനിൽ വസിക്കുന്ന ഒരുവനും പാപമില്ല; പാപം ചെയ്യുന്ന ഒരുവനും അവനെ കണ്ടിട്ടില്ല; അറിഞ്ഞിട്ടുമില്ല (1 യോഹ 3,6).

24. നമുക്ക് പാപമില്ലെന്ന് നാം പറഞ്ഞാൽ അത് ആത്മവഞ്ചനയാകും; അപ്പോൾ നമ്മിൽ സത്യമില്ലെന്നുവരും. എന്നാൽ നാം പാപങ്ങൾ ഏറ്റു

www.malankaralibrary.com



പറയുന്നെങ്കിൽ, അവൻ വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിൽ നിന്നും നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും (1 യോഹ 1,8-9).

25. എന്റെ കുഞ്ഞുമക്കളേ, നിങ്ങൾ പാപം ചെയ്യാതിരിക്കേണ്ടതിനാണ് ഞാൻ ഇവ നിങ്ങൾക്കെഴുതുന്നത്. എന്നാൽ ആരെങ്കിലും പാപം ചെയ്യാനിടയായാൽ പിതാവിന്റെ സന്നിധിയിൽ നമുക്കൊരു മദ്ധ്യസ്ഥനുണ്ട്. നീതിമാനായ യേശുക്രിസ്തു. അവൻ നമ്മുടെ പാപങ്ങൾക്ക് പരിഹാരബലിയാണ്; നമ്മുടെ മാത്രമല്ല, ലോകം മുഴുവന്റേയും പാപങ്ങൾക്ക് (1 യോഹ 2,1-2).

26. അതിനാൽ നിങ്ങളുടെ പാപങ്ങൾ മായ്ച്ചുകളയാൻ പശ്ചാത്തപിച്ച് ദൈവത്തിങ്കലേക്ക് തിരിയുവിൻ (അപ്പ 3,9).

27. ദൈവമേ, അങ്ങയുടെ കാരുണ്യത്തിനൊത്ത് എന്നോട് ദയ തോന്നണമേ! അങ്ങയുടെ കാരുണ്യാതിരേകത്തിനൊത്ത് എന്റെ അതിക്രമങ്ങൾ മായ്ച്ചുകളയേണമേ (സങ്കീ 51,1).

28. ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുത്തേക്ക് പോകും. ഞാൻ അവനോട് പറയും: പിതാവേ, സ്വർഗ്ഗത്തിനെതിരായും നിന്റെ മുമ്പിലും ഞാൻ പാപം ചെയ്തു. നിന്റെ പുത്രൻ എന്നു വിളിക്കപ്പെടാൻ ഇനി ഞാൻ യോഗ്യനല്ല. നിന്റെ ദാസരിൽ ഒരുവനായി എന്നെ സ്വീകരിക്കേണമേ (ലൂക്കാ 15,18-19)

## 16. നരകം

1. പാപം ചെയ്ത ദൂതന്മാരെ ദൈവം വെറുതേ വിട്ടില്ല. വിധിദിനം വരെ സൂക്ഷിക്കുന്നതിനായി അവരെ അവിടുന്ന് നരകത്തിലെ ഇരുൾക്കുഴികളിലേക്കു തള്ളിവിട്ടു (2 പത്രോ 2,4).

2. ദുഷ്ടർ പാതാളത്തിൽ പതിക്കട്ടെ. ദൈവത്തെ മറക്കുന്ന സകല ജനതകളും തന്നെ (സങ്കീ 9,17).

3. അടിക്കുമ്പോൾ നീ അവന്റെ ജീവനെ പാതാളത്തിൽ നിന്നു രക്ഷിക്കുകയാണ് (സുഭാ 23,14).

4. വിവേകിയുടെ വഴി മേലോട്ട്, ജീവനിലേക്ക്, നയിക്കുന്നു; താഴെ പാതാളത്തെ വിട്ടകലുന്നു (സുഭാ 15,24).

5. വലതുകണ്ണ് നിനക്ക് പാപഹേതുവാകുന്നെങ്കിൽ അത് ചൂഴ്ന്നെടുത്ത് എറിഞ്ഞു കളയുക; ശരീരമാകെ നരകത്തിലേക്ക് എറിയപ്പെടുന്നതിനെക്കാൾ നല്ലത് അവയവങ്ങളിലൊന്ന് നഷ്ടപ്പെടുന്നതാണ് (മത്താ 5,29).

www.malankaralibrary.com



6. ജീവന്റെ ഗ്രന്ഥത്തിൽ പേരെഴുതപ്പെടാത്തവരെല്ലാം അഗ്നിത്തടാകത്തിലേക്ക് എറിയപ്പെട്ടു (വെളി 20,15).

7. ശരീരത്തെ കൊല്ലുകയും ആത്മാവിനെ കൊല്ലാൻ കഴിവില്ലാതിരിക്കുകയും ചെയ്യുന്നവരെ നിങ്ങൾ ഭയപ്പെടേണ്ട. മറിച്ച്, ആത്മാവിനെയും ശരീരത്തെയും നരകത്തിനിരയാക്കാൻ കഴിയുന്നവനെ ഭയപ്പെടുവിൻ (മത്താ 10,28).

8. അനന്തരം അവൻ തന്റെ ഇടതുഭാഗത്തുള്ളവരോടു പറയും: ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നിൽ നിന്നകന്ന് പിശാചിനും അവന്റെ ദൂതന്മാർക്കുമായി സജ്ജമാക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ (മത്താ 25, 41).

9. അവൻ മറുപടി പറയും: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഈ ഏറ്റവും എളിയവരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്യാതിരുന്നപ്പോൾ എനിക്കു തന്നെയാണു ചെയ്യാതിരുന്നത്. ഇവർ നിത്യശിക്ഷയിലേക്കും നീതിമാന്മാർ നിത്യജീവനിലേക്കും പ്രവേശിക്കും (മത്താ 25,45).

## 17. സ്നേഹം

1. ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും അവനിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹമാണ്. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു (1 യോഹ 4,16).

2. എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനു വേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ 3,16).

3. ദൈവത്തിൽ നിന്നു ജനിച്ച ഒരുവനും പാപം ചെയ്യുന്നില്ല. കാരണം ദൈവചൈതന്യം അവനിൽ വസിക്കുന്നു. അവൻ ദൈവത്തിൽ നിന്നു ജനിച്ചവനായതുകൊണ്ട് അവനു പാപം ചെയ്യാൻ സാദ്ധ്യമല്ല (1 യോഹ 4,9).

4. ദൈവത്തിന്റെ മക്കളാരെന്നും പിശാചിന്റെ മക്കളാരെന്നും ഇതിനാൽ വ്യക്തമാണ്. നീതി പ്രവർത്തിക്കാത്ത ഒരുവനും ദൈവത്തിൽ നിന്നുള്ളവനല്ല; തന്റെ സഹോദരനെ സ്നേഹിക്കാത്തവനും അങ്ങനെതന്നെ (1 യോഹ 4,10).

5. പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനില്ക്കുവിൻ (യോഹ 15,9).

www.malankaralibrary.com



6. ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനില്ക്കുന്നതുപോലെ, നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനില്ക്കും (യോഹ 15,10).

7. ക്രിസ്തു സ്വന്തം ജീവൻ നമുക്കു വേണ്ടി പരിത്യജിച്ചു എന്നതിൽ സ്നേഹം എന്തെന്നു നാം അറിയുന്നു. നമ്മളും സഹോദരർക്കുവേണ്ടി ജീവൻ പരിത്യജിക്കാൻ കടപ്പെട്ടിരിക്കുന്നു (1 യോഹ 3,16).

8. എന്നാൽ അവന്റെ വചനം പാലിക്കുന്നവനിൽ സത്യമായും ദൈവസ്നേഹം പൂർണ്ണത പ്രാപിച്ചിരിക്കുന്നു. നാം അവനിൽ വസിക്കുന്നെന്ന് ഇതിൽ നിന്നു നാം അറിയുന്നു (യോഹ 2,5).

9. പ്രിയപ്പെട്ടവരേ, നമുക്കു പരസ്പരം സ്നേഹിക്കാം. എന്തെന്നാൽ സ്നേഹം ദൈവത്തിൽ നിന്നുള്ളതാണ്. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽ നിന്നു ജനിച്ചവനാണ്; അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം ദൈവം സ്നേഹമാണ് (1 യോഹ 4,7-8).

10. ആദ്യം അവിടുന്ന് നമ്മെ സ്നേഹിച്ചു. അതിനാൽ, നാമും അവിടുത്തെ സ്നേഹിക്കുന്നു (1 യോഹ 4,19).

11. നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടും കൂടെ സ്നേഹിക്കണം (നിയമ 6,5).

12. അവിടുത്തെ പൂർണഹൃദയത്തോടും പൂർണമനസോടും പൂർണശക്തിയോടും കൂടെ സ്നേഹിക്കുന്നതും തന്നെപോലെ തന്നെ അയൽക്കാരനെ സ്നേഹിക്കുന്നതും എല്ലാ ദഹനബലികളെയും യാഗങ്ങളെയുംകാൾ മഹനീയമാണെന്നും അങ്ങ് പറഞ്ഞത് സത്യമാണ് (മർക്കോ 12,33).

13. ദൈവത്തെ സ്നേഹിക്കുകയെന്നാൽ അവിടുത്തെ കല്പനകൾ അനുസരിക്കുകയെന്ന് അർത്ഥം. അവിടുത്തെ കല്പനകൾ ഭാരമുള്ളവയല്ല (1 യോഹ 5,3).

14. എന്തെന്നാൽ, നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക എന്ന ഒരേയൊരു കല്പനയിൽ നിയമം മുഴുവൻ അടങ്ങിയിരിക്കുന്നു (ഗലാ 5,14).

15. എന്നാൽ, ദൈവം തന്നെ സ്നേഹിക്കുന്നവനെ അംഗീകരിക്കുന്നു (1 കോറി 8,3).

16. മറ്റുള്ളവർ നിങ്ങൾക്കു ചെയ്തുതരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ. ഇതാണ് നിയമവും പ്രവാചകന്മാരും (മത്താ 7,12).

www.malankaralibrary.com



17. നിങ്ങളുടെ ദൈവമായ കർത്താവിനെ എന്നും സ്നേഹിക്കുകയും അവിടുത്തെ അനുശാസനകളും ചട്ടങ്ങളും നിയമങ്ങളും കല്പനകളും അനുസരിക്കുകയും ചെയ്യുവിൻ (നിയമ 11,1).

18. ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു: നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും (യോഹ 13,34-35).

19. ഞാൻ ദൈവത്തെ സ്നേഹിക്കുന്നുവെന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ അവൻ കള്ളം പറയുന്നു. കാരണം, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല (1 യോഹ 4,20).

20. ഇതാണ് എന്റെ കല്പന: ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം (യോഹ 15,12).

21. സഹോദരരെ സ്നേഹിക്കുന്നതുകൊണ്ട് നമ്മൾ മരണത്തിൽ നിന്ന് ജീവനിലേക്കു കടന്നിരിക്കുന്നു എന്നു നാമറിയുന്നു; സ്നേഹിക്കാത്തവനാകട്ടെ മരണത്തിൽത്തന്നെ നിലകൊള്ളുന്നു (യോഹ 3,14).

22. ലൗകികസമ്പത്ത് ഉണ്ടായിരിക്കെ ഒരുവൻ തന്റെ സഹോദരനെ സഹായമർഹിക്കുന്നവനായി കണ്ടിട്ടും അവനെതിരെ ഹൃദയം അടയ്ക്കുന്നെങ്കിൽ അവനിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും (1 യോഹ 3,17).

23. കുഞ്ഞുമക്കളേ, വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്; പ്രവൃത്തിയിലും സത്യത്തിലുമാണ് (1 യോഹ 3,18).

24. എന്നെക്കാൾ അധികം പിതാവിനെയോ മാതാവിനെയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല. എന്നെക്കാൾ അധികം പുത്രനെയോ പുത്രിയെയോ സ്നേഹിക്കുന്നവനും എനിക്കു യോഗ്യനല്ല (മത്താ 10,37).

25. സർവ്വോപരി, എല്ലാറ്റിനെയും കൂട്ടിയിണക്കി പരിപൂർണ്ണമായ ഐക്യത്തിൽ ബന്ധിക്കുന്ന സ്നേഹം പരിശീലിക്കുവിൻ (കൊളോ 3,14).

26. നിങ്ങളുടെ സകല കാര്യങ്ങളും സ്നേഹത്തോടെ നിർവ്വഹിക്കുവിൻ (1 കോറി 16,14).

27. ഞാൻ മനുഷ്യരുടെയും ദൈവദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ ആണ് (1 കോറി 13,14).

28. സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണ്. സ്നേഹം അസൂയപ്പെടുന്നില്ല, ആത്മപ്രശംസ ചെയ്യുന്നില്ല, അഹങ്കരിക്കുന്നില്ല (1 കോറി 13,4).

www.malankaralibrary.com



29. സ്നേഹം സകലതും സഹിക്കുന്നു; സകലതും വിശ്വസിക്കുന്നു; സകലതും പ്രത്യാശിക്കുന്നു; സകലത്തെയും അതിജീവിക്കുന്നു (1 കോറി 13,7).

30. സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല. പ്രവചനങ്ങൾ കടന്നുപോകും; ഭാഷകൾ ഇല്ലാതാകും; വിജ്ഞാനം തിരോഭവിക്കും (1 കോറി 13,8).

31. തിന്മയെ ദ്വേഷിക്കുന്നവനെ കർത്താവു സ്നേഹിക്കുന്നു; അവിടുന്ന് തന്റെ ഭക്തരുടെ ജീവനെ പരിപാലിക്കുന്നു; ദുഷ്ടരുടെ കൈയിൽ നിന്ന് അവരെ മോചിപ്പിക്കുന്നു (സങ്കീ 97,10).

32. ഞാൻ കർത്താവിനെ സ്നേഹിക്കുന്നു, എന്റെ പ്രാർത്ഥനയുടെ സ്വരം അവിടുന്ന് ശ്രവിച്ചു (സങ്കീ 116,1).

## 18. വിശ്വാസം

1. വിശ്വാസം എന്നതു പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോദ്ധ്യവുമാണ് (ഹെബ്രാ 11,1).

2. വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനില്ക്കുന്നു. എന്നാൽ സ്നേഹമാണ് സർവ്വോത്കൃഷ്ടം (1 കോറി 13,13).

3. വിശ്വാസം വഴി കൃപയാലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടത്. അത് നിങ്ങൾ നേടിയെടുത്തതല്ല, ദൈവത്തിന്റെ ദാനമാണ് (എഫേ 2,8).

4. വിശ്വാസമില്ലാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാദ്ധ്യമല്ല. ദൈവസന്നിധിയിൽ ശരണം പ്രാപിക്കുന്നവർ ദൈവം ഉണ്ടെന്നും, തന്നെ അന്വേഷിച്ചവർക്ക് അവിടുന്നു പ്രതിഫലം നൽകുമെന്നും വിശ്വസിക്കണം (ഹെബ്രാ 11,6).

5. നമ്മുടെ വിശ്വാസത്തിന്റെ നാഥനും അതിനെ പൂർണ്ണതയിലെത്തിക്കുന്നവനുമായ യേശുവിനെ മുന്നിൽ കണ്ടുകൊണ്ടുവേണം നാം ഓടാൻ (ഹെബ്രാ 12,2).

6. ഇതാണ് ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തി: അവിടുന്ന് അയച്ചവനിൽ വിശ്വസിക്കുക (യോഹ 6,29).

7. സുവിശേഷത്തെപ്പറ്റി ഞാൻ ലജ്ജിക്കുന്നില്ല. എന്തെന്നാൽ വിശ്വസിക്കുന്ന ഏവർക്കും, ആദ്യം യഹൂദർക്കും പിന്നീട് ഗ്രീക്കുകാർക്കും, അത് രക്ഷയിലേക്കു നയിക്കുന്ന ദൈവത്തിന്റെ ശക്തിയാണ്. അതിൽ വിശ്വാസത്തിൽ നിന്ന് വിശ്വാസത്തിലേക്കു നയിക്കുന്ന ദൈവത്തിന്റെ ശക്തി വെളിപ്പെട്ടിരിക്കുന്നു. നീതിമാൻ വിശ്വാസം വഴി ജീവിക്കും എന്ന് എഴുതപ്പെട്ടിരിക്കുന്നല്ലോ (റോമ 1,17).

www.malankaralibrary.com



8. അവൻ കർത്താവിൽ വിശ്വസിച്ചു. അത് അവന് നീതീകരണമായി കണക്കാക്കി (ഉൽപ 15,6).

9. എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ 3,6).

10. വിശ്വാസം വഴി സംലബ്ധമാകുന്ന രക്തം കൊണ്ടുള്ള പാപപരിഹാരമായി ദൈവം അവനെ നിശ്ചയിച്ചുതന്നു (റോമ 3,25).

11. അവനിൽ വിശ്വസിക്കുന്ന എല്ലാവരും അവന്റെ നാമത്തിൽ പാപമോചനം നേടുമെന്ന് പ്രവാചകന്മാർ അവനെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്നു (അപ്പ 10,43).

12. എന്റെ ഇപ്പോഴത്തെ ഐഹികജീവിതം എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവപുത്രനിൽ വിശ്വസിച്ചുകൊണ്ടുള്ള ജീവിതമാണ് (ഗലാ 2, 20).

13. യേശു അവളോടു ചോദിച്ചു: വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം ദർശിക്കുമെന്ന് ഞാൻ നിന്നോടു പറഞ്ഞില്ലേ? അവർ കല്ലെടുത്തു മാറ്റി (യോഹ 11,40).

14. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട് (യോഹ 5,24).

15. തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിച്ചവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നൽകി (യോഹ 1,12).

16. യേശുക്രിസ്തുവിലുള്ള വിശ്വാസം വഴി നിങ്ങളെല്ലാവരും ദൈവപുത്രന്മാരാണ് (ഗലാ 3,26).

17. നമുക്കു കൈവന്നിരിക്കുന്ന ഈ കൃപയിലേക്ക് അവൻ മൂലം വിശ്വാസത്താൽ നമുക്ക് പ്രവേശനം ലഭിച്ചിരിക്കുന്നു. ദൈവമഹത്വത്തിൽ പങ്കുചേരാമെന്നുള്ള പ്രത്യാശയിൽ നമുക്ക് അഭിമാനിക്കാം (റോമ 5,2).

18. യേശു ദൈവപുത്രനാണെന്ന് വിശ്വസിക്കുന്നവനല്ലാതെ മറ്റാരാണ് ഈ ലോകത്തെ ജയിക്കുന്നത്? (1 യോഹ 5,5).

19. ലോകത്തിന്മേലുള്ള നമ്മുടെ വിജയം ഇതാണ് - നമ്മുടെ വിശ്വാസം (1 യോഹ 5,4).

20. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക; നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും (അപ്പ 16,31).

www.malankaralibrary.com



21. പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽത്തന്നെ നിർജ്ജീവമാണ് (യാക്കോ 2,17).

22. സർവ്വോപരി, ദുഷ്ടന്റെ ജ്വലിക്കുന്ന കൂരമ്പുകളെയെല്ലാം കെടുത്തുന്നതിന് നിങ്ങളെ ശക്തരാക്കുന്ന വിശ്വാസത്തിന്റെ പരിച എടുക്കുവിൻ (എഫേ 6,16).

23. അതിനാൽ ഞാൻ പറയുന്നു, പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്ന് വിശ്വസിക്കുവിൻ; നിങ്ങൾക്ക് ലഭിക്കുക തന്നെ ചെയ്യും (മർക്കോ 11,24).

24. എങ്കിലും മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ? (ലൂക്കാ 18,8).

25. നമ്മളും അവരും തമ്മിൽ അവിടുന്ന് വ്യത്യാസം കല്പിച്ചിട്ടില്ല; അവരുടെ ഹൃദയങ്ങളെയും വിശ്വാസം കൊണ്ട് പവിത്രീകരിച്ചു (അപ്പ 15,9).

26. അത് അവരുടെ കണ്ണുകൾ തുറക്കാനും അതുവഴി അവർ അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്കും, സാത്താന്റെ ശക്തിയിൽ നിന്ന് ദൈവത്തിലേക്കും തിരിയാനും പാപമോചനം സ്വീകരിക്കാനും എന്നിലുള്ള വിശ്വാസം വഴി വിശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവർക്കു സ്ഥാനം ലഭിക്കാനും വേണ്ടിയാണ് (അപ്പ 26,18).

27. അവൻ അവളോടു പറഞ്ഞു: മകളേ, നീ പൊയ്ക്കൊള്ളുക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോവുക; വ്യാധിയിൽ നിന്നു വിമുക്തയായിരിക്കുക (മർക്കോ 5,34).

28. യേശു പറഞ്ഞു: നീ പൊയ്ക്കൊള്ളുക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. തൽക്ഷണം അവന് കാഴ്ച ലഭിച്ചു. അവൻ യേശുവിനെ അനുഗമിച്ചു (മർക്കോ 5,34).

29. യേശു ഇതു കേട്ട് അവനെപ്പറ്റി വിസ്മയിച്ചു: തന്നെ അനുഗമിച്ചിരുന്ന ജനക്കൂട്ടത്തിനുനേരെ തിരിഞ്ഞ് അവൻ പറഞ്ഞു: ഞാൻ നിങ്ങളോടു പറയുന്നു, ഇസ്രായേലിൽപ്പോലും ഇതുപോലുള്ള വിശ്വാസം ഞാൻ കണ്ടിട്ടില്ല (ലൂക്കാ 7,9).

30. എന്നാൽ നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കു വേണ്ടി പ്രാർത്ഥിച്ചു. നീ തിരിച്ചുവന്ന് നിന്റെ സഹോദരരെ ശക്തിപ്പെടുത്തണം (ലൂക്കാ 22,32).

31. വിശ്വാസത്തിൽ നിലനിൽക്കണമെന്നും നിരവധി പീഡനങ്ങളിലൂടെ ദൈവരാജ്യത്തിൽ പ്രവേശിക്കണമെന്നും ഉപദേശിച്ചുകൊണ്ട് ശിഷ്യരുടെ മനസ്സിനെ അവർ ശക്തിപ്പെടുത്തി (അപ്പ 14,22).

www.malankaralibrary.com



32. എന്നാൽ നിന്റെ മുമ്പിൽ ഇതു ഞാൻ സമ്മതിക്കുന്നു: അവർ ഒരു മത വിഭാഗം എന്ന് വിളിക്കുന്ന മാർഗ്ഗമനുസരിച്ച് ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവത്തെ ഞാൻ ആരാധിക്കുന്നു. നിയമത്തിലും പ്രവചനഗ്രന്ഥങ്ങളിലും എഴുതപ്പെട്ടിരിക്കുന്നവരെയെല്ലാം ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു (അപ്പ 24,14).

33. യേശു അവളോടു പറഞ്ഞു: ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും (യോഹ 11, 25).

## 19. ശരണം/പ്രത്യാശ

1. പ്രഭാതത്തിനുവേണ്ടി കാത്തിരിക്കുന്ന കാവൽക്കാരെക്കാൾ ആകാംക്ഷയോടെ ഇസ്രായേൽ കർത്താവിനെ കാത്തിരിക്കട്ടെ; എന്തെന്നാൽ കർത്താവ് കാരുണ്യവാനാണ്; അവിടുന്ന് ഉദാരമായി രക്ഷ നൽകുന്നു (സങ്കീ 130,7).

2. യാക്കോബിന്റെ ദൈവം തുണയായിട്ടുള്ളവൻ, തന്റെ ദൈവമായ കർത്താവിൽ പ്രത്യാശ വയ്ക്കുന്നവൻ, ഭാഗ്യവാൻ (സങ്കീ 146,5).

3. പ്രത്യാശയുടെ തടവുകാരേ, നിങ്ങളുടെ രക്ഷാദുർഗ്ഗത്തിലേക്ക് മടങ്ങിപ്പോകുവിൻ. നിങ്ങൾക്ക് ഇരട്ടി മടക്കിത്തരുമെന്നു ഞാൻ പ്രത്യാശിക്കുന്നു (സഖ 9,12).

4. ദുഷ്ടൻ തിന്മ ചെയ്ത് അധഃപതിക്കുന്നു. നീതിമാൻ സ്വന്തം നീതിയിൽ അഭയം കണ്ടെത്തുന്നു (സുഭാ 14,32).

5. കർത്താവേ, ഞാൻ എന്താണ് കാത്തിരിക്കേണ്ടത്? എന്റെ പ്രത്യാശ അങ്ങിലാണല്ലോ (സങ്കീ 39,7).

6. കർത്താവാണ് എന്റെ ഓഹരി; അവിടുന്നാണ് എന്റെ പ്രത്യാശ എന്നു ഞാൻ പറയുന്നു (വിലാപ 3,24).

7. നീതിമാന്മാരുടെ പ്രത്യാശ സന്തോഷപര്യവസായിയാണ്. ദുഷ്ടന്മാരുടെ പ്രതീക്ഷ നിഷ്ഫലമാകും (സുഭാ 10,28).

8. അങ്ങയുടെ സത്യത്തിലേക്ക് എന്നെ നയിക്കണമേ! എന്നെ പഠിപ്പിക്കണമേ! എന്തെന്നാൽ അങ്ങാണല്ലോ എന്നെ രക്ഷിക്കുന്ന ദൈവം; അങ്ങേക്കു വേണ്ടി ദിവസം മുഴുവൻ ഞാൻ കാത്തിരിക്കുന്നു (സങ്കീ 25,5).

9. കർത്താവേ, അങ്ങാണ് എന്റെ പ്രത്യാശ; ചെറുപ്പം മുതൽ അങ്ങാണ് എന്റെ ആശ്രയം (സങ്കീ 71,5).

www.malankaralibrary.com



10. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം, നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു (റോമ 5,5).

11. നമുക്കു കൈവന്നിരിക്കുന്ന ഈ കൃപയിലേക്ക് അവൻ മൂലം വിശ്വാസത്താൽ നമുക്കു പ്രവേശനം ലഭിച്ചിരിക്കുന്നു. ദൈവമഹത്വത്തിൽ പങ്കുചേരാമെന്നുള്ള പ്രത്യാശയിൽ നമുക്ക് അഭിമാനിക്കാം (റോമ 5,2).

12. അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്ത ദൈവത്തിൽ, അവൻ മൂലം നിങ്ങൾ വിശ്വസിക്കുന്നു. അങ്ങനെ നിങ്ങളുടെ വിശ്വാസവും പ്രത്യാശയും ദൈവത്തിൽ ആയിരിക്കുകയും ചെയ്യുന്നു (1 പത്രോ 1,21).

13. ആത്മധൈര്യവും പ്രത്യാശയിലുള്ള അഭിമാനവും അവസാനം വരെ നാം മുറുകെപ്പിടിക്കുമെങ്കിൽ നാം അവിടുത്തെ ഭവനമായിരിക്കും. (ഹെബ്രാ 3,6).

14. ഈ ജീവിതത്തിനുവേണ്ടി മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാ മനുഷ്യരെയുംകാൾ നിർഭാഗ്യരാണ് (1 കോറി 15,9).

15. ഈ പ്രത്യാശ നമ്മുടെ ആത്മാവിന്റെ സുരക്ഷിതവും സുസ്ഥിരവുമായ നങ്കൂരം പോലെയാണ് (ഹെബ്രാ 6,19).

16. ഈ പ്രത്യാശയിലാണ് നാം രക്ഷ പ്രാപിക്കുന്നത്. കണ്ടു കഴിഞ്ഞാൽ പിന്നെ പ്രത്യാശ പ്രത്യാശയല്ല. താൻ കാണുന്നതിനെ ഒരുവൻ എന്തിനു പ്രത്യാശിക്കണം? (റോമ 8,24).

17. എന്നാൽ കാണാത്തതിനെയാണു നാം പ്രത്യാശിക്കുന്നതെങ്കിൽ അതിനു നാം സ്ഥിരതയോടെ കാത്തിരിക്കും (റോമ 8,25).

18. പകലിന്റെ മക്കളായ നമുക്കു വിശ്വാസത്തിന്റെയും സ്നേഹത്തി ന്റെയും കവചവും രക്ഷയുടെ പ്രത്യാശയാകുന്ന പടത്തൊപ്പിയും ധരിച്ചു സുബോധമുള്ളവരായിരിക്കാം (1 തെസ്സ 5,8).

19. നിങ്ങളിൽ ഓരോരുത്തരും പ്രത്യാശയുടെ പൂർത്തീകരണത്തിനായി അവസാനം വരെ ഇതേ ഉത്സാഹം തന്നെ കാണിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു (ഹെബ്രാ 6,11).

## 20. രക്ഷ

1. കർത്താവേ, അങ്ങയുടെ കാരുണ്യം ഞങ്ങളിൽ ചൊരിയണമെ! ഞങ്ങൾക്ക് രക്ഷ പ്രദാനം ചെയ്യണമെ (സങ്കീ 85,7).

www.malankaralibrary.com



2. ദുഷ്ടർ വിച്ഛേദിക്കപ്പെടും. കർത്താവിനെ കാത്തിരിക്കുന്നവർ ഭൂമി കൈവശമാക്കും (സങ്കീ 37,9).

3. വസ്ത്രം പോലെ ഇരട്ടവാലനും കമ്പിളിപോലെ പുഴുവും അവരെ തിന്നൊടുക്കും; എന്നാൽ ഞാൻ നൽകുന്ന മോചനം നിത്യമാണ്. രക്ഷ തലമുറകളോളം നിലനില്ക്കും (ഏശ 51,8).

4. എന്തെന്നാൽ കർത്താവ് തന്റെ ജനത്തിൽ സംപ്രീതരായിരിക്കുന്നു. എളിയവരെ അവിടുന്നു വിജയമണിയിക്കുന്നു (സങ്കീ 149,4).

5. സിംഹാസനാരൂഢനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും പക്കലാണ് രക്ഷ (വെളി 7,10).

6. യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ രക്ഷ പ്രാപിക്കുന്നതിന് നിന്നെ ജ്ഞാനിയാക്കുന്ന വിശുദ്ധ ലിഖിതങ്ങൾ നീ ബാല്യം മുതൽ തന്നെ പഠിച്ചറിഞ്ഞിട്ടുള്ളതാണല്ലോ (2 തീമൊ 3,15).

7. എന്തെന്നാൽ സകല ജനത്തിനും വേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞു (ലൂക്കാ 2,30-31).

8. സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണുകയും ചെയ്യും (ലൂക്കാ 3,6).

9. തന്റെ ദാസനായ ദാവീദിന്റെ ഭവനത്തിൽ നമുക്ക് ശക്തനായ ഒരു രക്ഷകനെ ഉയർത്തി (ലൂക്കാ 1,69).

10. അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം. എന്തെന്നാൽ, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കും (മത്താ 1,21).

11. ദൈവം തന്റെ ദാസനെ ഉയിർപ്പിച്ച് ആദ്യം നിങ്ങളുടെ അടുക്കലേക്കാണ് നിയോഗിച്ചയച്ചത്. നിങ്ങൾ ഓരോരുത്തരെയും ദുഷ്ടതയിൽ നിന്നു പിന്തിരിപ്പിച്ച് അനുഗ്രഹിക്കാൻ വേണ്ടിയാണ് അത് (അപ്പ 3,26).

12. എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ 3,16).

13. യേശു അവനോട് പറഞ്ഞു: ഇന്ന് ഈ ഭവനത്തിന് രക്ഷ കൈവന്നിരിക്കുന്നു (ലൂക്കാ 19,9).

14. അവിടുന്നു അരുളി ചെയ്യുന്നു: സ്വീകാര്യമായ സമയത്ത് ഞാൻ നിന്റെ പ്രാർത്ഥന കേട്ടു. രക്ഷയുടെ ദിവസത്തിൽ ഞാൻ നിന്നെ സഹായിക്കുകയും ചെയ്തു. ഇതാ, ഇപ്പോൾ സ്വീകാര്യമായ സമയം. ഇതാ, ഇപ്പോൾ രക്ഷയുടെ ദിവസം (2 കോറി 6,2).

www.malankaralibrary.com



15. ആകാശത്തിനു കീഴെ മനുഷ്യരുടെ ഇടയിൽ നമുക്കു രക്ഷക്കുവേണ്ടി മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല (അപ്പ 4,12).

16. നമ്മുടെ പാപങ്ങൾ സ്വന്തം ശരീരത്തിൽ വഹിച്ചുകൊണ്ട് അവൻ കുരിശിലേറി. അത്, നാം പാപത്തിന് മരിച്ച് നീതിക്കായി ജീവിക്കേണ്ടതിനാണ്. അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു (1 പത്രോ 2,24).

17. നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേല്പിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്കു വേണ്ടി ക്ഷതമേൽപ്പിക്കപ്പെട്ടു. അവന്റെ മേലുള്ള ശിക്ഷ നമുക്ക് രക്ഷ നൽകി (ഏശ 53,5).

18. വിശ്വാസം വഴി കൃപയാലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടത് (എഫേ 2,8).

19. അടയാളങ്ങൾ, അത്ഭുതങ്ങൾ, പലവിധത്തിലുള്ള ശക്തമായ പ്രവൃത്തികൾ, എന്നിവകൊണ്ടും തന്റെ ഇഷ്ടത്തിനൊത്തു പരിശുദ്ധാത്മാവിനെ ദാനം ചെയ്തുകൊണ്ടും ദൈവം ഇതിന് സാക്ഷ്യം നല്കിയിരിക്കുന്നു (ഹെബ്രാ 2,4).

20. പരിപൂർണ്ണനാക്കപ്പെട്ടതുവഴി അവൻ തന്നെ അനുസരിക്കുന്നവർക്കെല്ലാം നിത്യരക്ഷയുടെ ഉറവിടമായി (ഹെബ്രാ 5,9).

21. ഉറക്കത്തിലും ഉണർവ്വിലും നാം അവനോടൊത്ത് ജീവിക്കേണ്ടതിനാണ് അവൻ നമുക്ക് വേണ്ടി മരിച്ചത് (1 തെസ്സ 5,10).

22. എന്റെ പ്രിയപ്പെട്ടവരേ, നിങ്ങൾ എപ്പോഴും അനുസരണയോടെ പ്രവർത്തിച്ചിട്ടുള്ളതുപോലെ, എന്റെ സാന്നിദ്ധ്യത്തിൽ മാത്രമല്ല, ഞാൻ അകന്നിരിക്കുന്ന ഈ സമയത്തും. പൂർവ്വാധികം ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ സ്വന്തം രക്ഷക്കുവേണ്ടി അദ്ധ്വാനിക്കുവിൻ (ഫിലി 2,12).

23. അതിനാൽ തെരഞ്ഞെടുക്കപ്പെട്ടവർ യേശുക്രിസ്തുവിൽ ശാശ്വതവും മഹത്വപൂർണവുമായ രക്ഷ നേടുന്നതിനു വേണ്ടി ഞാൻ എല്ലാം സഹിക്കുന്നു (2 തിമൊ 2,10).

24. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും (അപ്പ 16,31).

25. അങ്ങനെ വിശ്വാസത്തിന്റെ ഫലമായി ആത്മാവിന്റെ രക്ഷ നിങ്ങൾ പ്രാപിക്കുകയും ചെയ്യും (1 പത്രോ 1,9).

26. പകലിന്റെ മക്കളായ നമുക്കു വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും കവചവും രക്ഷയുടെ പ്രത്യാശയായ പടത്തൊപ്പിയും ധരിച്ചു സുബോധമുള്ളവരായിരിക്കാം (1 തെസ്സ 5,8).

www.malankaralibrary.com



27. എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയണമെന്നുമാണ് അവിടുന്നാഗ്രഹിക്കുന്നത് (1 തിമൊ 2,4).

## 21. സമാധാനം (ശാന്തി)

1. കാരണം അവൻ നമ്മുടെ സമാധാനമാണ്. ഇരുകൂട്ടരെയും അവൻ ഒന്നിപ്പിക്കുകയും ശത്രുതയുടെ മതിലുകൾ തകർക്കുകയും ചെയ്തു (എഫേ 2,14).
2. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം (ലൂക്കാ 2,14).
3. വിദൂരസ്ഥരായിരുന്ന നിങ്ങളോടും സമീപസ്ഥരായിരുന്ന ഞങ്ങളോടും അവൻ സമാധാനം പ്രസംഗിച്ചു (എഫേ 2,17).
4. വിശ്വാസത്താൽ നീതീകരിക്കപ്പെട്ട നാം നമ്മുടെ കർത്താവായ യേശുക്രിസ്തു വഴി ദൈവവുമായി സമാധാനത്തിൽ ആയിരിക്കാം (റോമ 5,1).
5. കർത്താവേ, അങ്ങു ഞങ്ങൾക്കു സമാധാനം നൽകുന്നു; ഞങ്ങളുടെ പ്രവൃത്തികൾ സത്യത്തിൽ അങ്ങാണല്ലോ ചെയ്യുന്നത് (ഏശ 26,12).
6. ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടുപോകുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നൽകുന്നു. ലോകം നൽകുന്നതുപോലെയല്ല ഞാൻ നൽകുന്നത്. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ, നിങ്ങൾ ഭയപ്പെടുകയും വേണ്ടാ (യോഹ 14,27).
7. അപ്പോൾ നമ്മുടെ എല്ലാ ധാരണകളെയും അതിലംഘിക്കുന്ന ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ചിന്തകളെയും യേശുക്രിസ്തുവിൽ കാത്തുകൊള്ളും (ഫിലി 4,7).
8. സമാധാനത്തിന്റെ കർത്താവ് തന്നെ നിങ്ങൾക്ക് എക്കാലത്തും എല്ലാ വിധത്തിലും സമാധാനം നൽകട്ടെ (2 തെസ്സ 3,16).
9. എല്ലാവരോടും സമാധാനത്തിൽ വർത്തിച്ച് വിശുദ്ധിക്കുവേണ്ടി പരിശ്രമിക്കുവിൻ. വിശുദ്ധി കൂടാതെ ആർക്കും കർത്താവിനെ ദർശിക്കുവാൻ സാധിക്കുകയില്ല (ഹെബ്രാ 12,14).
10. അവസാനമായി സഹോദരരേ. സന്തോഷിക്കുവിൻ. നിങ്ങളെത്തന്നെ നവീകരിക്കുവിൻ. എന്റെ ആഹ്വാനം സ്വീകരിക്കുവിൻ. ഏകമനസ്കരായിരിക്കുവിൻ. സമാധാനത്തിൽ ജീവിക്കുവിൻ. സ്നേഹത്തിന്റെയും ശാന്തിയുടെയും ദൈവം നിങ്ങളോടു കൂടെയുണ്ടായിരിക്കും (2 കോറി 13,11).

www.malankaralibrary.com



11. എന്നാൽ, ആത്മാവിന്റെ ഫലങ്ങൾ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാണ് (ഗലാ 5,22-23).

12. സാധിക്കുന്നിടത്തോളം എല്ലാവരോടും സമാധാനത്തിൽ വർത്തിക്കുവിൻ (റോമ 12,18).

13. തിന്മയിൽ നിന്നകന്നു നന്മ ചെയ്യുവിൻ; സമാധാനമന്വേഷിച്ച് അതിനെ പിൻതുടരുവിൻ (സങ്കീ 34,14).

14. സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവപുത്രന്മാർ എന്നു വിളിക്കപ്പെടും (മത്താ 5,9).

15. സമാധാനസ്രഷ്ടാക്കൾ നീതിയുടെ ഫലം സമാധാനത്തിൽ വിതയ്ക്കുന്നു (യാക്കോ 3,18).

16. സമാധാനത്തിന്റെ ബന്ധത്തിൽ ആത്മാവിന്റെ ഐക്യം നിലനിർത്താൻ ജാഗരൂകരായിരിക്കുവിൻ (എഫേ 4,3).

17. ജഡികാഭിലാഷങ്ങൾ മരണത്തിലേക്കു നയിക്കുന്നു; ആത്മീയാഭിലാഷങ്ങൾ ജീവനിലേക്കും സമാധാനത്തിലേക്കും (റോമ 8,6).

18. അതിൽ ഹൃദയമുറപ്പിച്ചിരിക്കുന്നവനെ അങ്ങ് സമാധാനത്തിന്റെ തികവിൽ സംരക്ഷിക്കുന്നു (ഏശ 26,3).

19. അങ്ങയുടെ നിയമത്തെ സ്നേഹിക്കുന്നവർക്ക് ശാന്തി ലഭിക്കും; അവർക്ക് ഒരു പ്രതിബന്ധവും ഉണ്ടാവുകയില്ല. (സങ്കീ 119,65).

20. കാരണം ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല; പ്രത്യുത, നീതിയും, സമാധാനവും, പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ് (റോമ 14,17).

## 22. ക്ഷമ

1. എന്നാൽ ആത്മാവിന്റെ ഫലങ്ങൾ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്ഥത, സൗമ്യത, ആത്മസംയമനം ഇവയാണ്. ഇവയ്ക്കെതിരായി ഒരു നിയമവുമില്ല (ഗലാ 5,22-23).

2. സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണ്. സ്നേഹം അസൂയപ്പെടുന്നില്ല, ആത്മപ്രശംസ ചെയ്യുന്നില്ല, അസൂയപ്പെടുന്നില്ല (1 കോരി 13,14).

3. സദ്ബുദ്ധി ക്ഷിപ്രകോപത്തെ നിയന്ത്രിക്കും. തെറ്റ് പൊറുക്കുന്നത് അവന് ഭൂഷണം (സുഭാ 19,11).

4. ഏതിന്റേയും അന്തമാണ് ആരംഭത്തെക്കാൾ മെച്ചം. അഹങ്കാരിയെക്കാൾ ക്ഷമാശീലൻ ഉത്തമനാണ് (സഭാ പ്ര 7,8).

www.malankaralibrary.com



5. കർത്താവേ, അങ്ങ് നല്ലവനും ക്ഷമാശിലനുമാണ്; അങ്ങയെ വിളിച്ച പേക്ഷിക്കുന്നവരോട് സമൃദ്ധമായി കൃപ കാണിക്കുന്നു (സങ്കീ 86,5).

6. സൗമ്യത, ക്ഷമ എന്നിവ ധരിക്കുവിൻ. ഒരാൾക്ക് മറ്റൊരാളോട് പരിഭവമുണ്ടായാൽ പരസ്പരം ക്ഷമിച്ച് സഹിഷ്ണുതയോടെ വർത്തിക്കുവിൻ. കർത്താവ് നിങ്ങളോട് ക്ഷമിച്ചതുപോലെ നിങ്ങളും ക്ഷമിക്കണം (കൊളോ 3,13).

7. സർവ്വോപരി, എല്ലാറ്റിനെയും കൂട്ടിയിണക്കി പരിപൂർണ്ണ ഐക്യത്തിൽ ബന്ധിക്കുന്ന സ്നേഹം പരിശീലിക്കുവിൻ (കൊളോ 3,14).

8. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ നിങ്ങൾക്ക് ആരോടെങ്കിലും വിരോധമുണ്ടെങ്കിൽ അത് ക്ഷമിക്കുവിൻ (മർക്കോ 18,35).

9. നിങ്ങൾ സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളോടും ഇതുപോലെത്തന്നെ പ്രവർത്തിക്കും (മത്താ 18,35).

10. അപ്പോൾ പത്രോസ് മുന്നോട്ട് വന്ന് അവനോട് ചോദിച്ചു: കർത്താവേ, എന്നോട് തെറ്റു ചെയ്യുന്ന സഹോദരനോട് ഞാൻ എത്ര പ്രാവശ്യം ക്ഷമിക്കണം? ഏഴു പ്രാവശ്യമോ? യേശു അരുളി ചെയ്തു: ഏഴെന്നല്ല ഏഴ് എഴുപത് പ്രാവശ്യം എന്ന് ഞാൻ നിന്നോട് പറയുന്നു (മത്താ 18,21-22).

11. ദൈവം ക്രിസ്തു വഴി നിങ്ങളോട് ക്ഷമിച്ചതുപോലെ നിങ്ങളും പരസ്പരം ക്ഷമിച്ചും കരുണ കാണിച്ചും ഹൃദയാർദ്രതയോടെ പെരുമാറുവിൻ (എഫേ 4,32).

12. നിങ്ങൾ ക്ഷമിക്കുന്നവനോട് ഞാനും ക്ഷമിക്കുന്നു. ഞാൻ എന്തെങ്കിലും ക്ഷമിക്കുന്നുണ്ടെങ്കിൽ അത് ക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്ക് വേണ്ടിയാണ് (2 കോറി 2,10).

13. അതിനാൽ ഞാൻ നിന്നോട് പറയുന്നു, ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ ഇവൾ അധികം സ്നേഹിച്ചു. ആരോട് അല്പം ക്ഷമിക്കപ്പെടുന്നുവോ അവൻ അല്പം സ്നേഹിക്കുന്നു (ലൂക്കാ 7,47).

14. പീഡനത്തിലും ഉറച്ചു നിൽക്കുന്നതിലൂടെ നിങ്ങളുടെ ജീവനെ നിങ്ങൾ നേടും (ലൂക്കാ 21,19).

15. യേശു പറഞ്ഞു: പിതാവേ, അവരോട് ക്ഷമിക്കേണമേ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല (ലൂക്കാ 23,34).

16. അവർ സ്തേഫാനോസിനെ കല്ലെറിഞ്ഞു. അപ്പോൾ അവൻ പ്രാർത്ഥിച്ചു: കർത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളണമേ (അപ്പ 7,59).

www.malankaralibrary.com



17. പൂർണ്ണമായ വിനയത്തോടും ശാന്തതയോടും ദീർഘക്ഷമയോടും കൂടെ നിങ്ങൾ സ്നേഹപൂർവ്വം അന്യോന്യം സഹിഷ്ണുതയോടെ വർത്തിക്കുവിൻ (എഫേ 4,2).

18. ഒരിക്കൽ നിങ്ങൾ അന്ധകാരമായിരുന്നു. ഇന്ന് നിങ്ങൾ കർത്താവിൽ പ്രകാശമായിരിക്കുന്നു. പ്രകാശത്തിന്റെ മക്കളെപ്പോലെ വർത്തിക്കുവിൻ (എഫേ 5,8).

19. എന്നാൽ കാണാത്തതിനെയാണ് നാം പ്രത്യാശിക്കുന്നതെങ്കിൽ അതിനുവേണ്ടി നാം സ്ഥിരതയോടെ കാത്തിരിക്കും (റോമ 8,25).

## 23. താഴ്മ/എളിമ

1. അത്യുന്നതനും മഹത്വപൂർണ്ണനുമായവൻ അനന്തതയിൽ വസിക്കുന്ന പരിശുദ്ധൻ എന്ന നാമം വഹിക്കുന്നവൻ അരുളിച്ചെയ്യുന്നു: ഞാൻ ഉന്നതമായ വിശുദ്ധസ്ഥലത്തു വസിക്കുന്നു. അനുതാപികളുടെ ഹൃദയത്തെയും വിനീതരുടെ ആത്മാവിനെയും നവീകരിക്കാൻ ഞാൻ അവരോടുകൂടെ വസിക്കുന്നു (ഏശ 57,15).

2. കർത്താവ് മഹോന്നതനാണെങ്കിലും താണവരെ കടാക്ഷിക്കുന്നു. അഹങ്കാരികളെ അവിടുന്ന് അകലെവച്ച് തന്നെ അറിയുന്നു (സങ്കീ 138,6).

3. ദൈവത്തിന്റെ ശക്തമായ കരത്തിൻ കീഴിൽ നിങ്ങൾ താഴ്മയോടെ നില്ക്കുവിൻ. അവിടുന്നു തക്കസമയത്തു നിങ്ങളെ ഉയർത്തിക്കൊള്ളും (1 പത്രോ 5,6).

4. തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും, തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും (ലൂക്കാ 14,11).

5. അപ്രകാരം തന്നെ യുവാക്കന്മാരേ, നിങ്ങൾ ശ്രേഷ്ഠന്മാർക്കു വിധേയരായിരിക്കുവിൻ. പരസ്പര വിനയത്തിന്റെ അങ്കി അണിയുവിൻ. ദൈവം അഹങ്കാരികളെ എതിർക്കുകയും വിനയമുള്ളവർക്കു കൃപ നൽകുകയും ചെയ്യുന്നു (1 പത്രോ 5,5).

6. അതുകൊണ്ടാണ് ഇങ്ങനെ എഴുതിയിരിക്കുന്നത്: ദൈവം അഹങ്കാരികളെ എതിർക്കുകയും എളിമയുള്ളവർക്കു കൃപ കൊടുക്കുകയും ചെയ്യുന്നു (യാക്കോ 4,6).

7. അവസാനമായി നിങ്ങളെല്ലാവരും ഹൃദയൈക്യവും അനുകമ്പയും സഹോദരസ്നേഹവും കരുണയും വിനയവും ഉള്ളവരായിരിക്കുവിൻ (1 പത്രോ 3,8).

8. മാത്സര്യമോ വ്യർത്ഥാഭിമാനമോ മൂലം നിങ്ങൾ ഒന്നും ചെയ്യരുത്. മറിച്ച്, ഓരോരുത്തരും താഴ്മയോടെ മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതണം (ഫിലി 2,3).

www.malankaralibrary.com



9. എന്തെന്നാൽ ദൈവം അഹങ്കാരിയെ താഴ്ത്തുകയും എളിയവനെ രക്ഷിക്കുകയും ചെയ്യും (ജോബ് 22,9).

10. മറിയം പറഞ്ഞു: എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിലാനന്ദിക്കുന്നു. അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും (ലൂക്ക 1,46-48).

11. ശക്തന്മാരെ അവിടുന്നു സിംഹാസനത്തിൽ നിന്നു മറിച്ചിട്ടു. എളിയവരെ ഉയർത്തി (ലൂക്കാ 1,52).

12. ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും (മത്താ 11,9).

13. ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാണ്. എന്റെ മേൽ ദൈവം ചൊരിഞ്ഞ കൃപ നിഷ്ഫലമായിപ്പോയിട്ടില്ല. (1 കോറി 15,10).

14. എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും. (ഫിലി 4,13).

15. ഇതു കണ്ട് പത്രോസ് അവരോട് പറഞ്ഞു: ഇസ്രായേൽ ജനമേ, നിങ്ങളെന്തിന് ഇതിൽ അത്ഭുതപ്പെടുന്നു? ഞങ്ങൾ സ്വന്തം ശക്തിയോ സുകൃതമോ കൊണ്ട് ഇവനു നടക്കാൻ കഴിവു കൊടുത്തു എന്ന മട്ടിൽ ഞങ്ങളെ സൂക്ഷിച്ചുനോക്കുന്നതെന്തിന്? (അപ്പ 3,12).

16. നിനക്ക് എന്തു പ്രത്യേക മാഹാത്മ്യമാണുള്ളത്? ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്തുണ്ട്? എല്ലാം ദാനമായിരിക്കെ ദാനമല്ല എന്ന മട്ടിൽ എന്തിനു നീ അഹങ്കരിക്കുന്നു? (1 കോറി 4,7).

17. സമ്പത്തും ബഹുമാനവും അങ്ങാണ് നൽകുന്നത്. അങ്ങ് സമസ്തവും ഭരിക്കുന്നു. അധികാരവും ശക്തിയും അങ്ങേയ്ക്ക് അധീനമായിരിക്കുന്നു. എല്ലാവരെയും ശക്തരും ഉന്നതന്മാരും ആക്കുന്നത് അങ്ങാണ് (1 ദിന 29,12).

18. മരണം വരെ - അതേ, കുരിശുമരണം വരെ - അനുസരണയുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നൽകുകയും ചെയ്തു (ഫിലി 2,8).

19. അപമാനിതനായ അവന് നീതി നിഷേധിക്കപ്പെട്ടു. അവന്റെ പിൻതലമുറയെപ്പറ്റി ആരു വിവരിക്കും? എന്തെന്നാൽ ഭൂമിയിൽ നിന്ന് അവന്റെ ജീവൻ അപഹരിക്കപ്പെട്ടു (അപ്പ 8,33).

www.malankaralibrary.com



20. സീയോൻ പുത്രിയോട് പറയുക: ഇതാ നിന്റെ രാജാവ് വിനയാന്വിതനായി കഴുതയുടെയും കഴുതക്കുട്ടിയുടെയും പുറത്ത് നിന്റെ അടുത്തേക്കു വരുന്നു(മത്താ 21,5).

21. കർത്താവിന്റെ സന്നിധിയിൽ താഴ്മയുള്ളവരായിരിക്കുവിൻ. അവിടുന്നു നിങ്ങളെ ഉയർത്തും (യാക്കോ 4,10).

## 24. അനുസരണം

1. സാമുവൽ പറഞ്ഞു: തന്റെ കല്പന അനുസരിക്കുന്നതോ ദഹനബലികളും മറ്റ് ബലികളും അർപ്പിക്കുന്നതോ കർത്താവിന് പ്രീതികരം? അനുസരണം ബലിയെക്കാൾ ശ്രേഷ്ഠം; മുട്ടാടുകളുടെ മേദസ്സിനെക്കാൾ ഉത്കൃഷ്ടം (1 സാമു 15,22).

2. നിങ്ങളുടെ സകല ഗോത്രങ്ങളിലും നിന്ന് തന്റെ മുന്നിൽ നില്ക്കാനും തന്റെ നാമത്തിൽ ശുശ്രൂഷ ചെയ്യുവാനും അവനെയും അവന്റെ പുത്രന്മാരെയുമാണല്ലോ എന്നേക്കുമായി നിന്റെ ദൈവമായ കർത്താവ് തെരഞ്ഞെടുത്തിരിക്കുന്നത് (നിയമ 18,5).

3. ദൈവവചനം കേട്ട് അത് പാലിക്കുന്നവർ കൂടുതൽ ഭാഗ്യവാന്മാർ (ലൂക്കാ 11,28).

4. ദൈവഭയമുള്ളവനായിരിക്കുക, അവിടുത്തെ കല്പനകൾ പാലിക്കുക; മനുഷ്യന്റെ മുഴുവൻ കാര്യവും ഇതു തന്നെ (സഭാ പ്ര 12,13).

5. എന്റെ പടിവാതിൽക്കൽ അനുദിനം കാത്തുനിന്ന് എന്റെ വാതിലുകളിൽ ദൃഷ്ടിയുറപ്പിച്ച് എന്റെ വാക്കു കേൾക്കുന്നവർ ഭാഗ്യവാൻമാർ (സുഭാ 8,34).

6. ദൈവവചനം ആദരിക്കുന്നവൻ ഉത്കർഷം നേടും, കർത്താവിൽ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ (സുഭാ 16,20).

7. നമ്മൾ ദൈവത്തെ സ്നേഹിക്കുകയും അവിടുത്തെ കല്പനകൾ അനുസരിക്കുകയും ചെയ്യുമ്പോൾ ദൈവത്തിന്റെ മക്കളെ സ്നേഹിക്കുന്നു എന്നു നാമറിയുന്നു (1 യോഹ 5,2).

8. പുത്രനായിരുന്നിട്ടും തന്റെ സഹനത്തിലൂടെ അവൻ അനുസരണം അഭ്യസിച്ചു. പരിപൂർണ്ണനാക്കപ്പെട്ടതു വഴി അവൻ തന്നെ അനുസരിക്കുന്നവർക്കെല്ലാം നിത്യരക്ഷയുടെ ഉറവിടമായി (ഹെബ്രാ 5,8-9).

9. ഒരു മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ ഒരു മനുഷ്യന്റെ അനുസരണത്താൽ അനേകർ നീതിയുള്ളവരാകും (റോമ 5,19).

www.malankaralibrary.com



10. യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, പിതാവ് ചെയ്ത് കാണുന്നതല്ലാതെ പുത്രന് സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും പ്രവർത്തിക്കാൻ സാധിക്കയില്ല. എന്നാൽ പിതാവ് ചെയ്യുന്നതെല്ലാം അപ്രകാരം തന്നെ പുത്രനും ചെയ്യുന്നു (യോഹ 5,9).
11. മകനേ, നിന്റെ പിതാവിന്റെ കല്പന കാത്തുകൊള്ളുക; മാതാവിന്റെ ഉപദേശം നിരസിക്കയുമരുത് (സുഭാ 6,20).
12. യേശു പ്രതിവചിച്ചു: എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ അവന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും (യോഹ 14,23).
13. ദുർമോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. പാപം പൂർണ്ണവളർച്ചയെത്തുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു (1 പത്രോ 1,15).
14. നമ്മൾ ആത്മാവിലാണ് ജീവിക്കുന്നതെങ്കിൽ നമുക്ക് ആത്മാവിൽ വ്യാപരിക്കാം (ഗലാ 5,25).

## 25. ദൈവഭക്തി

1. ദൈവഭക്തിയാണ് അറിവിന്റെ ഉറവിടം. ഭോഷന്മാർ ജ്ഞാനത്തെയും പ്രബോധനത്തെയും പുച്ഛിക്കുന്നു (സുഭാ 1,7).
2. ദൈവഭക്തി ജ്ഞാനത്തിനുള്ള പരിശീലനമാണ്; വിനയം ബഹുമതിയുടെ മുന്നോടിയും (സുഭാ 15,33).
3. ദൈവഭക്തിയാണു ജ്ഞാനത്തിന്റെ ആരംഭം; അതു പരിശീലിക്കുന്നവർ വിവേകികളാകും. അവിടുന്ന് എന്നേക്കും സ്തുതിക്കപ്പെടും (സങ്കീ 111,10).
4. ദൈവഭക്തി ജീവന്റെ ഉറവയാണ്; മരണത്തിന്റെ കെണികളിൽ നിന്നു രക്ഷപ്പെടാൻ അതു സഹായിക്കുന്നു (സുഭാ 14,27).
5. ദൈവഭക്തി ജീവനിലേക്കു നയിക്കുന്നു; ഭക്തൻ ഉപദ്രവം നേരിടാതെ സംതൃപ്തനായി കഴിയുന്നു (സുഭാ 19,23).
6. ദൈവഭക്തി ആയുസ്സ് വർദ്ധിപ്പിക്കുന്നു; ദുഷ്ടരുടെ ജീവിതകാലം പരിമിതമായിരിക്കും (സുഭാ 10,27).
7. വലിയ സമ്പത്തും അതോടൊത്തുള്ള അനർത്ഥങ്ങളുമായി കഴിയുന്നതിനെക്കാൾ മെച്ചം ദൈവഭക്തിയോടെ അല്പം കൊണ്ടു കഴിയുന്നതാണ് (സുഭാ 15,16).
8. വിനയത്തിനും ദൈവഭക്തിക്കുമുള്ള പ്രതിഫലം സമ്പത്തും ജീവനും ബഹുമതിയുമാണ് (സുഭാ 22,4).

www.malankaralibrary.com



9. ദൈവഭക്തിയാണ് ബലിഷ്ഠമായ ആശ്രയം; സന്താനങ്ങൾക്ക് അത് അഭയസ്ഥാനമായിരിക്കുകയും ചെയ്യും (സുഭാ 14,26).

10. ദൈവഭക്തി തിന്മയെ വെറുക്കലാണ്; അഹംഭാവം, ഗർവ്വ്, ദുർമാർഗ്ഗം, ദുർവ്വചനം എന്നിവ ഞാൻ വെറുക്കുന്നു (സുഭാ 28,13).

11. ദൈവഭക്തി നിർമ്മലമാണ്; അത് എന്നേക്കും നിലനിൽക്കുന്നു; കർത്താവിന്റെ വിധികൾ സത്യമാണ്. അവ തികച്ചും നീതിപൂർണ്ണമാണ് (സുഭാ 28,13).

12. പിതാവായ ദൈവത്തിന്റെ മുമ്പിൽ പരിശുദ്ധവും നിഷ്കളങ്കവുമായ ഭക്തി ഇതാണ്: അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ അവരുടെ സഹായത്തിനെത്തുക. ലോകത്തിന്റെ കളങ്കമേൽക്കാതെ തന്നെത്തന്നെ കാത്തുസൂക്ഷിക്കുക (യാക്കോ 1,27).

13. യേശുക്രിസ്തുവിനോട് ഐക്യപ്പെട്ട് വിശുദ്ധജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവരെല്ലാം പീഡിപ്പിക്കപ്പെടും (2 തിമോ 3,12).

## 26. ദൈവവചനം

1. ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെയായിരുന്നു. സമസ്തവും അവനിലൂടെ ഉണ്ടായി. ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല (യോഹ 1,1-3).

2. വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു - കൃപയും സത്യവും നിറഞ്ഞതും ദൈവത്തിന്റെ ഏകജാതന്റേതുമായ മഹത്വം (യോഹ 1,14).

3. എന്നെ സ്നേഹിക്കാത്തവനോ എന്റെ വചനങ്ങൾ പാലിക്കുന്നില്ല. നിങ്ങൾ ശ്രവിക്കുന്ന ഈ വചനം എന്റേതല്ല; എന്നെ അയച്ച പിതാവിന്റേതാണ് (യോഹ 14,24).

4. ഞാൻ നിങ്ങളോടു പറഞ്ഞ എന്റെ വചനം നിമിത്തം നിങ്ങൾ ശുദ്ധിയുള്ളവരായിരിക്കുന്നു (യോഹ 15,3).

5. അവരെ അങ്ങു സത്യത്താൽ വിശുദ്ധീകരിക്കണമെ; അവിടുത്തെ വചനമാണ് സത്യം (യോഹ 17,17).

6. അവരുടെ വചനത്തിന്റെ സാരാംശം സത്യം തന്നെയാണ്. അങ്ങയുടെ നിയമങ്ങൾ നീതിയുക്തമാണ്. അവ എന്നേക്കും നിലനിൽക്കുന്നു (സങ്കീ 119,60).

7. അവൻ പറഞ്ഞു: ദൈവവചനം കേട്ട് അതു പാലിക്കുന്നവർ കൂടുതൽ ഭാഗ്യവാന്മാർ (ലൂക്കാ 11,28).

www.malankaralibrary.com



8. രക്ഷയുടെ പടത്തൊപ്പി അണിയുകയും ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുക്കുകയും ചെയ്യുവിൻ (എഫേ 6,17).

9. കർത്താവേ, കർത്താവേ എന്ന് എന്നോട് വിളിച്ചപേക്ഷിക്കുന്നവനല്ല. എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക (മത്താ 7,21).

10. അവൻ പറഞ്ഞു: ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരരും (ലൂക്കാ 8,21).

11. അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ് (സങ്കീ 119,105).

12. ദൈവവചനം ആദരിക്കുന്നവർ ഉത്ക്കർഷം നേടും; കർത്താവിൽ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ (സുഭാ 16,20).

13. ഉപദേശം നിന്ദിക്കുന്നവൻ തനിക്കുതന്നെ നാശം വരുത്തി വയ്ക്കുന്നു. കല്പന ആദരിക്കുന്നവന് പ്രതിഫലം ലഭിക്കും (സുഭാ 13,13).

14. യുവാവ് തന്റെ മാർഗ്ഗം എങ്ങനെ നിർമ്മലമായി സൂക്ഷിക്കും? അങ്ങയുടെ വചനമനുസരിച്ച് വ്യാപരിച്ചുകൊണ്ട് (സങ്കീ 119,9).

15. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ആരെങ്കിലും എന്റെ വചനം പാലിച്ചാൽ അവൻ ഒരിക്കലും മരിക്കുകയില്ല (യോഹ 8,51).

16. എന്നെ അവഹേളിക്കുന്നവരോട് മറുപടി പറയാൻ അപ്പോൾ എനിക്കു കഴിയും. ഞാൻ അങ്ങയുടെ വചനത്തിലാണല്ലോ ആശ്രയിക്കുന്നത് (സങ്കീ 119,74).

17. അങ്ങയുടെ ഭക്തർ എന്നെക്കണ്ടു സന്തോഷിക്കും. എന്തെന്നാൽ ഞാൻ അങ്ങയുടെ വചനത്തിൽ പ്രത്യാശയർപ്പിച്ചു (സങ്കീ 119,74).

18. ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്. ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും, ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ് (ഹെബ്രാ 4,12).

19. ആകാശവും ഭൂമിയും കടന്നുപോകും; എന്നാൽ എന്റെ വചനങ്ങൾ കടന്നുപോകുകയില്ല (മത്താ 24,35).

20. എന്റെ ഈ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകമതിയായ മനുഷ്യന് തുല്യനായിരിക്കും (മത്താ 7,24).

21. അങ്ങയുടെ വാക്കുകൾ എത്ര മധുരമാണ്. അവ എന്റെ നാക്കിന് തേനിനെക്കാൾ മധുരമാണ് (സങ്കീ 119,103).

www.malankaralibrary.com



22. നിങ്ങളോടു ദൈവവചനം പ്രസംഗിച്ച നിങ്ങളുടെ നേതാക്കന്മാരെ ഓർക്കുവിൻ. അവരുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്ത് അവരുടെ വിശ്വാസം അനുകരിക്കുവിൻ (13,7).

## 27. ഉപവാസവും നോമ്പും

1. അവർ മിസ്പായിൽ ഒരുമിച്ചുകൂടി. വെള്ളം കോരി കർത്താവിന്റെ സന്നിധിയിൽ പകർന്നു. ആ ദിവസം മുഴുവൻ അവർ ഉപവസിച്ചു. ഞങ്ങൾ കർത്താവിനെതിരായി പാപം ചെയ്തുപോയി എന്ന് അവർ ഏറ്റുപറഞ്ഞു. മിസ്പായിൽ വച്ചാണ് സാമുവേൽ ഇസ്രായേൽജനത്തെ ന്യായപാലനം ചെയ്യാൻ തുടങ്ങിയത് (1 സാമു 7,6).

2. കുഞ്ഞിന് വേണ്ടി ദാവീദ് ദൈവത്തോട് പ്രാർത്ഥിച്ചു. അവൻ ഉപവസിച്ചു. രാത്രി മുഴുവൻ മുറിയിൽ നിലത്ത് കിടന്നു (2 സാമു 12,16).

3. നിനവേയിലെ ജനങ്ങൾ ദൈവത്തിൽ വിശ്വസിച്ചു. അവർ ഒരു രാത്രി ഉപവാസം പ്രഖ്യാപിച്ചു. വലിയവരും ചെറിയവരും ഒരുപോലെ ചാക്കുടുത്തു (യോഹ 3,5).

4. അതിനാൽ ഞങ്ങൾ ഉപവസിച്ച് ദൈവത്തോട് യാചിക്കുകയും അവിടുന്ന് ഞങ്ങളുടെ പ്രാർത്ഥന കേൾക്കുകയും ചെയ്തു (എബ്രാ 8,23).

5. നീ പോയി സുസായിലുള്ള സകല യഹൂദരെയും ഒരുമിച്ചുകൂട്ടി എനിക്ക് വേണ്ടി ഉപവസിക്കുക. മൂന്നു ദിവസം രാത്രിയും പകലും എന്തെങ്കിലും ഭക്ഷിക്കുകയോ പാനം ചെയ്യുകയോ അരുത്. ഞാനും എന്റെ തോഴിമാരും നിങ്ങളെപ്പോലെ തന്നെ ഉപവസിക്കും. പിന്നെ നിയമത്തിനെതിരാണെങ്കിലും ഞാൻ രാജാവിന്റെ അടുത്തുപോകും. ഞാൻ നശിക്കുന്നെങ്കിൽ നശിക്കട്ടെ (എസ്തേ 4,16).

6. മോശ നാല്പതു പകലും നാല്പതു രാവും കർത്താവിനോടു കൂടെ അവിടെ ചെലവഴിച്ചു. അവൻ ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ചെയ്തില്ല. ഉടമ്പടിയുടെ വചനങ്ങളായ പത്ത് പ്രമാണങ്ങൾ അവൻ പലകകളിൽ എഴുതി (പുറ 34,28).

7. അവൻ എഴുന്നേറ്റ് ഭക്ഷണപാനീയങ്ങൾ കഴിച്ചു. അതിന്റെ ശക്തികൊണ്ട് നാല്പതു രാവും നാല്പതു പകലും നടന്ന് കർത്താവിന്റെ മലയായ ഹൊറേബിലെത്തി (1 രാജാ 19,8).

8. ഉപവാസം പ്രഖ്യാപിക്കുകയും മഹാസഭ വിളിച്ചുകൂട്ടുകയും ചെയ്യുവിൻ. ശ്രേഷ്ഠന്മാരെയും ദേശവാസികളെയും നിങ്ങളുടെ ദൈവമായ കർത്താവിന്റെ ആലയത്തിൽ ഒരുമിച്ചുകൂട്ടുവിൻ. കർത്താവിനോട് പ്രാർത്ഥിക്കുവിൻ (ജോയേ 1,4).

www.malankaralibrary.com



9. കർത്താവ് അരുളിച്ചെയ്യുന്നു. ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപത്തോടും നെടുവീർപ്പോടും കൂടെ നിങ്ങൾ പൂർണ്ണഹൃദയത്തോടെ എന്റെ അടുക്കലേക്ക് തിരിച്ചുവരുവിൻ (ജോയേ 2,12).

10. ഞങ്ങൾ എന്തിന് ഉപവസിച്ചു. അങ്ങ് കാണുന്നില്ലയോ? ഞങ്ങൾ എന്തിന് ഞങ്ങളെ തന്നെ എളിമപ്പെടുത്തി. അങ്ങ് അത് ശ്രദ്ധിക്കുന്നില്ലയോ? എന്നാൽ ഉപവസിക്കുമ്പോൾ നിങ്ങൾ സ്വന്തം സുഖമാണ് നേടുന്നത്. നിങ്ങളുടെ വേലക്കാരെ നിങ്ങൾ പീഡിപ്പിക്കുന്നു. കലഹിക്കുന്നതിനും ശണ്ഠ കൂടുന്നതിനും ക്രൂരമായി മുഷ്ടികൊണ്ട് ഇടിക്കുന്നതിനും മാത്രമാണ് നിങ്ങൾ ഉപവസിക്കുന്നത്. നിങ്ങളുടെ സ്വരം ഉന്നതത്തിൽ എത്താൻ ഇത്തരം ഉപവാസം ഉപകരിക്കുകയില്ല (ഏശ 58,3-4).

11. യേശു നാല്പത് ദിനരാത്രങ്ങൾ ഉപവസിച്ചു. അപ്പോൾ അവന് വിശന്നു (മത്താ 4,2).

12. പ്രാർത്ഥന കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗ്ഗം പുറത്തുപോകുകയില്ല (മർക്കോ 2,9).

13. എന്നാൽ നീ ഉപവസിക്കുന്നത് അദൃശ്യനായ പിതാവല്ലാതെ മറ്റാരും കാണാതിരിക്കുന്നതിന് ശിരസിൽ തൈലം പുരട്ടുകയും മുഖം കഴുകുകയും ചെയ്യുക. രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്ക് പ്രതിഫലം നൽകും (മത്താ 6,17-18).

14. മണവാളൻ അവരിൽ നിന്ന് അകറ്റപ്പെടുന്ന കാലം വരും. അപ്പോൾ അവർ ഉപവസിക്കും (മർക്കോ 2,20).

15. എൺപത്തിനാല് വയസ്സായ ഈ വിധവ ദേവാലയം വിട്ടുപോകാതെ രാപകൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് ഉപവാസത്തിലും പ്രാർത്ഥനയിലും കഴിയുകയായിരുന്നു (ലൂക്കാ 2,37).

16. അവൾ കർത്താവിന് ശുശ്രൂഷ ചെയ്തും ഉപവസിച്ചും കഴിയവേ, പരിശുദ്ധാത്മാവ് അവരോട് പറഞ്ഞു: ബർണബാസിനെയും സാവുളിനെയും ഞാൻ വിളിച്ചിരിക്കുന്ന ജോലിക്കായി മാറ്റിനിർത്തുക (അപ്പ 13,2).

17. അവർ സഭകൾ തോറും ശ്രേഷ്ഠന്മാരെ നിയമിച്ച് പ്രാർത്ഥനയോടും ഉപവാസത്തോടും കൂടെ അവരെ തങ്ങൾ വിശ്വസിച്ച കർത്താവിന് സമർപ്പിച്ചു (അപ്പ 14,23).

www.malankaralibrary.com



## 28. പ്രാർത്ഥന

1. ജനം സ്നാനം സ്വീകരിച്ചുകൊണ്ടിരുന്നപ്പോൾ യേശുവും വന്ന് സ്നാനമേറ്റു. അവൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെ മേൽ ഇറങ്ങി വന്നു. സ്വർഗ്ഗത്തിൽ നിന്ന് ഒരു സ്വരവും ഉണ്ടായി: നീ എന്റെ പ്രിയപുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു (ലൂക്കാ 3,21-22).

2. അതിരാവിലെ അവൻ ഉണർന്ന് വിജനസ്ഥലത്തേക്ക് പോയി. അവിടെ അവൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു (മർക്കോ 1,35).

3. എന്നാൽ യേശുക്രിസ്തുവിന്റെ കീർത്തി പൂർവ്വാധികം വ്യാപിച്ചതേയുള്ളൂ. അവന്റെ വാക്ക് കേൾക്കുന്നതിനും രോഗശാന്തി നേടുന്നതിനും വേണ്ടി വളരെ ആളുകൾ തിങ്ങിക്കൂടി. അവനാകട്ടെ വിജനപ്രദേശങ്ങളിലേക്ക് പിൻവാങ്ങി അവിടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു (ലൂക്കാ 5, 15-16).

4. അവർ രോഷാകുലരായി യേശുവിനോട് എന്താ ചെയ്യേണ്ടതെന്ന് പരസ്പരം ആലോചിച്ചു. ആ ദിവസങ്ങളിൽ അവൻ പ്രാർത്ഥിക്കാനായി ഒരു മലയിലേക്ക് പോയി. അവിടെ ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ട് രാത്രി മുഴുവൻ ചെലവഴിച്ചു. പ്രഭാതമായപ്പോൾ അവൻ ശിഷ്യന്മാരെ അടുത്ത് വിളിച്ച് അവരിൽ നിന്ന് പന്ത്രണ്ട് പേരെ തെരഞ്ഞെടുത്ത് അവർക്ക് അപ്പസ്തോലന്മാർ എന്ന് പേര് നൽകി (ലൂക്കാ 6,11-13).

5. ഒരിക്കൽ അവൻ തനിയെ പ്രാർത്ഥിക്കുകയായിരുന്നു. ശിഷ്യന്മാരും അവന്റെ കൂടെ ഉണ്ടായിരുന്നു. അപ്പോൾ അവൻ ചോദിച്ചു: ഞാൻ ആരെന്നാണ് ജനങ്ങൾ പറയുന്നത് (ലൂക്കാ 9,18).

6. അവൻ ഇതു പറഞ്ഞിട്ട് ഏകദേശം എട്ടു ദിവസങ്ങൾ കഴിഞ്ഞ് പത്രോസ്, യോഹന്നാൻ, യാക്കോബ് എന്നിവരെക്കൂട്ടിക്കൊണ്ട് പ്രാർത്ഥിക്കാൻ മലയിലേക്ക് കയറിപ്പോയി. പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ അവന്റെ മുഖഭാവം മാറി; വസ്ത്രം വെൺമയോടെ ശോഭിച്ചു. അപ്പോൾ രണ്ടു പേർ - മോശയും ഏലിയായും - അവനോട് സംസാരിച്ചുകൊണ്ടിരുന്നു (ലൂക്കാ 9,28-30).

7. ആ സമയം തന്നെ പരിശുദ്ധാത്മാവിൽ ആനന്ദിച്ച് അവൻ പറഞ്ഞു: സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താവായ പിതാവേ, അവിടുത്തെ ഞാൻ സ്തുതിക്കുന്നു. എന്തെന്നാൽ അങ്ങ് ഇവ ജ്ഞാനികളിൽ നിന്നും ബുദ്ധിമാന്മാരിൽ നിന്നും മറച്ചുവയ്ക്കുകയും ശിശുക്കൾക്ക് വെളിപ്പെടുത്തുകയും ചെയ്തു. അതേ പിതാവേ, അതായിരുന്നു അവിടുത്തെ അഭീഷ്ടം. എല്ലാ കാര്യങ്ങളും പിതാവ് എന്നെ ഏൽപ്പിച്ചിരു

www.malankaralibrary.com



ന്നു. പുത്രനാരെന്ന് പിതാവല്ലാതെ ആരും ഗ്രഹിക്കുന്നില്ല. പിതാവാരെന്ന് പുത്രനും പുത്രൻ ആർക്ക് വെളിപ്പെടുത്താനാഗ്രഹിക്കുന്നുവോ അവനും അല്ലാതെ മറ്റാരും ഗ്രഹിക്കുന്നില്ല (ലൂക്കാ 10,21-22).

8. യേശു കണ്ണുയർത്തി പറഞ്ഞു: പിതാവേ, അങ്ങ് എന്റെ പ്രാർത്ഥന ശ്രവിച്ചതിനാൽ ഞാൻ അങ്ങേക്ക് നന്ദി പറയുന്നു (യോഹ 11,41).

9. അവൻ ഒരിടത്ത് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ ശിഷ്യന്മാരിൽ ഒരുവൻ വന്നുപറഞ്ഞു: കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യരെ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കുക (ലൂക്കാ 11,1).

10. അവൻ അരുളിച്ചെയ്തു: നിങ്ങൾ ഇങ്ങനെ പ്രാർത്ഥിക്കുവിൻ: പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരേണമേ. അന്നന്നു വേണ്ട ആഹാരം ഓരോ ദിവസവും ഞങ്ങൾക്ക് നൽകണമേ. ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോട് ക്ഷമിക്കേണമേ. എന്തെന്നാൽ ഞങ്ങളുടെ കടക്കാരോട് ഞങ്ങളും ക്ഷമിക്കുന്നു. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ (ലൂക്കാ 11,2-4).

11. ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണം എന്ന് കാണിക്കാൻ യേശു അവരോട് ഒരു ഉപമ പറഞ്ഞു. ദൈവത്തെ ഭയപ്പെടുകയോ, മനുഷ്യരെ മാനിക്കുകയോ ചെയ്യാത്ത ഒരു ന്യായാധിപൻ ഒരു പട്ടണത്തിൽ ഉണ്ടായിരുന്നു. ആ പട്ടണത്തിൽ തന്നെ വിധവയായ ഒരു സ്ത്രീയും ഉണ്ടായിരുന്നു. അവൾ വന്ന് അവനോട് എതിരാളികൾക്കെതിരെ എനിക്ക് നീതി നടത്തിത്തരണമേ എന്ന് അപേക്ഷിക്കുമായിരുന്നു...(ലൂക്കാ 18,1-3).

12. ദുഷ്ടരുടെ ബലി കർത്താവിന് വെറുപ്പാണ്. സത്യസന്ധരുടെ പ്രാർത്ഥന അവിടുത്തെ സന്തോഷിപ്പിക്കുന്നു (സുഭാ 15,18).

13. തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക്, ഹൃദയപരമാർത്ഥതയോടെ വിളിച്ചപേക്ഷിക്കുന്നവർക്ക്, കർത്താവ് സമീപസ്ഥനാണ് (സങ്കീ 45,18).

14. അവന്റെ ഇഷ്ടത്തിനനുസൃതമായി എന്തെങ്കിലും നാം ചോദിച്ചാൽ അവിടുന്ന് നമ്മുടെ പ്രാർത്ഥന കേൾക്കും എന്നതാണ് നമുക്ക് അവനിലുള്ള ഉറപ്പ് (1 യോഹ 5,14).

15. ദരിദ്രരും നിരാലംബരും ജലം അന്വേഷിച്ചു കണ്ടെത്താതെ ദാഹത്താൽ നാവ് വരണ്ടുപോകുമ്പോൾ കർത്താവായ ഞാൻ അവർക്ക് ഉത്തരമരുളും. ഇസ്രായേലിന്റെ ദൈവമായ ഞാൻ അവരെ കൈവെടിയുകയില്ല (ഏശ 41,17).

16. ഞാൻ കർത്താവിനെ തേടി. അവിടുന്നെനിക്ക് ഉത്തരമരുളി. സർവ്വ ഭയങ്ങളിലും നിന്ന് അവിടുന്നെന്നെ മോചിപ്പിച്ചു (സങ്കീ 34,4).

www.malankaralibrary.com



17. നിങ്ങൾ പരീക്ഷയിൽ ഉൾപ്പെടാതിരിക്കാൻ പ്രാർത്ഥിക്കുവിൻ. അവൻ അവരിൽ നിന്ന് ഒരു കല്ലേറു ദൂരം മാറി മുട്ടിന്മേൽ വീണ് പ്രാർത്ഥിച്ചു: പിതാവേ, അങ്ങേക്കിഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകറ്റണമേ. എങ്കിലും എന്റെ ഹിതമല്ല. അവിടുത്തെ ഹിതം നിറവേറട്ടെ (ലൂക്കാ 22,41-42).

18. അപ്പോൾ അവനെ ശക്തിപ്പെടുത്താൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ പ്രത്യക്ഷപ്പെട്ടു (ലൂക്കാ 22,43).

19. അവിടെ എത്തിയപ്പോൾ അവൻ അവരോട് പറഞ്ഞു: നിങ്ങൾ പരീക്ഷയിൽ ഉൾപ്പെടാതിരിക്കാൻ പ്രാർത്ഥിക്കുവിൻ (ലൂക്കാ 22,40).

20. അവൻ അവരോട് ചോദിച്ചു: നിങ്ങൾ ഉറങ്ങുന്നതെന്ത്? പരീക്ഷയിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ (ലൂക്കാ 22,46).

21. എപ്പോഴും സന്തോഷത്തോടെ ഇരിക്കുവിൻ, ഇടവിടാതെ പ്രാർത്ഥിക്കുവിൻ (1 തെസ 5,17).

22. അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത് (യോഹ 4,24).

23. നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും പിതാവ് പുത്രനിൽ മഹത്വപ്പെടാൻ വേണ്ടി ഞാൻ പ്രവർത്തിക്കും. (യോഹ 14,13)

24. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചുകൂടുന്നിടത്ത് അവരുടെ മദ്ധ്യേ ഞാനുണ്ടായിരിക്കും (മത്താ 18,20)

25. നാം ആവശ്യപ്പെടുന്നതെന്തും അവിടുന്ന് നമുക്ക് നൽകുകയും ചെയ്യും. കാരണം, നമ്മൾ അവിടുത്തെ കല്പനകൾ അനുസരിക്കുകയും അവിടുത്തേക്ക് പ്രീതിജനകമായത് പ്രവർത്തിക്കുകയും ചെയ്യും (യോഹ 3,22).

26. ഞാൻ പറയുന്നു: പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്ന് വിശ്വസിക്കുവിൻ. നിങ്ങൾക്ക് ലഭിക്കുക തന്നെ ചെയ്യും (മർക്കോ 11,24).

27. ചോദിക്കുവിൻ; നിങ്ങൾക്ക് ലഭിക്കും. അന്വേഷിക്കുവിൻ; നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ; നിങ്ങൾക്ക് തുറന്നുകിട്ടും (മത്താ 7,7).

28. മക്കൾക്ക് നല്ല ദാനങ്ങൾ നല്കാൻ ദുഷ്ടരായ നിങ്ങൾക്കറിയാമെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് ചോദിക്കുന്നവർക്ക് എത്രയധികമായി പരിശുദ്ധാത്മാവിനെ നൽകുകയില്ല (ലൂക്കാ 11,3).

29. വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നതെല്ലാം നിങ്ങൾക്ക് ലഭിക്കും (മത്താ 21,22).

30. പ്രാർത്ഥിക്കുമ്പോൾ വിജാതിയരെപ്പോലെ നിങ്ങൾ അതിഭാഷണം ചെയ്യരുത്. അതിഭാഷണം വഴി തങ്ങളുടെ പ്രാർത്ഥന കേൾക്കുമെന്ന് അവർ കരുതുന്നു (മത്താ 6,7).

www.malankaralibrary.com



31. ചോദിച്ചിട്ട് നിങ്ങൾക്ക് ലഭിക്കുന്നില്ലെങ്കിൽ അത് നിങ്ങളുടെ ദുരാശകളെ തൃപ്തിപ്പെടുത്താൻ നിങ്ങൾ തിന്മയായിട്ടുള്ളവ ചോദിക്കുന്നതുകൊണ്ടാണ് (യാക്കോ 4,3).

32. അധിക്ഷേപിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കുവിൻ (ലൂക്കാ 6,28).

33. യേശു പറഞ്ഞു: പിതാവേ, അവരോട് ക്ഷമിക്കേണമേ. അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല (ലൂക്കാ 23, 24).

34. അവൻ മുട്ടുകുത്തി വലിയ സ്വരത്തിൽ അപേക്ഷിച്ചു: കർത്താവേ, ഈ പാപം അവരുടെ മേൽ ആരോപിക്കരുതെ. ഇത് പറഞ്ഞ് അവൻ മരണനിദ്ര പ്രാപിച്ചു (അപ്പ 7,60).

35. ഒരു ദിവസം ഒമ്പതാം മണിക്കൂറിലെ പ്രാർത്ഥനയ്ക്ക് പത്രോസും യോഹന്നാനും ദേവാലയത്തിലേക്ക് പോകുകയായിരുന്നു (അപ്പ 3,1).

36. അവൻ യാത്ര ചെയ്ത് പിറ്റേദിവസം നഗരത്തെ സമീപിച്ചപ്പോൾ പത്രോസ് പ്രാർത്ഥിക്കാൻ മട്ടുപ്പാവിലേയ്ക്ക് പോവുകയായിരുന്നു (അപ്പ 3,1).

37. അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു (അപ്പ 2,42)

38. നിങ്ങൾ സൗഖ്യം പ്രാപിക്കാനായി പരസ്പരം പാപങ്ങൾ ഏറ്റുപറയുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ (യാക്കോ 5,16).

39. വിശ്വാസത്തോടുകൂടിയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. കർത്താവ് അവനെ എഴുന്നേൽപ്പിക്കും. അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടുന്ന് അവന് മാപ്പു നൽകും (യാക്കോ 5,15).

40. നിങ്ങളുടെ ഇടയിൽ ദുരിതം അനുഭവിക്കുന്നവർ പ്രാർത്ഥിക്കട്ടെ. ആഹ്ലാദിക്കുന്നവർ സ്തുതിഗീതം ആലപിക്കട്ടെ (യാക്കോ 5,13).

41. പ്രലോഭനങ്ങളിൽ അകപ്പെടാതിരിക്കുവാൻ നിങ്ങൾ ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ. ആത്മാവ് സന്നദ്ധമെങ്കിലും ശരീരം ബലഹീനമാണ് (മത്താ 26,41).

42. അവൻ പറഞ്ഞു: പ്രാർത്ഥനകൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗ്ഗം പുറത്തുപോവുകയില്ല (മർക്കോ 9,29).

43. യേശു, ആറുദിവസം കഴിഞ്ഞ് പത്രോസ്, യാക്കോബ്, അവന്റെ സഹോദരൻ യോഹന്നാൻ എന്നിവരെ മാത്രം കൂട്ടിക്കൊണ്ട് ഒരു ഉയർന്ന മലയിലേക്കു പോയി. അവൻ അവരുടെ മുമ്പിൽ വച്ച് രൂപാന്തരപ്പെട്ടു. അവന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങി. അവന്റെ വസ്ത്രം പ്രകാശംപോലെ ധവളമായി (മത്താ 17,1-2).

www.malankaralibrary.com



44. കേസറിയായിൽ കൊർണേലിയൂസ് എന്നൊരുവൻ ഉണ്ടായിരുന്നു. അവൻ ഇത്താലിക്കെ എന്നു വിളിക്കപ്പെടുന്ന സൈന്യവിഭാഗത്തിലെ ഒരു ശതാധിപനായിരുന്നു. അവനും കുടുംബവും ദൈവഭയവും ഭക്തിയുമുള്ളവരായിരുന്നു. അവൻ ജനങ്ങൾക്ക് ഉദാരമായി ദാനധർമ്മം ചെയ്യുകയും ദൈവത്തോട് നിരന്തരം പ്രാർത്ഥിക്കുകയും ചെയ്തുപോന്നു. ഒരു ദിവസം ഏതാണ്ട് ഒമ്പതാം മണിക്കൂറിൽ കൊർണേലിയൂസ് എന്നു വിളിച്ചുകൊണ്ട് ഒരു ദൈവദൂതൻ ആഗതനാകുന്നത് ഒരു ദർശനത്തിൽ അവൻ വ്യക്തമായിക്കണ്ടു. ഭയവിഹ്വലനായി ഉറ്റുനോക്കിക്കൊണ്ട് അവൻ ചോദിച്ചു: പ്രഭോ, ഇതെന്താണ്? ദൂതൻ പറഞ്ഞു : നിന്റെ പ്രാർത്ഥനകളും ദാനധർമ്മങ്ങളും ദൈവസന്നിധിയിൽ നിന്നെ അനുസ്മരിപ്പിച്ചിരിക്കുന്നു. യോപ്പായിലേക്ക് ആളയച്ച് പത്രോസ് എന്നു വിളിക്കപ്പെടുന്ന ശിമയോനെ വരുത്തുക...(അപ്പ 10,1-5).

45. അപ്പോൾ ഏകദേശം ആറാം മണിക്കൂർ ആയിരുന്നു. ഒൻപതാം മണിക്കൂർ വരെ ഭൂമി മുഴുവൻ അന്ധകാരം വ്യാപിച്ചു. സൂര്യനിരുണ്ടു. ദേവാലയത്തിലെ തിരശ്ശീല നടുവേ കീറി. യേശു ഉച്ചത്തിൽ നിലവിളിച്ചു പറഞ്ഞു: പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു (ലൂക്കാ 23,44-46).

## 28എ. ധ്യാനം

1. ഒരു ദിവസം വൈകുന്നേരം അവൻ ചിന്താമഗ്നനായി വയലിലൂടെ നടക്കുകയായിരുന്നു. അവൻ തലപൊക്കി നോക്കിയപ്പോൾ ഒട്ടകങ്ങൾ വരുന്നത് കണ്ടു (ഉൽപ 24,63).

2. ഒരിക്കൽ അവൻ തനിയെ പ്രാർത്ഥിക്കുകയായിരുന്നു. ശിഷ്യന്മാരും അവന്റെ കൂടെ ഉണ്ടായിരുന്നു (ലൂക്കാ 9,18).

3. അവർ ഒരിടത്ത് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ ശിഷ്യന്മാരിൽ ഒരുവൻ വന്നുപറഞ്ഞു: കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യരെ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കുക (ലൂക്കാ 11,1).

4. മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു (ലൂക്കാ 2,19).

5. പിന്നെ അവൻ അവരോടൊപ്പം പുറപ്പെട്ട് നസറേത്തിൽ വന്ന് അവർക്ക് വിധേയനായി ജീവിച്ചു. അവന്റെ അമ്മ ഇക്കാര്യമെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു (ലൂക്കാ 2,51).

www.malankaralibrary.com



6. കഴിഞ്ഞ കാര്യങ്ങൾ ഞാൻ ഓർക്കുന്നു. അവിടുന്ന് ചെയ്ത എല്ലാ കാര്യങ്ങളെയും പറ്റി ഞാൻ ധ്യാനിക്കുന്നു. അവിടുത്തെ ശക്തമായ പ്രവൃത്തികളെക്കുറിച്ച് ഞാൻ ചിന്തിക്കുന്നു (സങ്കീ 143,5).

7. ഒരു കാര്യം ഞാൻ കർത്താവിനോടപേക്ഷിക്കുന്നു. ഒരു കാര്യം മാത്രം ഞാൻ തേടുന്നു. അവിടുത്തെ മാധുര്യം ആസ്വദിക്കാനും കർത്താവിന്റെ ആലയത്തിൽ അവിടുത്തെ ഹിതം ആരായാനും വേണ്ടി ജീവിതകാലം മുഴുവൻ അവിടുത്തെ ആലയത്തിൽ വസിക്കാൻ തന്നെ (സങ്കീ 27,4).

8. കോപിച്ചുകൊള്ളുക; എന്നാൽ പാപം ചെയ്യരുത്. നിങ്ങൾ കിടക്കയിൽ വച്ച് ധ്യാനിച്ച് മൗനമായിരിക്കുക (സങ്കീ 4,4).

9. അങ്ങയുടെ നിയമത്തെ ഞാൻ എത്രയധികം സ്നേഹിക്കുന്നു. അതിനെപ്പറ്റിയാണ് ദിവസം മുഴുവനും ഞാൻ ധ്യാനിക്കുക. (സങ്കീ 119,7)

10. ഞാൻ അങ്ങയുടെ പ്രമാണങ്ങളെപ്പറ്റി ധ്യാനിക്കുകയും അങ്ങയുടെ മാർഗ്ഗത്തിൽ ദൃഷ്ടിയുറപ്പിക്കുകയും ചെയ്യും (സങ്കീ 119,15)

11. എന്റെ എല്ലാ ഗുരുക്കന്മാരെപ്പറ്റിയും എനിക്ക് അറിവുണ്ട്. എന്തെന്നാൽ അങ്ങയുടെ കല്പനകളെപ്പറ്റി ഞാൻ ധ്യാനിക്കുന്നു (സങ്കീ 119,99)

12. എന്റെ ഈ ഗാനം അവിടുത്തേക്ക് പ്രീതികരമാകട്ടെ. ഞാൻ കർത്താവിൽ ആനന്ദിക്കുന്നു (സങ്കീ 104,34).

## 28ബി. മദ്ധ്യസ്ഥപ്രാർത്ഥന

1. അബ്രഹാം അവിടുത്തെ സമീപിച്ചു ചോദിച്ചു: ദുഷ്ടന്മാരോടൊപ്പം നീതിമാന്മാരെയും അങ്ങ് നശിപ്പിക്കുമോ? (ഉൽപ 18,23).

2. മോശ കർത്താവിന്റെ അടുക്കൽ തിരിച്ചുചെന്ന് പറഞ്ഞു: ഈ ജനം ഒരു വലിയ പാപം ചെയ്തുപോയി. അവർ തങ്ങൾക്കായി സ്വർണ്ണം കൊണ്ട് ദേവന്മാരെ നിർമ്മിച്ചു (പുറ 32,21).

3. അതിനാൽ ഇപ്പോൾ തന്നെ ഏഴു കാളകളേയും ഏഴു മുട്ടാടുകളേയും കൊണ്ട് ജോബിന്റെ അടുക്കൽ ചെന്ന് നിങ്ങൾക്കു വേണ്ടി ദഹനബലി അർപ്പിക്കുവിൻ. എന്റെ ദാസനായ ജോബ് നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും. ഞാനവന്റെ പ്രാർത്ഥന സ്വീകരിച്ച് നിങ്ങളുടെ ഭോഷത്വത്തിന് നിങ്ങളെ ശിക്ഷിക്കുകയില്ല. നിങ്ങൾ എന്റെ ദാസനായ ജോബിനെപ്പോലെ എന്നെപ്പറ്റി ശരിയായത് സംസാരിച്ചില്ല (ജോബ് 42,8).

5. യേശു പറഞ്ഞു: പിതാവേ, അവരോട് ക്ഷമിക്കണമേ. അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല (ലൂക്കാ 23,34).

www.malankaralibrary.com



6. അവൻ മുട്ടുകുത്തി വലിയ സ്വരത്തിൽ അപേക്ഷിച്ചു: കർത്താവേ, ഈ പാപം അവരുടെ മേൽ ആരോപിക്കരുത്. ഇതു പറഞ്ഞ് അവൻ മരണ നിദ്ര പ്രാപിച്ചു (അപ്പ 7,60).

7. മരിച്ചവനെങ്കിലും ഉത്ഥാനം ചെയ്തവനും ദൈവത്തിന്റെ വലതു ഭാഗത്തിരുന്നു നമുക്ക് വേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നവനുമായ യേശുക്രിസ്തു തന്നെ (റോമ 8,34).

8. അവിടെ വീഞ്ഞ് തീർന്നുപോയപ്പോൾ യേശുവിന്റെ അമ്മ അവനോട് പറഞ്ഞു: അവർക്ക് വീഞ്ഞില്ല (യോഹ 2,3).

9. നിങ്ങൾ അപേക്ഷകളോടും യാചനകളോടും കൂടെ എല്ലാ സമയവും ആത്മാവിൽ പ്രാർത്ഥനാനിരതരായിരിക്കുവിൻ (എഫേ 6,18).

10. അങ്ങനെ പത്രോസ് കാരാഗൃഹത്തിൽ സൂക്ഷിക്കപ്പെട്ടു. സഭ അവനു വേണ്ടി തീക്ഷ്ണമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു (അപ്പ 12,5).

11. അവർ (പത്രോസും യോഹന്നാനും) ചെന്ന് അവിടെയുള്ളവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കേണ്ടതിന് അവർക്കുവേണ്ടി പ്രാർത്ഥിച്ചു (അപ്പ 8,15).

12. നിങ്ങൾ സൗഖ്യം പ്രാപിക്കാനായി പരസ്പരം പാപങ്ങൾ ഏറ്റുപറയുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ (യാക്കോ 5, 6).

## 28സി. മരിച്ചവർക്കു വേണ്ടിയും മരിച്ചുപോയവരുടെയും മദ്ധ്യസ്ഥപ്രാർത്ഥന

1. യൂദാസ് തന്റെ സൈന്യത്തെ വിളിച്ചുകൂട്ടി അദുല്ലാം നഗരത്തിലേക്ക് പോയി. ഏഴാം ദിവസം സമീപിച്ചിരുന്നതിനാൽ അവർ മുറപ്രകാരം തന്നെ ശുദ്ധീകരിച്ച് സാബത്താചരിച്ചു. യുദ്ധത്തിൽ മൃതിയടഞ്ഞവരെ പിതൃകുടീരങ്ങളിൽ അടക്കം ചെയ്യുക ആവശ്യമായിരുന്നതിനാൽ യൂദാസും അനുയായികളും പിറ്റേന്നു തന്നെ ജഡങ്ങൾ എടുത്തുകൊണ്ടു വരാൻ പുറപ്പെട്ടു. അവർ മൃതദേഹങ്ങളുടെ കുപ്പായങ്ങൾക്കിടയിൽ യാമ്നിയായിലെ വിഗ്രഹങ്ങളുടെ ചിഹ്നം ആലേഖനം ചെയ്ത തകിടുകൾ കണ്ടു. യഹൂദർക്ക് ഇതു ധരിക്കുക നിഷിദ്ധമായിരുന്നു. ഇവർ മരിക്കാൻ കാരണം ഇതാണെന്ന് എല്ലാവർക്കും വ്യക്തമായി. നീതിമാനായ വിധിയാളനും നിഗൂഢമായവയെ വെളിപ്പെടുത്തുന്നവനുമായ കർത്താവിന്റെ മാർഗ്ഗങ്ങളെ അവർ വാഴ്ത്തി. ഇവരുടെ ഈ പാപം തുടച്ച് മാറ്റണമെന്ന് യാചിച്ച് അവർ പ്രാർത്ഥനയിൽ മുഴുകി. പാപം നിമിത്തം മരണത്തിന് ഇരയായവർക്ക് സംഭവിച്ചതെന്തെന്ന് ഒരിക്കൽ കണ്ട ജന

www.malankaralibrary.com



ത്തോട് പാപത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കാൻ വീരപുരുഷനായ യൂദാസ് ഉപദേശിച്ചു. അനന്തരം അവൻ അവരിൽ നിന്ന് രണ്ടായിരത്തോളം ദ്രാക്മാ വെള്ളി പിരിച്ചെടുത്ത് പാപപരിഹാരബലിക്കായി ജറുസലേമിലേക്ക് അയച്ചുകൊടുത്തു. പുനരുത്ഥാനമുണ്ടെന്ന് ഉറച്ച യൂദാസ് ചെയ്ത ഈ പ്രവൃത്തി ശ്രേഷ്ഠവും ഉചിതവും തന്നെ. മരിച്ചവർ ഉയിർക്കുമെന്ന് പ്രതീക്ഷയില്ലായിരുന്നെങ്കിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് നിഷ്പ്രയോജനവും ഭോഷത്വവുമായിരുന്നു. എന്നാൽ ദൈവഭക്തിയോടെ മരിക്കുന്നവർക്കായി ഒരുക്കിയിരിക്കുന്ന അമൂല്യ സമ്മാനത്തെക്കുറിച്ച് പ്രത്യാശ പുലർത്തിയെങ്കിൽ അത് പാവനവും ഭക്തിപൂർവ്വവുമായ ഒരു ചിന്തയാണ്. അതിനാൽ മരിക്കുന്നവർക്ക് പാപമോചനം ലഭിക്കുന്നതിന് അവൻ അവർക്കുവേണ്ടി പരിഹാരകർമ്മം അനുഷ്ഠിച്ചു (2 മക്ക 12,38-46).

2. അവർ അത്യന്തം വിസ്മയഭരിതരായി ചോദിച്ചു: അങ്ങനെയെങ്കിൽ രക്ഷപ്പെടാൻ ആർക്കു കഴിയും. യേശു അവരുടെ നേരെ നോക്കി പറഞ്ഞു. മനുഷ്യന് അസാദ്ധ്യമാണ്. ദൈവത്തിന് അങ്ങനെയല്ല. അവിടുത്തേക്ക് എല്ലാം സാധിക്കും (മർക്കോ 10,26-27).

3. അപ്പോൾ സിനഗോഗധികാരികളിൽ ഒരുവനായ ജായ്റോസ് അവിടെ വന്നു. അവൻ യേശുവിനെ കണ്ട് കാൽക്കൽ വീണ് അപേക്ഷിച്ചു: എന്റെ കൊച്ചുമകൾ മരിക്കാറായി കിടക്കുന്നു. അങ്ങ് വന്ന് അവളുടെ മേൽ കൈ വച്ച് രോഗം മാറ്റി ജീവിപ്പിക്കേണമേ (മർക്കോ 5,22-28).

4. അവർ അവനോട് പറഞ്ഞു: കർത്താവേ, വന്നു കാണുക, യേശു കണ്ണീർ പൊഴിച്ചു. അപ്പോൾ യഹൂദർ പറഞ്ഞു : നോക്കൂ, അവൻ എത്രമാത്രം അവനെ സ്നേഹിച്ചിരുന്നു! എന്നാൽ അവരിൽ ചിലർ പറഞ്ഞു: അന്ധന്റെ കണ്ണു തുറന്ന ഈ മനുഷ്യന് ഇവനെ മരണത്തിൽ നിന്ന് രക്ഷിക്കാൻ കഴിയുമായിരുന്നില്ലേ! (യോഹ 11,34-35).

5. മർത്ത യേശുവിനോടു പറഞ്ഞു: കർത്താവേ, നീ ഇവിടെയുണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു. എന്നാൽ, നീ ചോദിക്കുന്നതെന്തും ദൈവം നിനക്കു തരും എന്ന് എനിക്കറിയാം... (യോഹ 11,21-31). മറിയം യേശു നിന്നിരുന്നിടത്ത് വന്ന്, അവനെക്കണ്ടപ്പോൾ കാൽക്കൽ വീണു പറഞ്ഞു: കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുമായിരുന്നില്ല...(യോഹ 11,32-35). യേശു പറഞ്ഞു: ആ കല്ലെടുത്ത് മാറ്റുവിൻ. മരിച്ചയാളുടെ സഹോദരിയായ മർത്ത പറഞ്ഞു: കർത്താവേ, ഇപ്പോൾ ദുർഗന്ധമുണ്ടായിരിക്കും. ഇത് നാലാംദിവസമാണ് (യോഹ 11,39).

6. അവർ കല്ലെടുത്ത് മാറ്റി. യേശു കണ്ണുയർത്തി പറഞ്ഞു: പിതാവേ, അങ്ങ് എന്റെ പ്രാർത്ഥന ശ്രവിച്ചതിന് ഞാൻ അങ്ങേയ്ക്കു നന്ദി പറയുന്നു.

www.malankaralibrary.com



അങ്ങ് എന്റെ പ്രാർത്ഥന എപ്പോഴും ശ്രവിക്കുമെന്നും എനിക്കറിയാം. എന്നാൽ എന്നെ അയച്ചത് അവിടുന്നാണെന്ന് ചുറ്റും നിൽക്കുന്ന ജനം വിശ്വസിക്കുന്നതിനു വേണ്ടിയാണ് ഞാനിതു പറയുന്നത്. ഇതു പറഞ്ഞിട്ട് അവൻ ഉച്ചത്തിൽ പറഞ്ഞു: ലാസറേ, നീ പുറത്തു വരിക. അപ്പോൾ മരിച്ചവൻ പുറത്തുവന്നു. അവന്റെ കൈകാലുകൾ നാടകൾ കൊണ്ട് ബന്ധിക്കപ്പെട്ടും മുഖം തുണി കൊണ്ട് ആവരണം ചെയ്യപ്പെട്ടുമിരുന്നു. യേശു അവരോട് പറഞ്ഞു: അവന്റെ കെട്ടുകൾ അഴിക്കുവിൻ. അവൻ പോകട്ടെ (യോഹ 11,41-44).

## 29. ദാനധർമ്മം

1. അങ്ങേയ്ക്ക് സന്മനസ്സോടെ ഇങ്ങനെ കാഴ്ചകൾ അർപ്പിക്കുന്നതിന് ഞാനും എന്റെ ജനവും ആരാണ്? സമസ്തവും അങ്ങിൽ നിന്നു വരുന്നു. അങ്ങയുടേതിൽ നിന്നാണു ഞങ്ങൾ നൽകിയതും (1 ദിന 29,14).
2. ദരിദ്രനോടു ദയ കാണിക്കുന്നവൻ കർത്താവിനാണു കടം കൊടുക്കുന്നത്. അവിടുന്ന് ആ കടം വീട്ടും (സുഭാ 9,17).
3. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങൾക്ക് അറിയാമല്ലോ. അവൻ സമ്പന്നനായിരുന്നിട്ടും നിങ്ങളെ പ്രതി ദരിദ്രനായി. തന്റെ ദാരിദ്ര്യത്തിൽ നിങ്ങൾ സമ്പന്നരാകാൻ വേണ്ടി തന്നെ (2 കോറി 8,9).
4. വിശുദ്ധരെ ശുശ്രൂഷിക്കുന്നതിനുള്ള ഭാഗ്യത്തിൽ തങ്ങളെക്കൂടി ഭാഗഭാക്കുകളാക്കണമെന്ന് അവർ തീവ്രമായി അപേക്ഷിച്ചു (2 കോറി 8,4).
5. ലൗകിക സമ്പത്തുണ്ടായിരിക്കെ ഒരുവൻ തന്റെ സഹോദരനെ സഹായമർഹിക്കുന്നവനായി കണ്ടിട്ടും അവനെതിരെ ഹൃദയം അടയ്ക്കുന്നെങ്കിൽ അവനിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും? (1 യോഹ 3,17).
6. രാജാവ് മറുപടി പറയും: സത്യമായി ഞാൻ നിങ്ങളോട് പറയും: എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത് (മത്താ 25,40).
7. അവൻ മറുപടി പറയും: സത്യമായി ഞാൻ നിങ്ങളോട് പറയും: ഈ ഏറ്റവും ചെറിയവരിൽ ഒരുവന് നിങ്ങൾ എനിക്കു ചെയ്യാതിരുന്നപ്പോൾ എനിക്കു തന്നെയാണ് ചെയ്യാതിരുന്നത് (മത്താ 25,45).
8. ഓരോരുത്തരും സ്വന്തം തീരുമാനമനുസരിച്ചുവേണം പ്രവർത്തിക്കാൻ. വൈമനസ്യത്തോടെയോ, നിർബന്ധത്തിന് കീഴ്വഴങ്ങിയോ ആകരു

www.malankaralibrary.com



ത്. സന്തോഷപൂർവ്വം നൽകുന്നവനെയാണ് ദൈവം സ്നേഹിക്കുന്നത് (2 കോറി 9,7).

9. ഇങ്ങനെ അധ്വാനിച്ചുകൊണ്ട് ബലഹീനരെ സഹായിക്കണമെന്ന് കാണിക്കാൻ എല്ലാ കാര്യങ്ങളിലും നിങ്ങൾക്ക് ഞാൻ മാതൃക നൽകിയിട്ടുണ്ട്. സ്വീകരിക്കുന്നതിനെക്കാൾ കൊടുക്കുന്നതാണ് ശ്രേയസ്കരം എന്നു പറഞ്ഞ കർത്താവായ യേശുക്രിസ്തുവിന്റെ വാക്കുകൾ നിങ്ങളെ ഞാൻ അനുസ്മരിപ്പിക്കുന്നു (അപ്പ 20,35).

10. ഭയവിഹ്വലനായി ഉറ്റുനോക്കിക്കൊണ്ട് അവൻ ചോദിച്ചു: പ്രഭോ, ഇത് എന്താണ്? ദൂതൻ പറഞ്ഞു: നിന്റെ പ്രാർത്ഥനകളും ദാനധർമ്മങ്ങളും ദൈവസന്നിധിയിൽ നിന്നെ അനുസ്മരിപ്പിച്ചിരിക്കുന്നു (അപ്പ 10,4).

## 30. കർത്താവിന്റെ ദിവസം

*പഴയ നിയമത്തിൽ – സാബത്ത്*

1. ദൈവം തന്റെ ജോലി ഏഴാം ദിവസം പൂർത്തിയാക്കി. താൻ തുടങ്ങിയ പ്രവൃത്തിയിൽ നിന്നു വിരമിച്ച്, ഏഴാം ദിവസം അവിടുന്ന് വിശ്രമിച്ചു. സൃഷ്ടികർമ്മം പൂർത്തിയാക്കി, തന്റെ പ്രവൃത്തികളിൽ നിന്നു വിരമിച്ച് വിശ്രമിച്ച ഏഴാം ദിവസത്തെ ദൈവം അനുഗ്രഹിച്ചു വിശുദ്ധമാക്കി. ഇതാണ് ആകാശത്തിന്റെയും ഭൂമിയുടെയും ഉൽപത്തിചരിതം (ഉൽപ 2,2-3).

2. സാബത്തു വിശുദ്ധദിനമായി ആചരിക്കണമെന്ന് ഓർമ്മിക്കുക (പുറ 20,8).

3. ആറു ദിവസം അദ്ധ്വാനിക്കുക, എല്ലാ ജോലികളും ചെയ്യുക. എന്നാൽ ഏഴാം ദിവസം നിന്റെ ദൈവമായ കർത്താവിന്റെ സാബത്താണ്. അന്ന് നീയോ നിന്റെ മകനോ മകളോ ദാസനോ ദാസിയോ നിന്റെ മൃഗങ്ങളോ നിന്നോടൊത്തു വസിക്കുന്ന പരദേശിയോ ഒരു പണിയും ചെയ്യരുത് (പുറ 20,10).

4. എന്തെന്നാൽ കർത്താവ് ആറുദിവസം കൊണ്ട് ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സമസ്തവും സൃഷ്ടിക്കുകയും ഏഴാം ദിവസം വിശ്രമിക്കുകയും ചെയ്തു. അങ്ങനെ അവിടുന്ന് സാബത്തുദിനത്തെ അനുഗ്രഹിക്കുകയും ശുദ്ധീകരിക്കുകയും ചെയ്തു (പുറ 20, 11).

5. ഏഴാം ദിവസം വിശ്രമിക്കണം; ഉഴവുകാലത്തോ കൊയ്ത്തുകാലത്തോ ആയാലും വിശ്രമിക്കണം (പുറ 34, 21).

6. ആറുദിവസം ജോലിചെയ്യുക. ഏഴാം ദിവസം നിങ്ങൾക്ക് വിശുദ്ധദിനമായിരിക്കണം – കർത്താവിനു സമർപ്പിതവും വിശ്രമിക്കാനുള്ളതുമായ സാബത്തുദിനം. അന്നു ജോലി ചെയ്യുന്ന ഏവനും വധിക്കപ്പെടണം (ഉൽപ 35,2).

www.malankaralibrary.com



7. ഞാനപ്പോൾ കർത്താവിന്റേയും നിങ്ങളുടെയും മദ്ധ്യേ തെരഞ്ഞെടുത്ത വാക്കുകൾ നിങ്ങളെ അറിയിക്കാൻ നില്ക്കുകയായിരുന്നു. എന്തെന്നാൽ അഗ്നി നിമിത്തം നിങ്ങൾ ഭയപ്പെട്ടു മലയിലേക്കു കയറിപ്പോയില്ല (നിയമ 5,15).

8. കർത്താവ് ഒരുക്കിയ ദിവസമാണിന്ന്. ഇന്ന് സന്തോഷിച്ചുല്ലസിക്കാം (സങ്കീ 118,24).

9. സാബത്തിനെ ചവിട്ടിമെതിക്കുന്നതിൽ നിന്നും എന്റെ വിശുദ്ധദിവസത്തിൽ നിന്റെ ഇഷ്ടം അനുവർത്തിക്കുന്നതിൽ നിന്നും നീ പിന്തിരിയും; സാബത്തിനെ സന്തോഷദായകവും കർത്താവിന്റെ വിശുദ്ധദിനത്തെ ബഹുമാന്യവുമായി കണക്കാക്കുന്ന നിന്റെ സ്വന്തം വഴിയിലൂടെ നടക്കാതെയും നിന്റെ താല്പര്യങ്ങൾ അന്വേഷിക്കാതെയും വ്യർത്ഥ ഭാഷണത്തിലേർപ്പെടാതെയും അതിനെ ആദരിക്കും (ഏശ 58,13).

10. യേശു താൻ വളർന്ന സ്ഥലമായ നസറേത്തിൽ വന്നു. പതിവുപോലെ ഒരു സാബത്തുദിവസം അവൻ അവരുടെ സിനഗോഗിൽ പ്രവേശിച്ച് വായിക്കാൻ എഴുന്നേറ്റു നിന്നു (ലൂക്കാ 4,16).

ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതു കടന്നുപോയി; ഇതാ പുതിയതു വന്നു കഴിഞ്ഞു (2 കോറി 5,17). ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ് (ലൂക്കാ 22, 20).

11. സാബത്തുദിവസം അവൻ സിനഗോഗിൽ പ്രവേശിച്ചു പഠിപ്പിച്ചു (മർക്കോ 1,21).

12. മനുഷ്യൻ സാബത്തിനുവേണ്ടിയല്ല. മനുഷ്യപുത്രൻ സാബത്തിന്റെയും കർത്താവാണ് (മർക്കോ 2,28).

13. യേശു വീണ്ടും സാബത്തിൽ സിനഗോഗിൽ പ്രവേശിച്ചു. കൈ ശോഷിച്ച ഒരാൾ അവിടെ ഉണ്ടായിരുന്നു. അവന്റെ കൈ സുഖപ്പെടുത്തി. (അങ്ങനെ യേശു സാബത്തിൽ നന്മ ചെയ്തു. അത് ജീവനെ രക്ഷിക്കുന്ന പ്രവൃത്തിയായിരുന്നു - യേശു സാബത്തിനെ രക്ഷയുടെ ഉത്സവമാക്കി) (മർക്കോ 3,1-5).

14. ഉടനെ ഫരിസേയർ പുറത്തേക്കിറങ്ങി, യേശുവിനെ നശിപ്പിക്കാൻ വേണ്ടി ഹേറോദേസ് പക്ഷക്കാരുമായി ആലോചന നടത്തി (മർക്കോ 3,6). (അങ്ങനെ അവർ സാബത്ത് ലംഘിച്ചു).

15. അവൻ അവരോട് പറഞ്ഞു: സാബത്ത് മനുഷ്യനുവേണ്ടിയാണ് (മർക്കോ 2,27).

16. യേശു സാബത്തിൽ കഫർണാമിലെ സിനഗോഗിൽ അശുദ്ധാത്മാവു ബാധിച്ചിരുന്നവനെ സുഖപ്പെടുത്തി (ലൂക്ക 4,31-36).

www.malankaralibrary.com



17. ഒരു സാബത്തിൽ യേശു ഒരു സിനഗോഗിൽ പഠിപ്പിച്ചുകൊണ്ടിരുന്നു. പതിനെട്ടു വർഷമായി സാത്താൻ ബന്ധിച്ചിട്ട് കൂനിയായ ഒരുവൾ അവിടെയുണ്ടായിരുന്നു. അവളെ യേശു സുഖപ്പെടുത്തി. തൽക്ഷണം അവൾ നിവർന്നുനിന്ന് ദൈവത്തെ സ്തുതിച്ചു (ലൂക്കാ 13,10-17).

18. വേറൊരു സാബത്തിൽ യേശു ഒരു ഫരിസേയപ്രമാണിയുടെ വീട്ടിൽ വിരുന്നിനുപോയി. അവിടെയുണ്ടായിരുന്ന മഹോദരരോഗിയെ സുഖപ്പെടുത്തി (ലൂക്കാ 14,1-6).

19. യേശു ജന്മനാ അന്ധനായിരുന്നവന് സാബത്തുദിവസം കാഴ്ച നൽകി (യോഹ 9,14)

20. ആഴ്ചയുടെ ഒന്നാം ദിവസം മഗ്ദലനമറിയവും മറ്റേ മറിയവും (യേശുവിന്റെ) ശവകുടീരം സന്ദർശിക്കാൻ വന്നു... യേശു ഉയിർത്തെഴുന്നേറ്റു എന്ന വാർത്ത അവർക്കു ലഭിച്ചു... അവർ കല്ലറ വിട്ടുപോകുമ്പോൾ യേശു അവർക്കെതിരെ വന്ന് അവരെ അഭിവാദനം ചെയ്തു... (മത്താ 28,1-10).

(മർക്കോ 14,1-8; ലൂക്കാ 24,1-35; യോഹ 20,1-18 എന്നീ ഭാഗങ്ങളും വായിക്കുക).

*ആഴ്ചയിലെ ആദ്യദിവസത്തിലെ സംഭവങ്ങൾ :*

21. ആ ദിവസം തന്നെ (ഉയിർപ്പിന്റെ ദിവസം തന്നെ) ജറുസലേമിൽ നിന്ന് എമ്മാവൂസിലേക്കു പോയ രണ്ടു ശിഷ്യന്മാരുടെ കൂടെ യേശു നടന്നു. യാത്രയിലുടനീളം യേശു അവർക്ക് തന്നെക്കുറിച്ചുള്ള പഴയനിയമം വ്യാഖ്യാനിച്ചുകൊടുത്തുകൊണ്ടിരുന്നു. അങ്ങനെ വചനം പഠിപ്പിച്ചുകൊണ്ടിരുന്നു. അവർക്ക് ആദ്യം യേശുവിനെ മനസ്സിലായില്ല. അവൻ പഠിപ്പിച്ച വചനവും മനസ്സിലായില്ല. അപ്പോഴും അവൻ അവരെ വചനം പഠിപ്പിച്ചുകൊണ്ട് യാത്രയുടെ അവസാനം വരെ നടന്നു. സന്ധ്യയ്ക്ക് അവർ തങ്ങളോടൊപ്പം വസിക്കുവാൻ അവനെ നിർബന്ധിച്ചു. അവൻ അവരോടു കൂടെ വസിക്കുവാൻ കയറി. അവരോടൊപ്പം ഭക്ഷണത്തിന് ഇരുന്നപ്പോൾ അവൻ അവർ കൊടുത്ത അപ്പം എടുത്ത് ആശീർവ്വദിച്ച് മുറിച്ച് അവർക്കു കൊടുത്തു. അപ്പോൾ അവരുടെ കണ്ണു തുറക്കപ്പെട്ടു. അവർ അവനെ തിരിച്ചറിഞ്ഞു. പക്ഷേ അവൻ അവരുടെ മുന്നിൽ നിന്ന് അപ്രത്യക്ഷനായി... വഴിയിൽ വച്ച് യേശു തങ്ങളോട് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ തങ്ങളുടെ ഹൃദയം ജ്വലിച്ചിരുന്നു എന്നും അവർ ഓർമ്മിച്ചു (ലൂക്കാ 24,13-35).

22. ആഴ്ചയുടെ ആദ്യദിവസമായ അന്നു സന്ധ്യയ്ക്ക് ശിഷ്യന്മാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കെ യേശു വന്ന് അവരുടെ മദ്ധ്യേ നിന്ന് അവരോടു പറഞ്ഞു: നിങ്ങൾക്ക് സമാധാനം! ഇപ്രകാരം പറഞ്ഞു

www.malankaralibrary.com



കൊണ്ട് അവൻ തന്റെ കൈകളും പാർശ്വവും അവരെ കാണിച്ചു. കർത്താവിനെ കണ്ട് ശിഷ്യന്മാർ സന്തോഷിച്ചു (യോഹ 20,19-20).

23. ആ ദിവസം തന്നെ വീണ്ടും ശിഷ്യന്മാർക്കെല്ലാവർക്കും യേശു പ്രത്യക്ഷപ്പെട്ടു (ലൂക്കാ 26,30-42). അവരോട് സുവിശേഷം ജറുസലേമിൽ ആരംഭിച്ച് സകല ജനതകളോടും പ്രഘോഷിക്കേണ്ടതിന്റെ ദൈവികമായ ആവശ്യം പറഞ്ഞു (ലൂക്കാ 24,44-47). സാക്ഷികളുടെമേൽ പിതാവിന്റെ വാഗ്ദാനമായ പരിശുദ്ധാത്മാവിനെ അയയ്ക്കുന്നു (24,48-49). ആ ദിവസം തന്നെ യേശു സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെട്ടു. അത്യന്തം ആനന്ദിച്ച് ജറുസലേമിലേക്ക് മടങ്ങി. ശിഷ്യർ അവനെ ആരാധിച്ചു (ലൂക്കാ 24,50-52). അവർ ദൈവത്തെ സ്തുതിച്ചുകൊണ്ട് പതിവായി ദേവാലയത്തിൽ കഴിഞ്ഞുകൂടി (ലൂക്കാ 24,51).

24. ഉയിർത്തെഴുന്നേറ്റ യേശു എട്ടു ദിവസങ്ങൾക്കുശേഷം ശിഷ്യന്മാർക്കു വീണ്ടും പ്രത്യക്ഷപ്പെട്ട വിവരം യോഹ 20,19-29 വിവരിക്കുന്നു. ആഴ്ചയുടെ ആദ്യദിവസം "എട്ടാം" ദിവസവുമാണ് (യോഹ 20,28). ഏഴു ദിവസങ്ങളുടെ ആഴ്ചയ്ക്ക് അപ്പുറമുള്ള ദിവസമാണ് എട്ടാം ദിവസം. കാല/സമയപരിധിയ്ക്ക് അപ്പുറമുള്ളത്. അത് നിത്യതയാണ്. അതിന്റെ മുന്നനുഭവവും മുന്നാസ്വാദനവും ഉള്ള ദിവസവുമാണ് ആഴ്ചയുടെ ആദ്യദിവസം: മഹത്വം പ്രാപിച്ച യേശുക്രിസ്തു ശിഷ്യർക്ക് പ്രത്യക്ഷപ്പെടുന്നു. അതിന്റെ മുൻകുറിയാണ് യേശുവിന്റെ രൂപാന്തരീകരണം (ലൂക്കാ 9,28-36).

## 31. സമ്പത്ത്

1. കർത്താവിന്റെ അനുഗ്രഹം സമ്പത്തു നല്കുന്നു. അവിടുന്ന് അതിൽ ദു:ഖം കലർത്തുന്നില്ല (സുഭാ 10,22).

2. നിങ്ങളുടെ ദൈവമായ കർത്താവിനെ നിങ്ങൾ സ്മരിക്കണം. എന്തെന്നാൽ നിങ്ങളുടെ പിതാക്കന്മാരോട് ചെയ്ത ഉടമ്പടി ഇന്നും നിറവേറ്റുന്നതിനുവേണ്ടി സമ്പത്തു നേടാൻ അവിടുന്നാണ് നിങ്ങൾക്കു ശക്തി നൽകുന്നത് (നിയമ 8,18).

3. സമ്പത്തും സമൃദ്ധിയും അത് അനുഭവിക്കാനുള്ള കഴിവും നല്കി ദൈവം അനുഗ്രഹിച്ചിട്ടുള്ള ഓരോ വ്യക്തിയും തന്റെ ഈ അവസ്ഥയെ മാനിക്കുകയും അധ്വാനഫലം ആസ്വദിക്കുകയും ചെയ്യേണ്ടതാണ് (സഭാപ്ര 5,9).

4. ദ്രവ്യാഗ്രഹിക്ക് ദ്രവ്യം കൊണ്ട് തൃപ്തി വരുകയില്ല. ധനം മോഹിക്കുന്നവൻ ധനം കൊണ്ട് തൃപ്തിയടയുകയില്ല (സഭാപ്ര 5,10).

5. ഭക്ഷിക്കുന്നത് അല്പമോ അധികമോ ആകട്ടെ. അധ്വാനിക്കുന്നവന്

www.malankaralibrary.com



സുഖനിദ്ര ലഭിക്കുന്നു. എന്നാൽ അമിത സമ്പാദ്യം ധനികന്റെ ഉറക്കം കെടുത്തുന്നു (സഭാപ്ര 5,12).

6. സമ്പത്തു നേടാൻ അമിത അധ്വാനം ചെയ്യരുത്. അതിൽ നിന്ന് ഒഴിഞ്ഞുമാറാൻ വേണ്ട വിവേകം കാണിക്കുക (സുഭാ 23,14).

7. എന്തെന്നാൽ സമ്പത്ത് എന്നേക്കും നിലനിൽക്കുകയില്ല. കിരീടം എല്ലാ തലമുറകളിലും നിലനിൽക്കാറുണ്ടോ? (സുഭാ 27,24).

8. ധനത്തെ ആശ്രയിക്കുന്നവൻ പച്ചിലപോലെ കൊഴിഞ്ഞുവീഴും. നീതിമാൻ പച്ചില പോലെ തഴയ്ക്കും (സുഭാ 11,28).

9. ചൂഷണത്തിൽ ആശ്രയിക്കരുത്, കവർച്ചയിൽ വ്യർത്ഥമായി ആശവയ്ക്കരുത്. സമ്പത്തു വർദ്ധിച്ചാൽ അതിൽ മനസ്സുവയ്ക്കരുത് (സങ്കീ 62,10).

10. കർത്താവ് അരുളിച്ചെയ്യുന്നു: ജ്ഞാനി തന്റെ ജ്ഞാനത്തിൽ അഹങ്കരിക്കാതിരിക്കട്ടെ. ബലവാൻ തന്റെ ബലത്തിൽ പ്രശംസിക്കാതിരിക്കട്ടെ. സമ്പന്നൻ തന്റെ സമ്പത്തിൽ വലിപ്പം ഭാവിക്കാതിരിക്കട്ടെ (ജറെ 9,23).

11. ഭൂമിയിൽ നിക്ഷേപം കരുതിവയ്ക്കരുത്. തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും; കള്ളൻ തുരന്നു മോഷ്ടിക്കും (മത്താ 6,19).

12. യേശു പറഞ്ഞു: നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും. പിന്നെ വന്ന് അനുഗമിക്കുക (മത്താ 19,20).

13. ഈ വചനം കേട്ട് ആ യുവാവ് സങ്കടത്തോടെ തിരിച്ചുപോയി; അവന് വളരെയേറെ സമ്പത്തുണ്ടായിരുന്നു (മത്താ 19,21).

14. യേശു ശിഷ്യന്മാരോട് അരുളിച്ചെയ്തു: സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, ധനവാന് സ്വർഗ്ഗത്തിൽ പ്രവേശിക്കുക ദുഷ്കരമാണ്. വീണ്ടും ഞാൻ നിങ്ങളോടു പറയുന്നു, ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴിയിലൂടെ കടക്കുന്നതാണ് (മത്താ 19,23-24).

15. അവന്റെ വാക്ക് കേട്ട് ശിഷ്യന്മാർ വിസ്മയിച്ചു: യേശു വീണ്ടും അവരോട് പറഞ്ഞു: മക്കളെ, ദൈവരാജ്യത്തിൽ പ്രവേശിക്കുക എത്ര പ്രയാസം! (മർക്കോ 10,24).

16. ഒരു ഭൃത്യന് രണ്ട് യജമാനന്മാരെ സേവിക്കാൻ സാധിക്കുകയില്ല, ഒന്നുകിൽ അവൻ ഒരുവനെ ദ്വേഷിക്കുകയും മറ്റവനെ സ്നേഹിക്കുകയും ചെയ്യും. അല്ലെങ്കിൽ ഒരുവനോട് ഭക്തി കാണിക്കുകയും മറ്റവനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും ധനത്തെയും ഒന്നിച്ചു സ്നേഹിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല (ലൂക്കാ 16,13).

www.malankaralibrary.com



17. എല്ലാ അത്യാഗ്രഹങ്ങളിലും നിന്ന് അകന്നിരിക്കുകയും ചെയ്യുവിൻ, മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത് (ലൂക്കാ 12,15).

18. ഭക്ഷണവും വസ്ത്രവും ഉണ്ടെങ്കിൽ അതുകൊണ്ട് നമുക്ക് തൃപ്തിപ്പെടാം (1 തിമൊ 6,8).

19. എന്നാൽ ദൈവം അവനോട് പറഞ്ഞു: ഭോഷാ, ഈ രാത്രി നിന്റെ ആത്മാവിനെ നിന്നിൽ നിന്ന് ആവശ്യപ്പെടും. അപ്പോൾ നീ ഒരുക്കിവച്ചിരിക്കുന്നവ ആരുടേതാകും? ഇതുപോലെയാണ് ദൈവസന്നിധിയിൽ സമ്പന്നരാകാതെ തനിക്കുവേണ്ടി സമ്പത്തു ശേഖരിക്കുന്നവനും (ലൂക്കാ 12,20-21).

20. യേശു ശിഷ്യരോട് പറഞ്ഞു: ഒരു ധനവാന് ഒരു കാര്യസ്ഥനുണ്ടായിരുന്നു. അവൻ സ്വത്തു ദുർവ്യയം ചെയ്യുന്നുവെന്ന് യജമാനന് പരാതി ലഭിച്ചു (ലൂക്കാ 16,1).

21. ഞാൻ നിങ്ങളോട് പറയുന്നു: അധാർമ്മിക സമ്പത്തുകൊണ്ട് നിങ്ങൾക്കായി സ്നേഹിതരെ സമ്പാദിച്ചുകൊള്ളുവിൻ. അതു നിങ്ങളെ കൈവെടിയുമ്പോൾ അവർ നിങ്ങളെ നിത്യകൂടാരങ്ങളിൽ സ്വീകരിക്കും (ലൂക്കാ 16,9).

22. അധാർമ്മിക സമ്പത്തിന്റെ കാര്യത്തിൽ വിശ്വസ്തരായിരിക്കുന്നില്ലെങ്കിൽ യഥാർത്ഥ ധനം ആരു നിങ്ങളെ ഏൽപ്പിക്കും? (ലൂക്കാ 16,11).

23. ഒരു ധനവാൻ ഉണ്ടായിരുന്നു. അവൻ ചെമന്ന പട്ടും മൃദുലവസ്ത്രങ്ങളും ധരിക്കുകയും എന്നും സുഭിക്ഷമായി ഭക്ഷിച്ച് ആനന്ദിക്കുകയും ചെയ്തിരുന്നു. അവന്റെ പടിവാതിൽക്കൽ ലാസർ എന്ന ദരിദ്രൻ കിടന്നിരുന്നു. അവന്റെ ശരീരം വ്രണങ്ങൾ കൊണ്ട് നിറഞ്ഞിരുന്നു. ധനവാന്റെ മേശയിൽ നിന്ന് വീണിരുന്നവ കൊണ്ട് വിശപ്പടക്കാൻ അവൻ ആഗ്രഹിച്ചു. നായ്ക്കൾ വന്ന് അവന്റെ വ്രണങ്ങൾ നക്കിയിരുന്നു (ലൂക്കാ 16,19-21).

24. സക്കേവൂസ് എഴുന്നേറ്റു പറഞ്ഞു: കർത്താവേ, ഇതാ എന്റെ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു. ആരുടെയെങ്കിലും വക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ നാലിരട്ടിയായി തിരിച്ചുകൊടുക്കുന്നു. യേശു അവനോട് പറഞ്ഞു: ഇന്നീ ഭവനത്തിന് രക്ഷ ലഭിച്ചിരിക്കുന്നു. ഇവനും അബ്രഹാത്തിന്റെ പുത്രനാണ് (ലൂക്കാ 19,8-9).

25. ഹേറോദേസിന്റെ കാര്യസ്ഥനായ കൂസായുടെ ഭാര്യ യോവാന്നയും സൂസന്നയും തങ്ങളുടെ സമ്പത്തുകൊണ്ട് അവരെ ശുശ്രൂഷിച്ചിരുന്ന മറ്റ് പല സ്ത്രീകളും അവരോടൊപ്പമുണ്ടായിരുന്നു (ലൂക്കാ 8,3).

www.malankaralibrary.com



## 32. കൃപ

1. എന്തെന്നാൽ ദൈവമായ കർത്താവ് സൂര്യനും പരിചയുമാണ്. അവിടുന്ന് കൃപയും ബഹുമതിയും നൽകുന്നു; പരമാർത്ഥതയോടെ വ്യാപരിക്കുന്നവർക്ക് ഒരു നന്മയും അവിടുന്ന് നിഷേധിക്കുകയില്ല (സങ്കീ 84,11).
2. ദൂതൻ അവളുടെ അടുത്തുവന്നു പറഞ്ഞു: ദൈവകൃപ നിറഞ്ഞവളേ! നിനക്കു സ്വസ്തി, കർത്താവു നിന്നോടു കൂടെ! (ലൂക്കാ 1,28).
3. ദൂതൻ അവളോടു പറഞ്ഞു: മറിയമേ, നീ ഭയപ്പെടേണ്ട; ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു (ലൂക്കാ 1,30).
4. ശിശു വളർന്നു, ജ്ഞാനം നിറഞ്ഞു ശക്തനായി; ദൈവത്തിന്റെ കൃപ അവന്റെ മേൽ ഉണ്ടായിരുന്നു (ലൂക്കാ 2,40).
5. വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു - കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം (യോഹ 1,14).
6. അവന്റെ പൂർണ്ണതയിൽ നിന്നു നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു (യോഹ 1,16).
7. എന്തുകൊണ്ടെന്നാൽ, നിയമം മോശ വഴി നൽകപ്പെട്ടു; കൃപയും സത്യവുമാകട്ടെ യേശുക്രിസ്തു വഴി ഉണ്ടായി (യോഹ 5,17).
8. അങ്ങനെ പാപം മരണത്തിലൂടെ ആധിപത്യം പുലർത്തിയതുപോലെ കൃപ നീതി വഴി നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെ നിത്യജീവനിലേക്ക് നയിക്കാൻ ആധിപത്യം പുലർത്തും (റോമ 5,21).
9. ഈ കൃപയാകട്ടെ അവിടുന്നു ജ്ഞാനത്തിലും വിവേകത്തിലും നമ്മിൽ സമൃദ്ധമായി ചൊരിഞ്ഞിരിക്കുന്നു (എഫേ 1,8).
10. അപ്പസ്തോലന്മാർ കർത്താവായ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു വലിയ ശക്തിയോടെ സാക്ഷ്യം നൽകി. അവരെല്ലാവരുടെയുംമേൽ കൃപാവരം സമൃദ്ധമായി ഉണ്ടായിരുന്നു (അപ്പ 4,33).
11. വിശ്വാസം വഴി കൃപയാലാണു നിങ്ങൾ രക്ഷിക്കപ്പെട്ടത്. അതു നിങ്ങൾ നേടിയെടുത്തതല്ല, ദൈവത്തിന്റെ ദാനമാണ് (എഫേ 2,8).
12. ഞാൻ എന്തായിരിക്കുമോ അതു ദൈവകൃപയാലാണ്. എന്റെ മേൽ ദൈവം ചൊരിഞ്ഞ കൃപ നിഷ്ഫലമായിപ്പോയിട്ടില്ല. നേരേ മറിച്ച് മറ്റെല്ലാവരെയും കാൾ അധികം ഞാൻ അദ്ധ്വാനിച്ചു. എന്നാൽ ഞാനല്ല, എന്നിലുള്ള ദൈവകൃപയാണ് അദ്ധ്വാനിച്ചത് (1 കോറി 15,10).
13. എന്നാൽ, അവിടുന്ന് എന്നോട് അരുളിച്ചെയ്തു: നിനക്ക് എന്റെ കൃപ മതി; എന്തെന്നാൽ, ബലഹീനതയിലാണ് എന്റെ ശക്തി പൂർണ്ണമായി

www.malankaralibrary.com



പ്രകടമാകുന്നത്. ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിനു ഞാൻ പൂർവ്വാധികം സന്തോഷത്തോടെ എന്റെ ബലഹീനതയെക്കുറിച്ചു പ്രശംസിക്കും (2 കോറി 12,9).

14. നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം സദാ സമൃദ്ധമായി ഉണ്ടാകുവാനും സത്കൃത്യങ്ങൾ ധാരാളമായി ചെയ്യാനും വേണ്ട എല്ലാ അനുഗ്രഹങ്ങളും സമൃദ്ധമായി നല്കാൻ കഴിവുള്ളവനാണ് ദൈവം (2 കോറി 9,8).

15. ഓരോരുത്തനും തനിക്കു കിട്ടിയ ദാനത്തെ ദൈവത്തിന്റെ വിവിധ ദാനങ്ങളുടെ ഉത്തമനായ കാര്യസ്ഥൻ എന്ന നിലയിൽ മറ്റെല്ലാവർക്കും വേണ്ടി ഉപയോഗിക്കട്ടെ (1 പത്രോ 4,10).

16. നിന്ദിക്കുന്നവരെ അവിടുന്ന് നിന്ദിക്കുന്നു. വിനീതരുടെ മേൽ കാരുണ്യം (കൃപ) പൊഴിക്കുന്നു (സുഭാ 3,34).

17. എന്റെ മകനേ, നീ യേശുക്രിസ്തുവിന്റെ കൃപാവരത്തിൽ നിന്നു ശക്തി (കൃപ) സ്വീകരിക്കും (2 തിമോ 2,1).

18. നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ കൃപയിലും അവനെക്കുറിച്ചുള്ള അറിവിലും നിങ്ങൾ വളരുവിൻ. അവന് ഇപ്പോഴും എന്നേക്കും മഹത്വമുണ്ടായിരിക്കട്ടെ. ആമേൻ (2 പത്രോ 3,18).

19. നിങ്ങളുടെ നാവിൽ നിന്ന് തിന്മയുടെ വാക്കുകൾ പുറപ്പെടാതിരിക്കട്ടെ. കേൾവിക്കാർക്ക് ആത്മീയചൈതന്യം പ്രദാനം ചെയ്യുന്നതിനായി അവരുടെ ഉന്നതിക്കുതകും വിധം നല്ല കാര്യങ്ങൾ സന്ദർഭമനുസരിച്ച് സംസാരിക്കുവിൻ (എഫേ 4,29).

20. നിങ്ങളുടെ സംസാരം എപ്പോഴും കരുണാമസൃണവും ഹൃദ്യവുമായിരിക്കട്ടെ. ഓരോരുത്തരോടും എങ്ങനെ മറുപടി പറയണമെന്ന് നിങ്ങൾ മനസ്സിലാക്കിയിരിക്കണം (കൊളോ 4,6).

21. ആകയാൽ, നിങ്ങൾ മാനസികമായി ഒരുങ്ങി സമചിത്തതയുള്ളവരായിരിക്കുവിൻ. യേശുക്രിസ്തുവിന്റെ പ്രത്യാഗമനത്തിൽ നിങ്ങൾക്ക് ലഭിക്കാനിരിക്കുന്ന കൃപയിൽ പ്രത്യാശയർപ്പിക്കുകയും ചെയ്യുവിൻ (1 പത്രോ 1,13).

## 33. സത്യം

1. പീലാത്തോസ് അവനോടു ചോദിച്ചു: എന്താണു സത്യം? (യോഹ 18,38).

2. പീലാത്തോസ് ചോദിച്ചു: അപ്പോൾ നീ രാജാവാണ്, അല്ലേ? യേശു പ്രതിവചിച്ചു: നീ തന്നെ പറയുന്നു, ഞാൻ രാജാവാണെന്ന്. ഇതിനുവേണ്ടിയാണ് ഞാൻ ജനിച്ചത്. ഇതിനുവേണ്ടിയാണു ഞാൻ ലോകത്തി

www.malankaralibrary.com



ലേക്കു വന്നതും. സത്യത്തിന് സാക്ഷ്യം നൽകാൻ. സത്യത്തിൽ നിന്നുള്ളവൻ എന്റെ സ്വരം കേൾക്കുന്നു (യോഹ 18,37).

3. വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു - കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം (യോഹ 1,14).

4. യേശു പറഞ്ഞു: വഴിയും സത്യവും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്ക് വരുന്നില്ല (യോഹ 7,18).

5. സ്വമേധയാ സംസാരിക്കുന്നവൻ സ്വന്തം മഹത്വം അന്വേഷിക്കുന്നു. എന്നാൽ തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവൻ സത്യവാനാണ്; അവനിൽ അനീതിയില്ല (യോഹ 7,18).

6. അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമേ. അവിടുത്തെ വചനമാണ് സത്യം (യോഹ 17,17).

7. അങ്ങയുടെ വചനത്തിന്റെ സാരാംശം സത്യം തന്നെ ആണ്. അങ്ങയുടെ നിയമങ്ങൾ നീതിയുക്തമാണ്. അവ എന്നേക്കും നിലനിൽക്കുന്നു (സങ്കീ 119,160).

8. ഞാൻ സത്യം പറയുന്നതുകൊണ്ട് നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല (യോഹ 8,45).

9. അവൾ ഏലിയായോടു പറഞ്ഞു: അങ്ങ് ദൈവപുരുഷനാണെന്നറിഞ്ഞു. അങ്ങയുടെ വാക്ക് സത്യമായും കർത്താവിന്റെ വചനമാണെന്നും എനിക്ക് ഉറപ്പായി (1 രാജാ 17,24).

10. അങ്ങയുടെ സത്യത്തിലേക്ക് എന്നെ നയിക്കേണമേ! എന്നെ പഠിപ്പിക്കേണമേ! എന്തെന്നാൽ, അങ്ങാണല്ലോ എന്നെ രക്ഷിക്കുന്ന ദൈവം; അങ്ങേക്കുവേണ്ടി ദിവസം മുഴുവൻ ഞാൻ കാത്തിരിക്കുന്നു (സങ്കീ 25,5).

11. കർത്താവിന്റെ ഉടമ്പടിയും പ്രമാണങ്ങളും പാലിക്കുന്നവർക്ക് അവിടുത്തെ വഴികൾ സത്യവും സ്നേഹവും ആണ് (സങ്കീ 25,10).

12. ഞാൻ പാതാളത്തിൽ പതിച്ചാൽ എന്റെ മരണം കൊണ്ട് എന്തു ഫലം? ധൂളി അങ്ങയെ വാഴ്ത്തുമോ? അത് അങ്ങയുടെ വിശ്വസ്തതയെ പ്രഘോഷിക്കുമോ? (സങ്കീ 30,9).

13. അവിടുത്തെ രക്ഷാകരമായ സഹായത്തെ ഞാൻ ഹൃദയത്തിൽ ഒളിച്ചുവച്ചിട്ടില്ല. അങ്ങയുടെ വിശ്വസ്തതയേയും രക്ഷയേയും പറ്റി ഞാൻ സംസാരിച്ചു. അവിടുത്തെ കാരുണ്യവും വിശ്വസ്തതയും മഹാസഭയിൽ ഞാൻ മറച്ചുവച്ചിട്ടില്ല (സങ്കീ 40,10).

14. കർത്താവേ, അങ്ങയുടെ കാരുണ്യം പിന്നിൽ നിന്ന് പിൻവലിക്കരുതേ. അവിടുത്തെ സ്നേഹവും വിശ്വസ്തതയും എന്നെ സംരക്ഷിക്കട്ടെ (സങ്കീ 40,11).

www.malankaralibrary.com



15. എന്റെ ദൈവമേ, അങ്ങയുടെ വിശ്വസ്തത നിമിത്തം ഞാൻ അങ്ങയെ വീണവായിച്ചു പുകഴ്ത്തും (സങ്കീ 71,22).

16. കാരുണ്യവും വിശ്വസ്തതയും തമ്മിൽ ആശ്ലേഷിക്കും. നീതിയും സമാധാനവും പരസ്പരം ചുംബിക്കും (സങ്കീ 85,10).

17. എന്നാൽ കർത്താവേ, അങ്ങ് കാരുണ്യവാനും കൃപാനിധിയുമായ ദൈവമാണ്. അങ്ങ് ക്ഷമാശീലനും സ്നേഹസമ്പന്നനും വിശ്വസ്തനും ആണ് (സങ്കീ 86,15).

18. നീതിയിലും ന്യായത്തിലും അങ്ങ് സിംഹാസനം ഉറപ്പിച്ചിരിക്കുന്നു. കാരുണ്യവും വിശ്വസ്തതയും അങ്ങയുടെ മുമ്പേ നീങ്ങുന്നു (സങ്കീ 89,14).

19. അവന്റെ നാവിൽ യഥാർത്ഥ പ്രബോധനം ഉണ്ടായിരുന്നു. അവന്റെ അധരത്തിൽ ഒരു തെറ്റും കണ്ടില്ല. സമാധാനത്തിലും സത്യസന്ധതയിലും അവൻ എന്നോടുകൂടെ വ്യാപരിച്ചു (മലാ 2,6).

20. അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത് (യോഹ 4,24)

21. തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക്, ഹൃദയപരമാർത്ഥതയോടെ വിളിച്ചപേക്ഷിക്കുന്നവർക്ക്, കർത്താവ് സമീപസ്ഥനാണ് (സങ്കീ 145,8).

22. ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടു കൂടെയിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്കു തരികയും ചെയ്യും (യോഹ 14,16).

23. സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കും. അവൻ സ്വമേധയാ ആയിരിക്കുകയില്ല സംസാരിക്കുന്നത്. അവൻ കേൾക്കുന്ന കാര്യങ്ങൾ മാത്രം സംസാരിക്കും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളെ അറിയിക്കും (യോഹ 16,13).

24. ഇതാണ് നിങ്ങൾ ചെയ്യേണ്ടത്. പരസ്പരം സത്യം പറയുക; നഗരകവാടങ്ങളിൽ സത്യസന്ധമായി ന്യായം വിധിക്കുക (സഖ 8,16).

25. അവസാനമായി സഹോദരരേ, സത്യവും വന്ദ്യവും നീതിയുക്തവും പരിശുദ്ധവും സ്നേഹാർദ്രവും സ്തുത്യർഹവും ഉത്തമവും പ്രശംസായോഗ്യവുമായ എല്ലാ കാര്യങ്ങളെയും കുറിച്ചു ചിന്തിക്കുവിൻ (ഫിലി 4,8).

26. കള്ളം പറയുന്ന അധരങ്ങൾ കർത്താവിനു വെറുപ്പാണ്. വിശ്വസ്തതയോടെ പെരുമാറുന്നവർ അവിടുത്തെ സന്തോഷിപ്പിക്കുന്നു (സുഭാ 12,22).

27. അത് അനീതിയിൽ സന്തോഷിക്കുന്നില്ല. സത്യത്തിൽ ആഹ്ലാദം കൊള്ളുന്നു (1 കോറി 13,6).

28. സത്യം പറയുന്നവൻ വ്യാജം കൂടാതെ തെളിവു നൽകുന്നു. കള്ളസാക്ഷി വ്യാജം പറയുന്നു (സുഭാ 12,17).

www.malankaralibrary.com



29. സത്യസന്ധമായ വാക്ക് എന്നേക്കും നിലനിൽക്കുന്നു. വ്യാജമായ വാക്ക് ക്ഷണികമാണ് (സുഭാ 12,19).

## 34. പുനരാഗമനവും ന്യായവിധിയും

*കർത്താവ് വീണ്ടും വരും*

1. അല്ലയോ ഗലീലിയരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നിൽക്കുന്നതെന്ത്? നിങ്ങളിൽ നിന്ന് സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെട്ട യേശു സ്വർഗ്ഗത്തിലേക്ക് പോകുന്നതായി നിങ്ങൾ കണ്ടതുപോലെ തിരിച്ചു വരും (അപ്പ 1,11).

2. മനുഷ്യൻ ഒരു പ്രാവശ്യം മരിക്കണം; അതിനുശേഷം വിധി എന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അതുപോലെതന്നെ ക്രിസ്തുവും വളരെപ്പേരുടെ പാപങ്ങൾ ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി ഒരു പ്രാവശ്യം അർപ്പിക്കപ്പെട്ടു. അവൻ വീണ്ടും വരും. പാപപരിഹാരാർത്ഥമല്ല; തന്നെ ആകാംക്ഷാപൂർവ്വം കാത്തിരിക്കുന്നവരുടെ രക്ഷയ്ക്കുവേണ്ടി (ഹെബ്രാ 9,27-28).

*മഹത്വപൂർണ്ണമായിരിക്കും പുനരാഗമനം*

3. അപ്പോൾ ആകാശത്തിൽ മനുഷ്യപുത്രന്റെ അടയാളം പ്രത്യക്ഷപ്പെടും. ഭൂമിയിലെ സർവ്വ ഗോത്രങ്ങളും വിലപിക്കുകയും മനുഷ്യപുത്രൻ വാനമേഘങ്ങളിൽ ശക്തിയോടും മഹത്വത്തോടും കൂടെ വരുന്നത് കാണുകയും ചെയ്യും (മത്താ 24,30).

4. യേശു അവനോട് പറഞ്ഞു: നീ പറഞ്ഞുവല്ലോ. എന്നാൽ ഞാൻ നിന്നോട് പറയുന്നു: ഇപ്പോൾ മുതൽ മനുഷ്യപുത്രൻ ശക്തിയുടെ വലതുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും (മത്താ 24,64).

5. എന്തെന്നാൽ, അധികാരപൂർണ്ണമായ ആശാവചനം കേൾക്കുകയും പ്രധാനദൂതന്റെ ശബ്ദം ഉയരുകയും ദൈവത്തിന്റെ കാഹളധ്വനി മുഴങ്ങുകയും ചെയ്യുമ്പോൾ കർത്താവ് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരുകയും ക്രിസ്തുവിൽ മരണമടഞ്ഞവർ ആദ്യം ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും (1 തെസ 4,16).

6. കർത്താവായ യേശു തന്റെ ശക്തരായ ദൂതന്മാരോടുകൂടെ അഗ്നി ജ്വാലകളുടെ മധ്യേ സ്വർഗ്ഗത്തിൽ നിന്ന് പ്രത്യക്ഷപ്പെടുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവരോട് പ്രതികാരം ചെയ്യുക എന്നതും യാതനകൾക്കിരയായ ഞങ്ങൾക്ക് നിങ്ങളോടൊപ്പം സമാശ്വാസം നൽകുക എന്നതും ദൈവത്തിന്റെ നീതിയാണ് (2 തെസ 1,6).

www.malankaralibrary.com



7. കർത്താവിന്റെ ദിനം കള്ളനെപ്പോലെ വരും. അപ്പോൾ ആകാശം വലിയ ശബ്ദത്തോടെ അപ്രത്യക്ഷമാകും. മൂലപദാർത്ഥങ്ങൾ എരിഞ്ഞ് ചാമ്പലാകും. ഭൂമിയും അതിലുള്ള സമസ്തവും കത്തിനശിക്കും (2 പത്രോ 3,10).

8. പ്രിയപ്പെട്ടവരേ, നാം ഇപ്പോൾ ദൈവത്തിന്റെ മക്കളാണ്. നാം എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല. എങ്കിലും ഒരു കാര്യം നാം അറിയുന്നു. അവിടുന്ന് പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെപ്പോലെയാകും. അവിടുന്ന് ആയിരിക്കുന്നതുപോലെ നാം കാണുകയും ചെയ്യും (1 യോഹ 3,2).

*പുനരാഗമനത്തിന്റെ സമയം കൃത്യമായി പറഞ്ഞിട്ടില്ല.*

9. ആ ദിവസത്തെക്കുറിച്ചോ, മണിക്കൂറിനെക്കുറിച്ചോ പിതാവിനല്ലാതെ മറ്റാർക്കും, സ്വർഗ്ഗത്തിലെ ദൂതന്മാർക്കും പുത്രന് പോലുമോ, അറിഞ്ഞുകൂടാ (മത്താ 24,36).

10. കാരണം, രാത്രിയിൽ കള്ളനെന്നപോലെ കർത്താവിന്റെ ദിനം വരുമെന്ന് നിങ്ങൾക്ക് നന്നായി അറിയാം (1 തെസ്സ 5,2).

11. ഒരുമിച്ചു കൂടിയിരിക്കുമ്പോൾ അവർ അവനോട് ചോദിച്ചു: കർത്താവേ, അവിടുന്ന് ഇസ്രായേലിന് രാജ്യം പുനഃസ്ഥാപിച്ചു നൽകുന്നത് ഇപ്പോഴാണോ? അവൻ പറഞ്ഞു: പിതാവ് സ്വന്തം അധികാരത്താൽ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള സമയമോ കാലമോ നിങ്ങൾ അറിയേണ്ട കാര്യമില്ല (അപ്പ 1,6-7).

12. നിങ്ങളുടെ ക്ഷമാശീലം എല്ലാവരും അറിയട്ടെ. കർത്താവ് അടുത്തെത്തിയിരിക്കുന്നു (ഫിലി 4,5).

*വൈകുന്നതെന്ത്?*

13. കാലവിളംബരത്തെക്കുറിച്ച് ചിലർ വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ താമസം വരുത്തുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും അനുതപിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നതുകൊണ്ട് നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നുവെന്നേയുള്ളൂ (2 പത്രോ 3,9).

14. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദിനത്തിൽ നിങ്ങൾ കുറ്റമില്ലാത്തവരായിരിക്കേണ്ടതിന് അവസാനം വരെ അവിടുന്ന് നിങ്ങളെ പരിപാലിക്കും (1 കൊറി 1,8).

15. നിങ്ങൾ വിധിക്കപ്പെടാതിരിക്കാൻ എന്റെ സഹോദരരേ, ഒരുവൻ മറ്റൊരുവന് വിരോധമായി പിറുപിറുക്കരുത്. ന്യായാധിപൻ ഇതാ വാതിൽക്കൽ നിൽക്കുന്നു (യാക്കോ 5,9).

16. നിങ്ങളും ക്ഷമയോടെയിരിക്കുവിൻ. ദൃഢചിത്തരായിരിക്കുവിൻ. എന്തുകൊണ്ടെന്നാൽ കർത്താവിന്റെ ആഗമനം അടുത്തെത്തിയിരിക്കുന്നു (യാക്കോ 5,8).

www.malankaralibrary.com



17. നിങ്ങളും ഒരുങ്ങിയിരിക്കുവിൻ. എന്തെന്നാൽ പ്രതീക്ഷിക്കാത്ത മണിക്കൂറിലാണ് മനുഷ്യപുത്രൻ വരുന്നത് (ലൂക്കാ 12,20).

*പുനരാഗമനം വരെ നാം എന്തുചെയ്യണം.*

18. കുഞ്ഞുമക്കളേ, അവൻ പ്രത്യക്ഷനാകുമ്പോൾ നമുക്ക് ആത്മധൈര്യം ഉണ്ടായിരിക്കുവാനും അവന്റെ മുമ്പിൽ ലജ്ജിതരാകാതിരിക്കാനും വേണ്ടി അവനിൽ വസിക്കുവിൻ (1 യോഹ 2,28).

19. ആകയാൽ, നിങ്ങൾ മാനസികമായി ഒരുങ്ങി സമചിത്തതയുള്ളവരായിരിക്കുവിൻ. യേശുക്രിസ്തുവിന്റെ പ്രത്യാഗമനത്തിൽ നിങ്ങൾക്ക് ലഭിക്കാനിരിക്കുന്ന കൃപയിൽ പ്രത്യാശയർപ്പിക്കുകയും ചെയ്യുവിൻ (1 പത്രോ 1,13).

20. എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും ശമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കുകയും ചെയ്യും (അപ്പ 1,8).

21. യജമാനൻ വരുമ്പോൾ ഉണർന്നിരിക്കുന്നവരായി കാണുന്ന ഭൃത്യന്മാർ ഭാഗ്യവാന്മാർ. സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, അവൻ അരമുറുക്കി അവരെ ഭക്ഷണത്തിനിരുത്തുകയും അടുത്ത് ചെന്ന് അവരെ പരിചരിക്കുകയും ചെയ്യും (ലൂക്കാ 12,37).

22. യജമാനൻ വരുമ്പോൾ ജോലിയിൽ വ്യാപൃതനായി കാണപ്പെടുന്ന ഭൃത്യൻ ഭാഗ്യവാൻ (ലൂക്കാ 12,8).

23. എന്നാൽ ആദ്യം എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കപ്പെടേണ്ടിയിരിക്കുന്നു (മർക്കോ 13,10).

*ന്യായവിധിയും രക്ഷയും/ശിക്ഷയും*

24. ഇതാണ് ശിക്ഷാവിധി: പ്രകാശം ലോകത്തിലേക്ക് വന്നിട്ടും മനുഷ്യർ പ്രകാശത്തെക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു. കാരണം, അവരുടെ പ്രവൃത്തികൾ തിന്മ നിറഞ്ഞതായിരുന്നു (യോഹ 13,9).

25. എന്നാൽ, എന്നെ നിരസിക്കുകയും എന്റെ വാക്കുകൾ തിരസ്കരിക്കുകയും ചെയ്യുന്നവന് ഒരു വിധികർത്താവുണ്ട്. ഞാൻ പറഞ്ഞ വചനം തന്നെ അന്ത്യദിനത്തിൽ അവനെ വിധിക്കും (യോഹ 12,48).

26. അപ്പോൾ നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനായും തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തുവരും (യോഹ 5,29).

27. കാരുണ്യം കാണിക്കാത്തവന്റെ മേൽ കാരുണ്യരഹിതമായ വിധിയുണ്ടാകും. എങ്കിലും കാരുണ്യം വിധിയുടെ മേൽ വിജയം വരിക്കുന്നു (യാക്കോ 2,13).

www.malankaralibrary.com



28. വിധിദിനത്തിൽ നമുക്ക് ആത്മധൈര്യം ഉണ്ടാകുന്നതിന് സ്നേഹം നമ്മിൽ പൂർണ്ണത പ്രാപിച്ചിരിക്കുന്നു. എന്തെന്നാൽ ഈ ലോകത്തിൽ ത്തന്നെ നാം അവനെപ്പോലെയായിരിക്കുന്നു (യോഹ 4,17).

29. എന്തുകൊണ്ടെന്നാൽ ഓരോരുത്തരും തങ്ങളുടെ ശാരീരികതയിൽ ചെയ്തിട്ടുള്ള നന്മതിന്മകൾക്ക് പ്രതിഫലം സ്വീകരിക്കുന്നതിന് നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ വരണം (2 കോറി 5,10).

30. എന്നാൽ, ജീവിക്കുന്നവരെയും മരിക്കാനിരിക്കുന്നവരെയും വിധിക്കാനിരിക്കുന്നവന്റെ മുമ്പിൽ അവർ കണക്കുകൊടുക്കേണ്ടി വരും (1 പത്രോ 4,5).

31. പിതാവ് ആരേയും വിധിക്കുന്നില്ല. വിധി മുഴുവനും അവിടുന്ന് പുത്രനെ ഏൽപ്പിച്ചിരിക്കുന്നു (യോഹ 5,22).

32. അവന്റെ മുമ്പിൽ എല്ലാ ജനതകളും ഒരുമിച്ച് കൂട്ടപ്പെടും. ഇടയൻ ചെമ്മരിയാടുകളെ കോലാടുകളിൽ നിന്ന് വേർതിരിക്കുന്നതുപോലെ അവൻ അവരെ തമ്മിൽ വേർതിരിക്കും. അവൻ ചെമ്മരിയാടുകളെ തന്റെ വലതുവശത്തും കോലാടുകളെ ഇടതുവശത്തും നിർത്തും (മത്താ 25,32-33).

10. ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷയ്ക്ക് വിധിക്കാനല്ല. പ്രത്യുത അവൻ വഴി ലോകം രക്ഷ പ്രാപിക്കാനാണ് (യോഹ 3,17).

11. അവനിൽ വിശ്വസിക്കുന്ന ഒരുവനും ശിക്ഷയ്ക്ക് വിധിക്കപ്പെടുന്നില്ല. വിശ്വസിക്കാത്തവനോ, ദൈവത്തിന്റെ ഏകജാതന്റെ നാമത്തിൽ വിശ്വസിക്കായ്കമൂലം നേരത്തേതന്നെ ശിക്ഷയ്ക്ക് വിധിക്കപ്പെട്ടിരുന്നു (യോഹ 3,18).